بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 4

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജനുവരി 26/ഹി:ശം:1396 സ്വുൽഹ് 26/ഹി:ഖ: 1438 റ:ആഖിർ 27


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 16-12-2016ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഇസ്ലാമിനെ വിശ്വസിക്കുന്നതുകൊണ്ട് പ്രകാശത്തിന്റെ അരുവികൾ എന്റെയുള്ളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. ലോകത്ത് ഇസ്ലാം മാത്രമാണ് സത്യമതമെന്ന് എനിക്കു കാണിച്ചുതരികയും എന്നോടു പറയപ്പെടുകയും എനിക്ക് മനസ്സിലാക്കിത്തരികയും ചെയ്തിരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

*ഇസ്ലാമിനെ വിശ്വസിക്കുന്നതുകൊണ്ട് പ്രകാശത്തിന്റെ അരുവികൾ എന്റെയുള്ളിൽ ഒഴുകിക്കൊണ്ടിരിക്കുന്നത് ഞാൻ കാണുന്നു. നബി(സ) തിരുമേനിയോടു മാത്രമുള്ള സ്നേഹം കാരണത്താൽ ആ ഉന്നത നിലയിലുള്ള ദൈവഭാഷണവും ദുആയുടെ സ്വീകാര്യതയും എനിക്ക് കരസ്ഥമായിരിക്കുന്നു. സത്യവാനായ നബിയുടെ ശിഷ്യന്മാർക്കല്ലാതെ അത് മറ്റാർക്കും ലഭിക്കുന്നതല്ല. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ തുടങ്ങിയവർ തങ്ങളുടെ മിഥ്യയായ ആരാധ്യവസ്തുക്കളോട് ദുആ ചെയ്ത് ചെയ്ത് മരിച്ചാലും അവർക്ക് ഈ നില കരസ്ഥമാകുകയില്ല. മറ്റുള്ളവർ ഭാവനയിൽ വിശ്വസിക്കുന്ന ആ ദൈവവചനം ഞാൻ കേട്ടുകൊണ്ടിരിക്കുകുയും എനിക്കു കാണിച്ചുതരികയും എന്നോടു പറയപ്പെടുകയും എനിക്ക് മനസ്സിലാക്കിത്തരികയും ചെയ്തിരിക്കുന്നു. ലോകത്ത് ഇസ്ലാം മാത്രമാണ് സത്യമതമെന്നും ഇതെല്ലാം ഖാത്തമുൽ അമ്പിയാ(സ)യെ പിൻപറ്റിയതിന്റെ ബർക്കത്തുകൊണ്ട് നിനക്ക് കിട്ടിയതാണെന്നും എന്തൊന്ന് നിനക്ക് കിട്ടിയോ അതിന്റെ ഉദാഹരണം മറ്റു മതങ്ങളിൽ ഇല്ലെന്നും എന്നിൽ പ്രകടമാക്കപ്പെട്ടു. അവ മിഥ്യയിൽ നിലകൊള്ളുന്നതാണ് അതിനു കാരണം. ഏതെങ്കിലും ഒരു സത്യവിശ്വാസിയുണ്ടെങ്കിൽ അവൻ ഹിന്ദുവാകട്ടെ, ക്രിസ്ത്യാനിയാകട്ടെ, ആര്യയാകട്ടെ, യഹൂദിയാകട്ടെ, ബ്രഹ്മസമാജക്കാരനാകട്ടെ, അല്ലെങ്കിൽ മറ്റാരെങ്കിലുമാകട്ടെ അവന് നല്ലൊരു അവസരമാണ് കൈവന്നിരിക്കുന്നത്. അവൻ എനിക്കെതിരിൽ എഴുന്നേറ്റുനിൽക്കട്ടെ. അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നതിലും പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതിലും അവന് എന്നെ നേരിടാൻ കഴിയുകയാണെങ്കിൽ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു, പത്തായിരം രൂപ വിലമതിക്കുന്ന എന്റെ എല്ലാ സ്ഥാവരസ്വത്തുക്കളും അയാൾക്ക് നല്കുന്നതാണ്. അയാൾക്ക് സംതൃപ്തനാകുന്ന നിലയിൽ പിഴയും ഒടുക്കുന്നതാണ്." (ആയിനായെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ, വാല്യം 5, പേജ് 276).*

**2016ൽ നടന്ന 122-ാമത് ഖാദിയാൻ ജൽസാ സാലാനയുടെ റിപ്പോർട്ട്**
**(ജൽസ തുടങ്ങിയിട്ട് 125-ാമത് വർഷം)**

# അഹ്മദിയ്യാ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിച്ച വിജയകരവും അനുഗൃഹീതവുമായ 122-ാമത് ജൽസ സാലാന

*◆മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ മുഖേന അമീറുൽമുഅ്മിനീൻ സയ്യുദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായുടെ സമാപന പ്രഭാഷണം.*
*◆42 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. ◆14,242 അംഗങ്ങൾ പങ്കെടുത്തു.*
*◆അമീറുൽ മുഅമിനീന്റെ സമാപന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5230 അഹ്മദികൾ പങ്കെടുത്തു.*
*◆തഹജ്ജുദ് നമസ്കാരം. ◆ഖുർആൻ ദർസും ദൈവസ്മരണയാൽ നിറഞ്ഞ അന്തരീക്ഷവും. ◆ആദരണീയരായ ഉലമാന്റെ വൈജ്ഞാനികമായ പ്രഭാഷണങ്ങൾ. ◆സർവ്വമത സമ്മേളനം. ◆പരിചയപ്പെടുത്തിക്കൊണ്ടുള്ള അതിഥികളുടെ പ്രഭാഷണങ്ങൾ. ◆ദേശീയവും വിദേശീയവുമായ ഭാഷകളിൽ തൽസമയ തർജമ. ◆ജമാഅത്തംഗങ്ങളുടെ അറിവിൽ വർധനയുണ്ടാകുന്നതിന് വിവിധ ശിക്ഷണപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററി. ◆വൈജ്ഞാനികമായ എക്സിബിഷൻ. ◆നൗ മുബായീനും, അനുകൂലികൾക്കും വേണ്ടി തബ്ലീഗ് ജൽസ. ◆26 നിക്കാഹുകളുടെ വിളംബരം. ◆പ്രിന്റ് & ഇലക്ട്രോണിക് മീഡിയായിൽ ജൽസയുടെ വിശാലമായ പ്രചാരണം. ◆സമാധാനപരവും സന്തോഷകരവുമായ കാലാവസ്ഥയിൽ ജൽസയിലെ എല്ലാ പരിപാടികളുടേയും സമ്പൂർത്തീകരണം. ◆അൽഖലം പ്രൊജക്റ്റിന്റെ രൂപീകരണം. ◆ഇന്തൊനേഷ്യ അഹ്മദിയ്യാ ജമാഅത്തിൽനിന്ന് 183 അംഗങ്ങൾ ചാർട്ടഡ് ഫ്ളൈറ്റിൽ ജൽസയ്ക്കെത്തി.*

**പ്രവർത്തകരെ പരിശോധിക്കൽ:-** അൽഹംദുലില്ലാഹ്. 2016ലെ ഖാദിയാൻ ജൽസ സാലാനയുടെ ഭാഗമായ പ്രവർത്തകരെ പരിശോധിക്കൽ ഡിസംബർ 22ന് നടന്നു. അമീറുൽ മുഅ്മിനീന്റെ പ്രതിനിധി മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് നാളിർ അഅ്ലാ വ അമീർ മഖാമി ഖാദിയാൻ കൃത്യം 10 മണിക്ക് അഹ്മദിയ്യാ ഗ്രൗണ്ടിലെത്തി പ്രവർത്തകരെ ഹസ്തദാനം ചെയ്തു. ജൽസയുടെ പ്രവർത്തകർ കൃത്യസമയത്തിനു മുമ്പേ തന്നെ അണിയണിയായി നിന്നുകഴിഞ്ഞിരുന്നു. ഈ പരിപാടിയിൽ പങ്കെടുക്കാൻ സ്ത്രീകൾക്കും പർദയുടെ സംവിധാനം ചെയ്തിരുന്നു. അമീറുൽ മുഅ്മിനീന്റെ പ്രതിനിധിയോടൊപ്പം സ്റ്റേജിൽ അഫ്സർ ജൽസസാലാന ശുഅയ്ബ് അഹ്മദ്, അഫ്സർ ജൽസാ ഗാഹ് മുസ്സഫർ അഹ്മദ്, അഫ്സർ ഖിദ്മത്തെ ഖൽഖ് റഫീഖ് അഹ്മദ് ബേഗ്, ഹാഫിസ് മഖ്ദൂം ശരീഫ്, മുഹമ്മദ് നസീം ഖാൻ, നാഇബ് അഫ്സർ ജൽസാഗാഹ് താഹിർ അഹ്മദ് താരീഖ്. അബ്ദുൽ വക്കീൽ നിയാസ്, ഹാഫിള് മദ്ഹർ അഹ്മദ്, മദ്ഹർ അഹ്മദ് വസീം, എം. അബൂബക്കർ, ഹബീബുർ റഹ്മാൻ ഖാൻ, നാഇബ് അഫ്സറാൻ ജൽസ സാലാന ഫരീദ് അഹ്മദ് എഞ്ചിനീയർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. വിശുദ്ധഖുർആൻ പാരായണം മുറബ്ബി മുർശിദ് അഹ്മദ് ദാർ സാഹിബ് നിർവ്വഹിച്ചു. സൂറഃബഖറയിലെ അവസാന ഖണ്ഡികയാണ് തിലാവത്ത് ചെയ്തത്. അതിന്റെ തർജമയും കേൾപ്പിച്ചു.

അതിനുശേഷം അമീറുൽ മുഅ്മിനീന്റെ പ്രതിനിധി പ്രവർത്തകരെ സംബോധന ചെയ്തു. അദ്ദേഹം പറഞ്ഞു:"നമ്മുടെ ഈ ജൽസാ സാലാന ദൈവികമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അല്ലാഹു ഇതിനുവേണ്ടി ജനതകളെ തയ്യാറാക്കിയിരിക്കുന്നു. അവർ അടുത്തുതന്നെ ഇതിൽ വന്നുചേരുന്നതാണ്.' എല്ലാ അതിഥികളും അല്ലാഹുവിനുവേണ്ടി മാത്രം ഈ ജൽസയിൽ പങ്കെടുക്കാൻ വരുന്നവരാണ്. അതുകൊണ്ട് അവരുടെ സുഖസൗകര്യങ്ങൾ എല്ലാവിധത്തിലും ശ്രദ്ധിക്കേണ്ടത് നമ്മുടെ നിർബന്ധകടമയാണ്. നമ്മൾ ജൽസയുടെ തയ്യാറെടുപ്പിനുവേണ്ടിയാണ് ഇവിടെ സംഘടിച്ചിരിക്കുന്നത്. അല്ലാഹു നമുക്ക് കഴിവിന്റെ പരമാവധി ഈ ഉത്തരവാദിത്തം നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുന്നതിന് ദുആ ചെയ്യേണ്ട

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

താണ്."അദ്ദേഹം പറഞ്ഞു:'ജൽസയുടെ സുഗമമായ നടത്തിപ്പിന് മൂന്ന് വകുപ്പാണുള്ളത്. താമസവും ഭക്ഷണവും, ദർസ് വ തദ്‌രീസ്, ജൽസയുടെ പ്രഭാഷണങ്ങൾ തുടങ്ങിയവ. പിന്നീട് ഖിദ്മത്തെ ഖൽക്കക്ക് അഥവാ സൃഷ്ടിസേവനവും.'

ജൽസയുടെ ഡ്യൂട്ടികൾ സംബന്ധിച്ച ചില കാര്യങ്ങളിലേക്ക് അദ്ദേഹം പ്രവർത്തകരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു പറഞ്ഞു: 'എല്ലാ സന്നദ്ധപ്രവർത്തകരും തങ്ങളുടെ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണ്. പൂർണ ഉത്തരവാദിത്വത്തോടുകൂടി തങ്ങളുടെ കടമകൾ നിറവേറ്റേണ്ടതാണ്. അശ്രദ്ധ കാണിക്കുന്നവരെ സ്നേഹത്തോടെ സംഘാടകർ പറഞ്ഞുമനസ്സിലാക്കി കൊടുക്കേണ്ടതാണ്. നമുക്കുള്ള പ്രവർത്തനമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ ഉത്തരവാദിത്വത്തോടുകൂടി ഡ്യൂട്ടികൾ നിറവേറ്റുക എന്നത് എല്ലാ സന്നദ്ധസേവകരുടേയും നിർബന്ധകടമയാണ്. താമസ സ്ഥലങ്ങളിലെ മുറികളുടേയും ശൗചാലയങ്ങൾ തുടങ്ങിയവയുടേയും ശുചിത്വം ശ്രദ്ധിക്കേണ്ടതാണ്. അതിന് എപ്പോഴും മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കേണ്ടതാണ്.'

സെക്യൂരിറ്റിയെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ എപ്പോഴും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാറുണ്ട്. അതായത് ഈ വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. വിശ്വാസപരമായ വിവേകത്തോടുകൂടി ഡ്യൂട്ടികൾ നൽകുക. ഒരു അതിഥിക്കും ബുദ്ധിമുട്ടുണ്ടാവാതിരിക്കാൻ എല്ലാ ഡ്യൂട്ടികളും വളരെ സന്തോഷത്തോടുകൂടി നിറവേറ്റുക. എല്ലാ വകുപ്പുകളുടേയും സെക്രട്ടറിമാർ നാഇബ് സെക്രട്ടറിമാർ എന്നിവരിലാരെങ്കിലും എപ്പോഴും സ്ഥലത്തുണ്ടായിരിക്കേണ്ടതാണ്. ഇത് അഖിലേന്ത്യാ ജൽസയാണെങ്കിലും എല്ലാ വർഷവും വിവിധ ജനതകളിൽപെട്ട ആളുകളും ഇവിടെ വരുന്ന ദൃശ്യം നമ്മൾ കാണുന്നുണ്ട്. അതുകൊണ്ട് എല്ലാ സെക്രട്ടറിമാരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അവർക്ക് ഗൈഡ് ചെയ്യേണ്ടത് വളരെ വലിയ ഉത്തരവാദിത്വമാണ്. അമീറുൽ മുഅ്മിനീന്റെ ദുആകളും മാർഗദർശനങ്ങളും നമ്മോടൊപ്പമുണ്ട്. ആ മഹാത്മാവിൽനിന്ന് എല്ലാ വകുപ്പുകളേയും സംബന്ധിച്ച് വിശദമായ മാർഗദർശനം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ അല്ലാഹുവിന് നന്ദി പറയേണ്ടത് അത്യാവശ്യമാണ്. കാരണം അവൻ നമുക്ക് സേവനത്തിനുള്ള അവസരം നല്കി. പൂർണ ഉത്തരവാദിത്വത്തോടെ ഈ കുറച്ചു ദിവസങ്ങൾ കഴിച്ചുകൂട്ടുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുആ പങ്കെടുക്കുന്ന അതിഥികൾക്കും നമുക്കുമെല്ലാം പൂർത്തീകരിക്കപ്പെടുന്നതിന് അല്ലാഹുവിനോട് ദുആ ചെയ്യുക.'

അവസാനം അദ്ദേഹം അമീറുൽ മുഅ്മിനീന്റെ ജൽസ സാലാനയെ സംബന്ധിച്ച് പ്രതിപാദിച്ച നിർദ്ദേശങ്ങൾ വായിച്ചുകേൾപ്പിച്ചു. അത് അമീറുൽ മുഅ്മിനീൻ 2016 യു.കെ. ജൽസ സാലാനയുടെ അവസരത്തിൽ പ്രവർത്തകരെ പരിശോധിക്കുന്ന ഘട്ടത്തിൽ വിവരിച്ചതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'നമ്മൾ ചെയ്യുന്ന ജോലിയെല്ലാം അല്ലാഹുവിനുവേണ്ടിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്കുവേണ്ടിയാണ്. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ജോലി ചെയ്യുക എന്ന ഉദ്ദേശ്യത്തോടൊപ്പം നമ്മുടെ സ്വഭാവങ്ങളും നല്ലതായിരിക്കേണ്ടതാണ്. എപ്പോഴും നമ്മൾ മന്ദസ്മിതവദനരായി സേവനം ചെയ്യേണ്ടതാണ്. മനുഷ്യർ ചെയ്യുന്ന ജോലിയായതുകൊണ്ട് സംഘടനാപരമായ കുറവുകൾ ഉണ്ടാകും. പക്ഷേ, അത് മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങളും ഉണ്ടാകും. പക്ഷേ, എന്തായാലും നമ്മൾ നമ്മുടെ ജോലികളിൽ, നമ്മുടെ സജ്ജീകരണങ്ങളിൽ എളുപ്പവും അതുപോലെ മെച്ചപ്പെട്ടതുമായ കാര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടുപോകുന്നതുപോലെ നമ്മൾ നമ്മുടെ സ്വഭാവങ്ങളുടെ നിലവാരത്തേയും ഉയർത്തിക്കൊണ്ടുപോകേണ്ട ആവശ്യമുണ്ട്. പൊതുവെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ഉദ്യോഗസ്ഥരും സന്തോഷത്തോടുകൂടി ജോലി ചെയ്യുന്നവരാണ്. നിങ്ങളുടെ പ്രവർത്തനങ്ങളിൽ ജനങ്ങൾ ആകർഷിതരായിക്കൊണ്ടിരിക്കുന്നു. പക്ഷേ, ചിലപ്പോൾ ഒന്നോ അരയോ തെറ്റുകൊണ്ട് മുഴുവൻ ടീമിന്റേയും പ്രവർത്തനങ്ങളിൽ കറുത്തപാട് വീഴാനിടയുണ്ട്. അതുകൊണ്ട് എല്ലാ സഹായികളും എല്ലാ ഉദ്യോഗസ്ഥരും അസിസ്റ്റന്റുമാരും ഓഫീസർമാരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഏതെങ്കിലും അതിഥിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യവും ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ കുറച്ച് സമയത്തേക്കാണെങ്കിൽതന്നെയും സംഘടനാപരമായ മോശാവസ്ഥ കാണാൻ പാടില്ല. അതുകൊണ്ട് ഓരോ വ്യക്തിയും ഇത് ഓർമിക്കേണ്ടതാണ്. അവർ മന്ദസ്മിതവദനരായിക്കൊണ്ട് നല്ല സ്വഭാവത്തോടുകൂടി ഈ സേവനം ചെയ്യണം. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇതിന് തൗഫീഖ് നൽകുമാറാകട്ടെ.' സെക്യൂരിറ്റിയെ സംബന്ധിച്ച് പറഞ്ഞു: 'എല്ലാ ഉദ്യോഗസ്ഥന്മാരുടേയും നിർബന്ധകടമയാണ് അവരവരുടെ വകുപ്പിൽ എല്ലാ ഭാഗത്തും ദൃഷ്ടി പതിപ്പിക്കുക എന്നത്. നിസ്സാരമായ കാര്യംപോലും അവഗണിക്കരുത്. ഇക്കാലത്ത് അവഗണിക്കുകയാണെങ്കിൽ ചെറിയ ചെറിയ കാര്യം പോലും വലിയ നഷ്ടത്തിന് കാരണമായേക്കാം. ലോകത്ത് മനുഷ്യത്വത്തിന്റെ പേരിൽ വാദിച്ചുനടക്കുന്ന ചില യാളുകളുണ്ട്. അവർ ഇസ്‌ലാമിന്റെ പേരിൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. അവർ മനുഷ്യജീവനുകളെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവർ ചെറിയ ചെറിയ കുറവുകൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയെങ്കിലും അത് കണ്ടാൽ അവിടെ നഷ്ടമുണ്ടാക്കുന്നതിന്. എപ്പോഴും ഇതും ഓർമ്മവയ്ക്കേണ്ട ആവശ്യമുണ്ട്. കാരണം അവരവരുടെ വകുപ്പിൽ നമസ്കാര സമയങ്ങളിൽ ജമാഅത്തോടുകൂടി നമസ്കരിക്കാത്തവരായി ധാരാളം പ്രവർത്തകരുണ്ട്. ഓഫീസർമാർ ഇക്കാര്യത്തിൽ കർമങ്ങൾ ചെയ്യിക്കേണ്ടതാണ്. അവരുടെ വകുപ്പിൽ എവിടെയെല്ലാം ഓഫീസുകളുണ്ടോ അല്ലെങ്കിൽ അതിനടുത്ത് ഉദ്യോഗസ്ഥരുണ്ടോ അവർ ജോലി കഴിഞ്ഞാൽ ജമാഅത്തോടുകൂടി നമസ്കരിക്കേണ്ടതാണ്. കാരണം നമ്മുടെ ജോലി ദുആകൾ കൂടാതെ നടക്കില്ല. ഇക്കാര്യത്തിൽ നമുക്ക് എല്ലാവർക്കും എല്ലാ സമയവും ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്. ഇതാണ് നമ്മുടെ വിജയത്തിന്റേയും അഭിവൃദ്ധിയുടേയും രഹസ്യം. അതായത് അല്ലാഹുവിന്റെ കൃപ നമ്മോടൊപ്പമുണ്ടാകുന്നു. അല്ലാഹുവിന്റെ കൃപയെ ആകർഷിക്കുന്നതിന് അവന്റെ തിരുസന്നിധിയിൽ കുനിയേണ്ടതും നിർബന്ധമാണ്.' (അൽഫള്ൽ, ഇന്റർനാഷണൽ, 2016 ആഗസ്ത് 26, പേജ് 10)

പ്രവർത്തകരുടെ സ്ഥിതിഗതികൾ പരിശോധിക്കുക എന്ന പരിപാടി ദുആയോടുകൂടി അവസാനിച്ചു. ജൽസ സാലാനയുടെ ഡ്യൂട്ടികൾ ഔദ്യോഗികമായി തുടക്കം കുറിക്കുകയും ചെയ്തു.

**2016 ഡിസംബർ 26 തിങ്കളാഴ്ച ആദ്യ സെഷൻ:** രാവിലെ മൂടൽമഞ്ഞുണ്ടായിട്ടും അഹ്മദിയ്യത്തിന്റെ പ്രേമഭാജനങ്ങൾ ജൽസ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പേതന്നെ സെക്യൂരിറ്റിയുടെ എല്ലാ ഘട്ടങ്ങളിലൂടെയും കടന്ന് ക്ഷമയോടും സഹനത്തോടും കൂടി ജൽസ ഗാഹിൽ പ്രവേശിച്ചു. രാവിലെ കൃത്യം 10 മണി 5 മിനുട്ടായപ്പോൾ അമീറുൽ മുഅമിനീന്റെ പ്രതിനിധി മൗലാനാ ജലാലുദ്ദീൻ നയ്യർ സാഹിബ് സ്വദർ സ്വദർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ, അഹ്മദിയ്യത്തിന്റെ പതാക ഉയർത്തി ദുആ ചെയ്യിച്ചു. ഇതിനുശേഷം സ്റ്റേജിൽനിന്ന് മുദ്രാവാക്യം മുഴങ്ങി. ജൽസയിൽ സന്നിഹിതരായവർ ആവേശത്തോടെ ഏറ്റു പറഞ്ഞു.

മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ സ്വദർ സ്വദർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ഈ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വിശുദ്ധഖുർആന്റെ പാരായണത്തോടെ ജൽസ ആരംഭിച്ചു. ത്വാരിഖ് അഹ്മദ് ലോൺ സൂറത്തുൽ അമ്പിയായിലെ 20 മുതൽ 26 വരെയുള്ള വചനങ്ങൾ തിലാവത്ത് ചെയ്തു. അതിന്റെ തർജമയും കേൾപ്പിച്ചു. അതിനുശേഷം യോഗാധ്യക്ഷൻ സദസ്സിനെ അഭിസംബോധനചെയ്തു. ജൽസ സാലാനയിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേർന്നുകൊണ്ട് അദ്ദേഹം ജൽസ സാലാനയുടെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും വിവരിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ആദരണീയരായ ഖലീഫമാരുടെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യവും നമ്മുടെ ഉത്തരവാദിത്വങ്ങളും എന്ന വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. തന്റെ പ്രസംഗത്തിന്റെ അവസാനം 2016-ൽ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരതിന്റെ വാർഷിക ഇജ്തിമായുടെ അവസരത്തിൽ അമീറുൽ മുഅ്മിനീൽനിന്ന് ലഭിച്ച സന്ദേശം അദ്ദേഹം വായിച്ചുകേൾപ്പിച്ചു. ഇതിൽ അമീറുൽ മുഅ്മിനീൻ ഖിലാഫത്തിനോട് ശക്തമായ ബന്ധം സ്ഥാപിക്കുന്നതിന് ഉപദേശം നൽകിയിരുന്നു. പ്രസംഗത്തിന്റെ അവസാനത്തിൽ യോഗാധ്യക്ഷൻ ദുആയ്ക്ക് നേതൃത്വം നല്കി. അങ്ങനെ ജൽസയുടെ ആദ്യസെഷന് ആരംഭം കുറിച്ചു. അതിനുശേഷം ഖാലിദ് വലീദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പദ്യം

വൊ ദേഖ് താ ഹെ ഗയ്റോം സേ
ക്യോം ദിൽ ലഗാത്തേ ഹൊ
ജോ കുച്ച് ബുത്തോംമെ
പാത്തേ ഹൊ ഉസ്മെ വൊ ക്യാ നഹി

മനോഹരമായ ശബ്ദത്തിൽ ചൊല്ലികേൾപ്പിച്ചു. അതിനുശേഷം അഡീഷണൽ നാളിർ ദഅവത്തെ ഇലല്ലാഹ് ദക്ഷിണേന്ത്യ മൗലാനാ ളഹീർ അഹ്മദ് ഖാദിം ദൈവാസ്തിക്യം എന്ന വിഷയത്തിൽ (അല്ലാഹുവിന്റെ ഏകത്വവും ആഗോള മതങ്ങളും) പ്രസംഗിച്ചു. അദ്ദേഹം സൂറഃ ആലു ഇംറാനിലെ ആയത്ത് 65 ന്റെ വെളിച്ചത്തിൽ പറഞ്ഞു: 'ദൈവത്തെ തിരിച്ചറിയുന്നതിന് ഏറ്റവുമാദ്യം അവന്റെ സത്തയേയും അവന്റെ സവിശേഷഗുണങ്ങളേയും സംബന്ധിച്ചുള്ള അറിവ് കൈവരിക്കേണ്ടത് നിർബന്ധമാണ്.' അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിച്ചുകൊണ്ട് പറഞ്ഞു: 'യഥാർഥ തൗഹീദ് മൂന്നുതരത്തിലുണ്ട്. ഒന്ന് സത്തയുടെ അടിസ്ഥാനത്തിൽ, രണ്ട് സവിശേഷ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ, മൂന്ന് തന്റെ സ്നേഹത്തിന്റേയും സത്യസന്ധതയുടേയും നിർമലതയുടേയും അടിസ്ഥാനത്തിൽ ആരേയും അവനോടു പങ്കുചേർക്കാതിരിക്കൽ. എന്നല്ല മനുഷ്യൻ ദൈവത്തിൽ സ്വയം തന്നെ നഷ്ടപ്പെടുത്തുക. അദ്ദേഹം ഹിന്ദു മതത്തിന്റേയും ക്രൈസ്തവമതത്തിന്റേയും സിക്കിസത്തിന്റേയും ഇസ്‌ലാംമതത്തിന്റേയും വെളിച്ചത്തിൽ തൗഹീദ് വിവരിച്ചുകൊണ്ട് ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫത്തുൽ റാബിഅ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് എന്നിവരുടെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. പറഞ്ഞു: ലോകത്ത് സമാധാന സംസ്ഥാപനത്തിന് അത്യാവശ്യമായിട്ടുള്ളത് ഏകദൈവത്തിലുള്ള സമ്പൂർണ ദൃഢവിശ്വാസമാണ്. അതായത് ഏകദൈവ സിദ്ധാന്തം ഏറ്റുപറയൽ. പ്രസംഗത്തിന്റെ അവസാനത്തിൽ കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽനിന്ന് ഒരു ഉദ്ധരണിയും സമർപ്പിച്ചു.

ഈ യോഗത്തിലെ രണ്ടാമത്തെ പ്രസംഗം നാളിർ അഅ്‌ലാ വ അമീർ മഖാമി ഖാദിയാൻ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റേതായിരുന്നു. നബി(സ)ന്റെ ജീവചരിത്രം, നീതിയുടേയും ന്യായത്തിന്റേയും വെളിച്ചത്തിൽ എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹം മാഇദാ അധ്യായത്തിലെ ഒമ്പതാമത്തെ വചനം തിലാവത്ത് ചെയ്തു. എന്നിട്ട് പറഞ്ഞു: വിശുദ്ധഖുർആനിൽ നീതിക്കുവേണ്ടി ഉപയോഗിക്കപ്പെട്ടിരിക്കുന്ന രണ്ട് വാക്കാണ് 'അദ്‌ല്' 'ഖിസ്ത്'. തുല്യമായ നിലയിൽ രണ്ടാളുകളോട് പെരുമാറുന്നതിനാണ് 'അദ്‌ൽ' എന്നു പറയുന്നത്. 'ഖിസ്ത്' ഇതരരെ അഭിമുഖീകരിച്ചുകൊണ്ടുണ്ടാകുന്നതാണ്. നബി(സ) തിരുമേനിയുടെ നിയോഗത്തിനു മുമ്പേയുള്ള അവസ്ഥകളും അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും കാര്യങ്ങളും അദ്ദേഹം പറഞ്ഞു. പറഞ്ഞു: ആ കാട്ടറബികളെ നബി(സ) തിരുമേനി ദൈവമനുഷ്യരാക്കി ത്തീർത്തു. ഇതിന് ഉപോൽബലകമായി അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികളും അവതരിപ്പിച്ചു. ഇപ്രകാരംതന്നെ കുടുംബജീവിതത്തിലെ നബി(സ)തിരുമേനിയുടെ ന്യായവും നീതിയും ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖദീജയുടെയും ഹദ്റത്ത് സഫിയയുടെയും സാക്ഷ്യം സമർപ്പിക്കുകയുണ്ടായി. പരിശുദ്ധരായ ഭാര്യമാരോട് സന്തോഷത്തോടും സ്നേഹത്തോടുംകൂടിയുള്ള പെരുമാറ്റത്തെക്കുറിച്ച് വിവരിച്ചു. അദ്ദേഹം നബി(സ) തിരുമേനിയുടെ പരിശുദ്ധ ജീവചരിത്രത്തിൽനിന്ന് ന്യായത്തേയും നീതിയേയും സംബന്ധിച്ച് ഈമാൻ ദൃഢീകരിക്കുന്ന ചില സംഭവങ്ങളും വിവരിക്കുകയുണ്ടായി. പറഞ്ഞു: ഇന്ന് നീതിയും ന്യായവും നിലനിറുത്തേണ്ട ഉത്തരവാദിത്വം അഹ്മദികളായ നമുക്കാണ്. തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ അദ്ദേഹം 'ഗവർമെന്റ് അംഗ്രേസി ഔർ ജിഹാദ്' എന്ന ഗ്രന്ഥത്തിൽനിന്ന് ഒരു ഉദ്ധരണി കേൾപ്പിച്ചു. അതിനുശേഷം കിർഗിസ്ഥാൻ അഹ്മദിയ്യ ജമാഅത്തിന്റെ പ്രതിനിധി ഉഥ്മാൻ ത്വലായി ബേഗ് സാഹിബ് തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പ്രസംഗിച്ചു. അദ്ദേഹം അവിടെയുണ്ടായ ഒരു ശഹാദത്തിനെ സ്മരിച്ചുകൊണ്ട് കിർഗിസ്ഥാനിൽ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചു. പിന്നീട് യോഗാധ്യക്ഷന്റെ അനുവാദത്തോടെ ജൽസ സമാപിച്ചു.

**ആദ്യദിവസം രണ്ടാമത്തെ സെഷൻ:** ആദ്യദിവസത്തിന്റെ രണ്ടാമത്തെ യോഗത്തിന്റെ അധ്യക്ഷൻ നാളിർ അഅ്‌ലാ വ അമീർ മഖാമി ഖാദിയാൻ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറിയായിരുന്നു. ഹാഫിള് നയീം പാഷാ സാഹിബ് സൂറത്ത് സഫ്ഫിലെ ഏഴു മുതൽ പത്ത് വരെയുള്ള വചനങ്ങൾ പാരായണം ചെയ്തു. തർജമയും കേൾപ്പിക്കുകയുണ്ടായി. തുടർന്ന് സയ്യിദുനാ മസീഹ് മൗഊദ്(അ)ന്റെ

ശേഷം പേജ് 7ൽ

# ഖുത്ബ ജുമുഅ

**റബീഉൽഅവ്വൽ മാസത്തിലാണ് നമ്മുടെ നബി(സ)തിരുമേനി ജനിച്ചത്. പക്ഷേ, മുസ്‌ലീംകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരംതന്നെ! മനുഷ്യകുലത്തിന് നന്മചെയ്യുന്നയാളും മുഴുലോകത്തിനും കാരുണ്യവാനുമായ വ്യക്തിയുടെ ജന്മദിനത്തിന്റെ സന്തോഷത്തിലാണ് അവർ ഈ ദിവസം ആഘോഷിക്കുന്നത്. പക്ഷേ, മുസ്‌ലീംകൾ പരസ്പരം ഖുലൂബുഹും ശത്താ(അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്)എന്നതിന്റെ പ്രതീകമായിരിക്കുകയാണ്. ഭൂരിഭാഗവും പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. നൂറുക്കണക്കിന് മുസ്‌ലീംകൾ മുസ്‌ലീംകളുടെ കൈയാൽ അറുകൊല ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ള വാർത്തകൾ നിത്യവും വന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിലാണ് അറുകൊല ചെയ്തുകൊണ്ടിരിക്കുന്നത്.**

**നബി(സ) തിരുമേനി ഈ അവസ്ഥ വരച്ചുകാണിച്ചുകൊണ്ടു പറഞ്ഞു, ഈ അവസ്ഥയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വേദനിക്കുന്ന മുസ്‌ലീകംകൾ നിരാശരാവരുത്. അത്തരം സമയത്ത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും വരുന്നതായിരിക്കും. അദ്ദേഹം തന്റെ യജമാനരുടെ സമ്പൂർണനായ ദാസനെന്ന നിലയിൽ മുസ്‌ലീംകൾക്കും അമുസ്‌ലീംകൾക്കും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുകൊടുക്കുന്നതാണ്. ഇസ്‌ലാമിന്റെ മനോഹരവും തെളിമയാർന്നതുമായ അധ്യാപനത്താൽ ലോകത്തെ പ്രകാശിപ്പിക്കുന്നതാണ്. വീണ്ടും ഉമ്മത്തെ വാഹിദ ആക്കുന്നതാണ്.**

**നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നും നബി(സ)തിരുമേനിയിൽ ശരീഅത്ത് പൂർത്തിയായി കഴിഞ്ഞിരിക്കുന്നുവെന്നുമുള്ളത് എല്ലാ മുസ്‌ലീംകളുടേയും അഖീദ അഥവാ വിശ്വാസമാണ്. അതിൽ പൂർണമായി വിശ്വസിക്കാതെ മുസ്‌ലീംകൾ, മുസ്‌ലീംകളെന്ന് പറയപ്പെടുകയില്ല. പക്ഷേ, ഈ ഫിത്നയുണ്ടാക്കുന്ന മൗലവി അഹ്മദികൾ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കാത്തവരാണെന്ന് പറഞ്ഞ് സാധാരണക്കാരുടെ വികാരങ്ങളെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിന് ഇന്നാ ലില്ലാഹ് എന്ന് ചൊല്ലി ലഅ്നത്തുല്ലാഹി അലൽകാദിബീൻ എന്നു പറയുകയല്ലാതെ ഒരു നിർവാഹവുമില്ല. അഹ്മദി എന്നു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാത്തവൻ ഫാസിഖും ഫാജിറും-ആജ്ഞാലംഘകനും പാപിയും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തായവനുമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അത്തരം വ്യക്തിയുമായി ഒരു ബന്ധവുമില്ല.**

**നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ, ഉലമാഇന്റേയും മഹാത്മാക്കളുടേയും ഉദ്ധരണികൾ, പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനപ്രദവും ഉൾക്കാഴ്ചാഭരിതവുമായ നിർദേശങ്ങളുടെ വെളിച്ചത്തിൽ ഖത്തമുന്നുബുവ്വത്തിന്റെ വിശദീകരണം, നബി(സ)തിരുമേനിയുടെ അത്യുന്നതസ്ഥാനും തുടങ്ങിയവയെ കുറിച്ചുള്ള ചർച്ച**

**റബീഉൽഅവ്വൽ 12 നെ ഉദ്ധരിച്ചുകൊണ്ട് രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്തമുന്നുബുവ്വത്തിന്റേയും പേരിൽ പാക്കിസ്താനിൽ കുറച്ചു ദിവസം മുമ്പേ ദോൽമിയാലിൽ ഗുണ്ടകളും മൗലവിമാരും ചേർന്നുകൊണ്ട് ജാഥ നടത്തി. നമ്മുടെ മസ്ജിദിനുമേൽ ആക്രമണം നടത്തുകയും ചെയ്തു.**

**ലോകം മുഴുവൻ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നബിചരിത യോഗങ്ങൾ നടത്തുകയും മുസ്‌ലീംകൾക്കും അമുസ്‌ലീംകൾക്കും റഹ്മത്തുല്ലിൽ ആലമീനെ പരിചയപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിന് സൽഫലമുണ്ടാകുകയും ചെയ്തതിനെ സംബന്ധിച്ചുള്ള ചർച്ച.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 16-12-2016/1395 നുബുവ്വത്ത് 16**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ഇസ്‌ലാമിക മാസമായ റബീഉൽഅവ്വലിലൂടെയാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക ലോകം പ്രത്യേകിച്ച് പാക്കിസ്താനിലും ഇന്ത്യയിലും വമ്പിച്ച നിലയിൽ നബിദിനം ആഘോഷിക്കപ്പെടുന്നത് ഈ മാസം 12ന് നബി(സ)തിരുമേനി ജനിച്ചതുകൊണ്ടാണ്. ഇതാണ് ഒരു ഗവേഷണം പറയുന്നത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: "മിസ്റുകാരനായ ഒരു പണ്ഡിതന്റെ ഗവേഷണമനുസരിച്ച് റബീഉൽ അവ്വൽ 9നാണ് നബി(സ)തിരുമേനി ജനിച്ചത്."(സീറത്ത് ഖാത്തമുന്നബിയ്യീൻ സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 93)

എന്തായാലും റബീഉൽഅവ്വൽ മാസത്തിലാണ് നമ്മുടെ നബി(സ)തിരുമേനി ജനിച്ചതെന്നതിൽ സംശയമില്ല. പക്ഷേ, മുസ്‌ലീംകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരംതന്നെ! മനുഷ്യകുലത്തിന് നന്മചെയ്യുന്നയാളും മുഴുലോകത്തിനും കാരുണ്യവാനുമായ വ്യക്തിയുടെ ജന്മദിനത്തിന്റെ സന്തോഷത്തിലാണ് അവർ ഈ ദിവസം ആഘോഷിക്കുന്നത്. എന്നാൽ, മുസ്‌ലീംകൾ പരസ്പരം *ഖുലൂബുഹും ശത്താ*(അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്)എന്നതിന്റെ പ്രതീകമായിരിക്കുകയാണ്. അല്ലാഹു (59:15)മുസ്‌ലീംകളുടെ പരസ്പരമുള്ള ബന്ധങ്ങളിൽ *റുഹമാഉ ബയ്നഹും*(48:30) 'പരസ്പരം ഒരുപാട് കരുണ കാണിക്കുന്നവരാണ്'എന്ന പ്രത്യേകതയാണ് വിവരിച്ചിരിക്കുന്നത്. പക്ഷേ, ഈ കാരുണ്യം വിദൂരമായ കാര്യമാണ്. ഭൂരിഭാഗവും പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. നൂറുക്കണക്കിന് മുസ്‌ലീംകൾ മുസ്‌ലീംകളുടെ കൈയാൽ അറുകൊല ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ള വാർത്തകൾ നിത്യവും വന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം മുസ്‌ലിമിനെ വധിക്കുക എന്നത് അല്ലാഹുവും അവന്റെ റസൂലും കഠിനമായി വെറുത്ത കാര്യമാണ്. സ്വന്തമായ നിലയിൽ ചെയ്യുന്നെങ്കിൽ ചെയ്തുകൊള്ളുക. പക്ഷേ, ഇക്കാര്യം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിലാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ആ അല്ലാഹു റബ്ബുൽആലമീനാണ്. അവൻ റഹ്മാനാണ്. റഹീമാണ്. ആ റസൂൽ റഹ്മത്തുല്ലിൽആലമീനാണ്. ആ മഹാത്മാവിന്റെ പേരിൽ അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ഉദഹരണങ്ങൾ സ്ഥാപിച്ച് നിരാലംബരേയും സ്ത്രീകളേയും കുട്ടികളേയും നിരാപരാധികളേയും ഭവനരഹിതരാക്കിക്കൊണ്ടിരിക്കുന്നു. വസ്ത്രമില്ലാതെയും വിശപ്പടക്കാൻ കഴിയാതെയുമുള്ള അവസ്ഥകളിൽ അവരെ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ ഇതെല്ലാം അങ്ങേയറ്റം അപമര്യാദയോടും ലജ്ജായില്ലാതെയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു മുസൽമാനെ മനഃപ്പൂർവം കൊല്ലുന്നത് നിങ്ങളെ നരകത്തിൽ കൊണ്ടുപോകുമെന്ന് അല്ലാഹു പറയുന്നു. ഏതെങ്കിലും നിരപരാധിയെ കൊന്നാൽ നിങ്ങൾ നരകത്തിന്റെ തീയിൽനിന്ന് രക്ഷപ്പെടുകയില്ല. പക്ഷേ, ഈ മതപരമായ ജാമ്യക്കാരും സ്വാർഥതൽപരരുമായ നേതാക്കന്മാർ സാധാരണക്കാരും അറിവു കുറഞ്ഞവരുമായ മുസ്‌ലീംകളെ സ്വർഗം മോഹിപ്പിച്ച് ഇത്തരത്തിലുള്ള പ്രവൃത്തികളിൽ തള്ളിയിട്ടുകൊണ്ടുപോകുകയാണ്. ഇസ്‌ലാമിന് എത്രത്തോളം അവർ ചീത്തപ്പേരുണ്ടാക്കിയിരിക്കുന്നുവെന്നാൽ ഇന്ന് അമുസ്‌ലിം ലോകത്ത് ഇസ്‌ലാമിന്റെ പേരിനെ സംബന്ധിച്ച് ആദ്യമുണ്ടാകുന്ന സങ്കല്പം, അമുസ്‌ലീംകളുടെ മനസ്സിൽ തിളച്ചുപൊന്തിവരുന്നത് അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും സങ്കല്പമാണ്. ഈ നാമമാത്ര മുസ്‌ലിം ലീഡർമാർ സംഘടിച്ച്, അല്ലെങ്കിൽ ഉലമാ സംഘടിച്ച് ഒരു കൂട്ടർ മറ്റൊരു കൂട്ടരെ സഹായിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. അല്ലാഹുവും അവന്റെ റസൂലും അതിനെതിരിൽ കല്പന തന്നിട്ടുള്ളതാണ്.

അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: മുസ്‌ലീംക

ളുടെ അവസ്ഥ അങ്ങനെയാകുകയും അവരുടെ മനസ്സ് പരസ്പരം പൊട്ടിപ്പിളരുകയും ഖുലൂബുഹും ശത്താ യുടെ അവസ്ഥ ഉണ്ടാകുകയും ചെയ്യുമ്പോൾ മുസ്‌ലീം കൾ പരസ്പരം കഴുത്തറുക്കുന്നതാണ്. മുസ് ലീംകൾ നാമധാരികളായ ഉലമാഇന്റെ അടുക്കൽ- അവരുടെ പക്കൽ ഹിദായത്തുണ്ടെന്നു കരുതി പോകുന്നതാണ്. അപ്പോൾ ആ ഉലമാഇന്റേയും അവസ്ഥ അതുതന്നെ യായിരിക്കും. അവരും അല്ലാഹുവിൽനിന്ന് ജനങ്ങളെ അകറ്റിക്കൊണ്ടുപോകുന്ന പ്രവർത്തനങ്ങളിൽ മുഴുകി യിരിക്കുന്നതായിരിക്കും. എന്നല്ല സാധാരണക്കാരെ ക്കാൾ അധഃപതിച്ചവരായിരിക്കും. നബി(സ)തിരുമേനി പറയുകയുണ്ടായി *ഉലമാഉഹും ശർറുമ്മൻ തഹ്ത്ത അദീമിസ്സമാഇ* അതായത് ഉലമാ ആകാശത്തിൻ കീഴി ൽ ഏറ്റവും നികൃഷ്ട ജീവികളായിരിക്കും. (അൽജാ മിഉ ലിശഅ്ബിൽ ഈമാൻ, ബയ്ഹഖി വാള്യം 3പേ ജ് 317-318 ഹദീഥ് 1763 മക്തബത്തുർറുശ്ദ് ബേറൂത്ത് 2004)എന്തുകൊണ്ട്? പറഞ്ഞു, അവർ ഫിത്ന ഉണ്ടാ ക്കുന്നവരായിരിക്കും. അവരിൽനിന്ന് ഫിത്ന പുറപ്പെ ടുന്നതാണ്. ഇതാണ് നമ്മൾ ഇന്ന് ഭൂരിഭാഗം ഉലമാ ഇലും കാണുന്നത്. തീയണയ്ക്കുന്നതിനു പകരം തീ കൊളുത്തുന്നവരായിത്തീർന്നിരിക്കുന്നു. അതിനാൽ, നബി(സ) തിരുമേനി ഈ അവസ്ഥ വരച്ചുകാണിച്ചു കൊണ്ടു പറഞ്ഞു, ഈ അവസ്ഥയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വേദനിക്കുന്ന മുസ്‌ലീംകൾ നിരാശരാ വരുത്. അത്തരം സമയത്ത് മസീഹ് മൗഊദും മഹ് ദിയെ മഅ്ഹൂദും വരുന്നതായിരിക്കും. അദ്ദേഹം തന്റെ യജമാനരുടെ സമ്പൂർണ്ണനായ ദാസനെന്ന നിലയിൽ മുസ്‌ലീംകൾക്കും അമുസ്‌ലീംകൾക്കും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുകൊടുക്കുന്നതാണ്. ഇസ്‌ലാമിന്റെ മനോഹരവും തെളിമയാർന്നതുമായ അധ്യാപനത്താൽ ലോകത്തെ പ്രകാശിപ്പിക്കുന്നതാ ണ്. വീണ്ടും ഉമ്മത്തെ വാഹിദ ആക്കുന്നതാണ്. പ ക്ഷേ, ഞാൻ പറഞ്ഞതുപോലെ ഉലമാ ഇക്കാര്യത്തെ നിഷേധിക്കുന്നവരാണ്. അവർ ജനങ്ങൾക്കും സാധാ രണ മുസ്‌ലീംകൾക്കും തെറ്റായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കലഹങ്ങളുടെ അവസ്ഥ ഉണ്ടാക്കാൻ ശ്രമി ക്കുന്നു. ജനങ്ങളുടെ വികാരങ്ങൾകൊണ്ട് കളിക്കുന്നു. അടിസ്ഥാനരഹിതമായ കാര്യങ്ങൾ കുഴപ്പങ്ങളുണ്ടാ ക്കുന്നതിന് അവർക്ക് പറഞ്ഞു കൊടുക്കുന്നു.

നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നും നബി(സ)തിരുമേനിയിൽ ശരീഅത്ത് പൂർത്തിയായി കഴിഞ്ഞിരിക്കുന്നുവെന്നുമുള്ളത് എല്ലാ മുസ്‌ലീംകളു ടേയും അഖീദ അഥവാ വിശ്വാസമാണ്. അതിൽ പൂ ർണമായി വിശ്വസിക്കാതെ മുസ്‌ലീംകൾ, മുസ്‌ലീംക ളെന്ന് പറയപ്പെടുകയില്ല. പക്ഷേ, ഈ ഫിത്നയുണ്ടാ ക്കുന്ന മൗലവി അഹ്മദികൾ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കാത്തവരാണെന്ന് പറഞ്ഞ് സാധാരണക്കാ രുടെ വികാരങ്ങളെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിന് ഇന്നാ ലില്ലാഹ് എന്ന് ചൊല്ലി ലഅ്നത്തുല്ലാഹി അലൽകാദിബീൻ എന്നു പറയുകയല്ലാതെ ഒരു നിർവാ ഹവുമില്ല. അഹ്മദി എന്നു പറഞ്ഞുകൊണ്ട് നബി(സ) തിരുമേനി ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാ ത്തവൻ ഫാസിഖും ഫാജിറും-ആജ്ഞാലംഘകനും പാ പിയും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തായവ നുമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അത്തരം വ്യക്തിയുമായി ഒരു ബന്ധവുമില്ല. എന്നാൽ, അഹ്മദി, ഖത്തമുന്നുബുവ്വത്തിന് നബി(സ)തിരുമേനി നല്കിയ നിർവചനമാണ് തീർച്ചയായും നല്കുന്നത്. അത് വിശുദ്ധ ഖുർആനിലും അല്ലാഹു വിവരിച്ചിട്ടുള്ളതാണ്. ഇനി നബി(സ)തിരുമേനിയുടെ ദാസത്വത്തിലല്ലാതെ അവിടന്ന് കൊണ്ടുവന്ന ശരീഅത്തിനു വെളിയിൽനിന്ന് ഒരു നബിയും വരികയില്ല.

ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്കർ ഈ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠനായ മനുഷ്യനാണ്; നബിയുണ്ടായാലൊഴികെ. (കൻസുൽ ഉമ്മാൽ വാള്യം 11 പേജ് 251 കിതാബുൽ ഫളായിൽ അസ്സ്വഹാബത്തു ഫള്‌ലുഹും ഹദീഥ് 32575 മത്ബൂഅ ദാറുൽ കുതുബുൽഇൽമിയ്യ ബേറൂത്ത് 2004)

നബി(സ)തിരുമേനി ഒരിക്കലും നുബുവ്വത്തിന്റെ വഴി അടച്ചിട്ടില്ല. പക്ഷേ, നബി(സ)തിരുമേനിയുടെ വൃത്തത്തിനു വെളിയിൽനിന്ന് ഒരു നബിയും വരിക യില്ല. ഒരു പുതിയ ശരീഅത്തും വരികയില്ല. ഞങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യെ മസീഹ് മഹ്ദി എന്ന നിലയിൽ നബിയായി വിശ്വസി ക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയുടെ സമ്പൂർണ ദാസത്വത്തിൽവച്ചുകൊണ്ടാണ് വിശ്വസിക്കുന്നത്. ഇതു തന്നെയായിരുന്നു പഴയകാല ഉലമാഇന്റേയും വിശ്വാ സം. ശാഹ് വലിയുല്ലാഹ് ദഹ്‌ലവി തന്റെ ഗ്രന്ഥമായ തഫ്ഹീമാത്തേ ഇലഹിയായിൽ എഴുതുന്നു: 'നബി എന്നിൽ അവസാനിപ്പിക്കപ്പെട്ടു' (എന്ന വാക്യം നബി (സ) തിരുമേനിയുടേതാണ്. ഇതിന്റെ ഉദ്ദേശ്യം അല്ലാഹു ആളുകളെ ശരീഅത്തുമായി അയക്കുകയില്ലെന്നാണ്). ശാഹ് വലിയുല്ലാഹ് ദഹ്‌ലവി തഫ്ഹീമാത്തെ ഇലഹി യ്യാ, വാള്യം 2, പേജ് 55, ഹൈദ്‌രി പ്രസ്, ലാഹോർ, 1967). ഇതിന്റെ ഉദ്ദേശ്യം ന്യായപ്രമാണവാഹിയായി ക്കൊണ്ട് ഒരു പ്രവാചകനും വരികയില്ലെന്ന് മാത്രമാ ണ്. ന്യായപ്രമാണമില്ലാതെ നബിക്ക് വരാവുന്നതാണ്.

ഇപ്രകാരംതന്നെ ഹദ്റത്ത് ആയിശ(റ) പറയുന്നു: 'നബി(സ)തിരുമേനി ഖാത്തമുൽഅമ്പിയ ആണെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. എന്നാൽ, ആ മഹാത്മാ വിനുശേഷം ഒരു നബിയും വരികയില്ലെന്ന് നിങ്ങൾ പറയരുത്.' (അദ്ദുർറുൽ മൻഥൂർ, വാള്യം 5, പേജ് 204, തഫ്സീർ സൂറത്തുൽഅഹ്സാബ്, പ്രസ് ദാറുൽ മഅ് രിഫ ബേറൂത്ത്)

ഞങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാ ദിയാനി(അ)യെ മസീഹ് മൗഊദ് എന്ന് വിശ്വസിച്ചു കൊണ്ട് അദ്ദേഹത്തിന് നബിയുടെ പദവി നല്കുന്നു വെങ്കിൽ നബി(സ)തിരുമേനിയുടെ ദാസത്വം കൊ ണ്ടാണത്. അതിനാൽ, അഹ്മദി അല്ലെങ്കിൽ ഇവർ പ റയുന്ന ഖാദിയാനി മിർസാ ഗുലാം അഹ്മദ്(അ)നെ നബിയെന്ന് വിശ്വസിക്കുന്നുവെന്ന് പറഞ്ഞ് ഉലമാ ഇട യ്ക്കിടെ സാധാരണക്കാരനെ പ്രകോപിപ്പിച്ചുകൊണ്ട ണ്ടിരിക്കുകയാണ്. അവർ പറയുന്ന കാര്യങ്ങൾ ഫിത്ന ഉണ്ടാക്കുന്നതിനല്ലാതെ മറ്റൊന്നിനുമല്ല.

ഖത്തമന്നുബുവ്വത്തിന്റെ 90 വർഷത്തെ -ഇപ്പോൾ ആ പ്രശ്നത്തിന് 125 വർഷമായി-പ്രശ്നം പരിഹരിച്ച് പാക്കിസ്താൻ സർക്കാർ നിയമം പാസാക്കിയ കാല ഘട്ടത്തിൽ അത് അവർക്ക് വലിയ 'അഭിമാന'മായിരു ന്നു. ഇക്കാര്യത്തിൽ പാക്കിസ്താനിലെ ഉലമായും ചില സർക്കാർ ഏജന്റുമാരും ജനങ്ങളുടെ വികാരങ്ങളെ പ്ര കോപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് നബി(സ) തിരുമേനി പ്രവചനം ചെയ്തിരുന്ന അവരുടെ അവസ്ഥ. സാധാരണ മുസ്‌ലിംകൾ, തങ്ങളുടെ ഉലമാ പറയുന്ന കാര്യങ്ങൾ കേൾക്കുന്നതിനു പകരം നബി(സ) തിരു മേനി പ്രവചനം ചെയ്തിരുന്ന പരിഷ്കർത്താവിനെ ഇക്കാലഘട്ടം ആഗ്രഹിക്കുന്നുണ്ടോ എന്നാണ് നോ ക്കേണ്ടത്. തീർച്ചയായും മുസ്‌ലിംകളെ ഒരൊറ്റ സമൂ ഹമാക്കേണ്ടുന്ന കാലഘട്ടമാണിത്. തന്റെ വാഗ്ദാനം അല്ലാഹു പൂർത്തിയാക്കുകയും ചെയ്തു. നബി(സ) തിരുമേനിയുടെ പ്രവചനം പുലർന്നുകഴിഞ്ഞിരിക്കുന്നു. പക്ഷേ, ഈ ഉലമാ വിശ്വസിക്കുകയില്ല. കാരണം അവ രുടെ ഭക്ഷണം അവരുടെ മിമ്പറുമായി ബന്ധപ്പെട്ടിരി ക്കുന്നു. അതവരുടെ കൈയിൽനിന്നും പൊയ്പോകും. അതുകൊണ്ട് ഇവർ മുസ്‌ലിംകളേയും പ്രകോപിപ്പിക്കു ന്നവരാണ്. പാക്കിസ്താനിൽ ഞാൻ പറഞ്ഞതുപോലെ രാജ്യത്തിന്റെ നിയമവും അവരെ തുറന്നുവിട്ടിരിക്കുക യാണ്. അതുകൊണ്ട് ഇടയ്ക്കിടെ അഹ്മദികൾക്കെ തിരെ ഈ ആരോപണം കാരണത്താൽ ജാഥകളും ചീത്തപറച്ചിലുമൊക്കെ നടന്നുവരുന്നു. പക്ഷേ, ഈ ദുസ്വഭാവങ്ങൾക്കും ഈ രീതികൾക്കും ആ മൗലവി മാർക്ക് ആശംസകൾ! ഇവർക്ക് ഇതൊക്കെ പറയാൻ കഴിയും. പക്ഷേ അഹ്മദികൾക്ക് ഇത്തരം നിരർഥമായ കാര്യങ്ങളുമായി പോരാടാൻ സാധ്യമല്ല.

റബീഉൽഅവ്വൽ 12 നെ ഉദ്ധരിച്ചുകൊണ്ട് രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്തമുന്നുബുവ്വത്തിന്റേയും പേരിൽ പാക്കിസ്താനിൽ കുറച്ചു ദിവസം മുമ്പേ(ഇത് നാലു ദിവസം മുമ്പേയായിരുന്നു) ദോൽമിയാലിൽ ഗുണ്ടകളും മൗലവിമാരും ചേർന്നു ജാഥ നടത്തുകയും നമ്മുടെ മസ്ജിദ് ആക്രമിക്കുകയും ചെയ്തു. മസ്ജി ദിനുള്ളിൽ അഹ്മദികളുണ്ടായിരുന്നു. അവർ ഉള്ളിൽ കടക്കാൻ സമ്മതിച്ചില്ല. വാതിൽ അടച്ചിരിക്കുകയായി രുന്നു. പക്ഷേ, പോലീസ് പറഞ്ഞതുകൊണ്ട് അഹ്മദി കൾ വാതിൽ തുറന്നു. തങ്ങൾ മസ്ജിദ് സംരക്ഷിക്കു മെന്നുള്ള പോലീസുകാരുടെ ജാമ്യത്തിലാണ് വാതിൽ തുറന്നത്. ആ നേരത്ത് ഈ കലാപകാരികൾ മസ്ജി ദിൽ കടന്നു. പോലീസ് ഒരു ഭാഗത്തേക്കു മാറി. പിന്നീട് അവർ മസ്ജിദിലെ സാധനസാമഗ്രികൾ വെളിയിലിട്ട് കത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ സങ്കല്പത്തിൽ ഇസ്‌ലാമിന് 'വൻസേവനം' ചെയ്തുവത്രെ!

എന്തായാലും നമ്മൾ നിയമവുമായി പോരാടാൻ പാ ടില്ല. നമ്മൾ പോരാടാറുമില്ല. ഭൗതിക വസ്തുക്കളെ സംബന്ധിച്ചിടത്തോളം നമ്മൾക്കത് ഒരു പ്രശ്നവുമ ല്ല. ശരിതന്നെ! നിങ്ങൾ നഷ്ടം വരുത്തിക്കൊള്ളുക. എന്നാൽ, നബി(സ)തിരുമേനിയിലുള്ള സമ്പൂർണ വി ശ്വാസത്തിന്റേയും തൗഹീദിനെ ഞങ്ങളുടെ മനസ്സുക ളിൽ നാട്ടുന്നതിന്റേയും പ്രശ്നമാണെങ്കിൽ ഞങ്ങൾക്ക് ഞങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും അതിൽനിന്ന് പിന്മാറുകയില്ല. ഞങ്ങൾ എപ്പോഴും പ റഞ്ഞു വന്നിട്ടുള്ളത് ഇതുതന്നെയാണ്. അതിനുവേണ്ടി ത്യാഗങ്ങളും ചെയ്തു കൊണ്ടിരുന്നിട്ടുണ്ട്. ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് വിളംബരം ചെയ്യു ന്നതിൽനിന്ന് ഒരിക്കലും ഞങ്ങൾ പിന്മാറുകയുമില്ല.

ഈയാളുകൾ ആചാരപരമായ നബിദിനമാണ് ആ ഘോഷിക്കുന്നത്. ആചാരമായി ഇവർ സംഘടിക്കുന്നു. പ്രസംഗിക്കുന്നു. അവരുടെ പ്രസംഗങ്ങൾ അതും ഭൂരി ഭാഗവും പാക്കിസ്താനിൽ അഹ്മദികളെ തെറിപറയു ന്നതിനായിട്ടല്ലാതെ മറ്റൊന്നിനുമല്ല. താൽക്കാലികമായ നിലയിൽ ഒരു ആവേശം കാണിക്കുന്നു. അസംഭ്യങ്ങൾ പുലമ്പി ഇസ്‌ലാമിന് വലിയ സേവനമാണ് ചെയ്ത തെന്ന് അവർ നടിക്കുന്നു. പക്ഷേ, അഹ്മദിയ്യാ ജമാ അത്ത് യഥാർഥ സേവനത്തിന്റെ ദൃഢനിശ്ചയം ചെ യ്തത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിച്ചപ്പോഴാ യിരുന്നു. തൗഹീദിനേയും നബി(സ)തിരുമേനിയുടെ അന്തസ്സിനേയും സ്ഥാപിക്കുന്നതിനുവേണ്ടി താൻ വന്നിരിക്കുന്നുവെന്ന് അവിടന്ന് പറഞ്ഞു. ഇസ്‌ലാമിന്റെ പുനരുത്ഥാനം താൻ മുഖേനയാണ് നടക്കേണ്ടതെന്നും അവിടന്ന് പറഞ്ഞു. പിന്നീട് രണ്ടാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ ഒരു നേരത്ത് നബി(സ)തിരുമേനിക്കെ തിരിൽ അമുസ്‌ലീംകൾ പത്രങ്ങളിലും ഗ്രന്ഥങ്ങളിലും അസഭ്യമായ കാര്യങ്ങൾ എഴുതി പ്രചരിപ്പിച്ചു. അങ്ങേ യറ്റം വൃത്തികെട്ട ഭാഷയിൽ എഴുതാൻ തുടങ്ങി. അപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ വൻതോതിൽ ഇന്ത്യയിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിച്ചു. അഹ്മദികളോടും അന ഹ്മദികളോടും എല്ലാവരോടും ഭിന്നിപ്പ് ഉപേക്ഷിച്ച് സംഘടിച്ചുകൊണ്ട് നബി(സ)തിരുമേനിയുടേയും ഇസ് ലാമിന്റേയും എതിരാളികളെ പ്രതിരോധിക്കാൻ അവി ടന്ന് ആഹ്വാനം ചെയ്തു. വിശാലമായ നിലയിൽ ആ സമ്മേളനങ്ങൾക്ക് അവിടന്ന് തുടക്കം കുറിച്ചു. എന്നല്ല അവിടന്ന് മാന്യരായ അമുസ്‌ലീംകളേയും സമ്മേളന ത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. നബി(സ)തിരുമേനി യെ വിശ്വസിക്കുക എന്നതും ആ മഹാത്മാവിന്റെ അന്തസ്സിനെ സംരക്ഷിക്കുക എന്നതും മുസ്‌ലീംകളുടെ ഈമാന്റെ ഭാഗമാണ്. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു:'മുഴുലോകത്തിനുമേലും നബി(സ) തിരുമേനിയുടെ ഔദാര്യമുണ്ട്. അവിടന്ന് റഹ്മത്തു ല്ലിൽ ആലമീനാണ്. അതുകൊണ്ട് മാന്യന്മാരായ അമു സ്‌ലീംകളും ആ മഹാത്മാവിന്റെ ജീവിതചരിത്രം വിവ രിക്കേണ്ടതാണ്. അങ്ങനെ ഹിന്ദുക്കളടങ്ങുന്ന ധാരാളം വിദ്യാസമ്പന്നരായ അമുസ്‌ലീംകളും നബി(സ)തിരുമേ നിയുടെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിഷയങ്ങൾ അവതരിപ്പിച്ചു. ഖാദിയാനിൽ 1928 ൽ നടന്ന ആദ്യ സമ്മേളനത്തിൽ ഹിന്ദുകവികളുടെ രണ്ട് നഅ്ത്തും -നബിയെ കുറിച്ചുള്ള സ്തുതിഗീതങ്ങളും ആലപിക്ക പ്പെട്ടു.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 5 പേജ് 43)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനമ നുസരിച്ച് ഇന്ത്യമുഴുവൻ നബിചരിത സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. വീക്ഷണങ്ങളുടേയും വിശ്വാസാ ദർശങ്ങളുടേയും അഭിപ്രായ ഭിന്നതകൾ നിലനില്ക്കെ അക്കാലത്ത് ഉലമാ ഉൾപ്പടെയുള്ള അനഹ്മദികൾ(ചി ലർ ഈ പരിപാടിയെ എതിർക്കുകയും ചെയ്തിട്ടുണ്ട്) അവരിൽ ധാരാളമാളുകൾ ഈ പദ്ധതിയേയും പരിശ്ര മത്തേയും വിജയിപ്പിച്ചു. പത്രങ്ങളിൽ അതിനെ സംബ ന്ധിച്ച് ചർച്ചകളും നടന്നു. വാർത്തകളും പ്രസിദ്ധീക രിച്ചു.

മശ്‌രിക്ക് ഗോരക്പൂർ എന്ന പത്രം 1928 ജൂൺ 21ന് എഴുതി:'ഈ ചരിത്രം ഇന്ത്യയിൽ എന്നെന്നും ജീവിച്ചി രിക്കുന്നതാണ്. കാരണം ഇന്നേ ദിവസം നബി(സ)തി രുമേനിയെ കുറിച്ചുള്ള സ്മരണ മുസ്‌ലിംകളിലെ എല്ലാ കക്ഷികളും പലരീതിയിലും എല്ലാ പട്ടണത്തിലും നട ത്തുകയുണ്ടായി. അതിന്റെ ഒന്നാം സ്ഥാനത്ത് നമ്മുടെ പട്ടണമാണ് നിന്നത്. ഈ അവസരത്തിൽ ഭിന്നിപ്പിനും കുഴപ്പമുണ്ടാക്കുന്നതിനും വേണ്ടി പോസ്റ്റർ എഴുതിയ സുഹൃത്തുക്കൾ (ചിലയാളുകളുണ്ട് അവർ എതിർപ്പ് പ്രകടിപ്പിക്കേണ്ടതുതന്നെയാണ്) പ്രസംഗങ്ങൾ എഴുതി യും ഞങ്ങൾക്കയച്ചിരുന്നു.(അതായത് പത്രക്കാർക്ക്) അവർ വലിയ വിഡ്ഢികളാണ്. പത്രമെഴുതുന്നയാൾ പറയുന്നു: 'അവർ വലിയ വിഡ്ഢികളാണ്. ഞങ്ങളുടെ വിശ്വാസാദർശങ്ങളെക്കുറിച്ച് അവർക്കറിയില്ല. ലാ ഇലാഹ് ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലായിൽ വിശ്വസി ക്കുന്നയാൾ മോക്ഷപ്രാപ്തനാണെന്നാണ് ഞങ്ങളുടെ വിശ്വാസം.'പിന്നീട് എഴുതുന്നു:'എന്തായാലും ജൂൺ 17 നു നടന്ന പൊതുയോഗത്തിന്റെ വിജയത്തിൽ ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ജനാബ് മിർസാ മഹ്മൂദ് അഹ്മദിന് ആശംസകൾ നേരുകയാണ്. ശിയാ ക്കളും സുന്നികളും അഹ്മദികളും ഇപ്രകാരം വർഷം മുഴുവൻ രണ്ടുനാല് പ്രാവശ്യം ഒരിടത്ത് സംഘടിക്കുക

യാണെങ്കിൽ പിന്നീട് ഒരു ശക്തിക്കും ഈ രാജ്യത്ത് ഇസ്‌ലാമിനെ നേരിടാൻ സാധിക്കുകയില്ല.' (താരീഖെ അഹ്മദിയ്യത്ത്, വാല്യം 5, പേജ് 36-37)

കൽക്കത്തയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു ബംഗാളി പത്രമാണ് സുൽത്താൻ. ജൂൺ 21 ന് അതെഴുതി: 'അഹ്മദിയ്യാ ജമാഅത്ത് ജൂൺ 17ന് നബി(സ) തിരുമേനിയുടെ ജീവചരിതം വിവരിക്കുന്നതിനുവേണ്ടി ഇന്ത്യ മുഴുവൻ പൊതുയോഗം സംഘടിപ്പിച്ചു. ഏകദേശം എല്ലാ സ്ഥലങ്ങളിലും വിജയകരമായ പൊതുയോഗം നടന്നതായാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. ഇത്തരുണത്തിൽ ഇതിന് മുമ്പേ ഒരിക്കലും ഉണ്ടാകാത്ത മഹത്തായ വിജയം അഹ്മദികൾക്കുണ്ടായി എന്നത് ഒരു യാഥാർഥ്യമാണ്. ഇതിൽനിന്ന് അഹ്മദിയ്യാ ജമാഅത്ത് നിത്യേന ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നുവെന്നും ജനഹൃദയങ്ങളിൽ ഇടം നേടിക്കൊണ്ടിരിക്കുന്നുവെന്നും മനസ്സിലാകുന്നു. ഞങ്ങൾ തന്നെയും ഈ ശക്തിയെ അംഗീകരിക്കുകയും അവരുടെ വിജയം ആഗ്രഹിക്കുകയും ചെയ്യുന്നവരാണ്.' (താരീഖെ അഹ്മദിയ്യത്ത്, വാല്യം 5, പേജ് 37-38)

അന്യരും നമ്മുടെ കൂടെ നിന്നുവെന്ന് അക്കാലത്തെ പത്രങ്ങളെഴുതി. കാരണം അത് നബി(സ) തിരുമേനിയുടെ അഭിമാനത്തിന്റെ പ്രശ്നമായിരുന്നു. ആരുടെയെങ്കിലും പ്രശംസ പിടിച്ചുപറ്റേണ്ട ആവശ്യം അഹ്മദിയ്യാ ജമാഅത്തിന് ഇല്ല. ഇസ്‌ലാമിന്റെ ശത്രുക്കൾക്കും നബി(സ)തിരുമേനിയെ പരിഹസിക്കുന്നവർക്കും നബി(സ) തിരുമേനിയുടെ സ്ഥാനവും ഇക്കാര്യത്തിൽ മുസ്‌ലിംകൾ ഒന്നാണെന്നും മനസ്സിലാക്കികൊടുക്കുന്നതിനുമായിരുന്നു ഈ ശ്രമം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)നടത്തിയത്. ഖാദിയാനിൽ ചില ഹിന്ദുക്കൾ നബി(സ) തിരുമേനിയുടെ ജീവചരിത്രവിഷയത്തിൽ പ്രസംഗിക്കുകയുണ്ടായി. അൽഫള്ൽ പത്രം പ്രത്യേകിച്ചും ആ നേരത്ത് ഖാത്തമുന്നബിയ്യീൻ സ്പെഷ്യൽ പതിപ്പ് പുറത്തിറക്കി. അതിനുശേഷം മുതൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പതിവായി സീറത്തുന്നബി സമ്മേളനം സംഘടിപ്പിച്ചു വരുന്നു. അവിടന്ന് അഞ്ചിന പരിപാടികൾ നല്കിയതിലൊന്ന് കേവലം റബീഉൽ അവ്വൽ 12 നു പകരം വിവിധ സമയങ്ങളിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിക്കണമെന്നതായിരുന്നു.(താരീഖെ അഹ്മദിയ്യത്ത് വാല്യം 5 പേജ് 31)

എന്തായാലും ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം. നമ്മൾ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി കഴിഞ്ഞിട്ടുള്ള ലോകത്തെ 200 ലധികം രാജ്യങ്ങളിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഖത്തമുന്നുബുവ്വത്തിന്റെ യഥാർഥ സ്ഥാനം ഗ്രഹിച്ചിട്ടുള്ളവർ അഹ്മദികളാണ്. ഇൻശാ അല്ലാഹ് എപ്പോഴും അതിൽ നിലകൊള്ളുന്നതുമാണ്. നമ്മൾ നബി(സ)തിരുമേനിയുടെ ശരിയായ പദവി ലോകത്തിന് പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്നു. ഇതിനുകാരണം മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഇക്കാലത്തെ ഇമാം, അല്ലാഹുവിനോളമെത്തണമെങ്കിൽ നബി(സ)തിരുമേനിയുടെ കോന്തല മുറുകെ പിടിക്കാൻ പറഞ്ഞതാണ്. അവിടന്നുതന്നെയാണ് ഇപ്പോൾ മോക്ഷത്തിന്റെ വഴി. മോക്ഷത്തിന് ഇപ്പോൾ മറ്റൊരു മാർഗവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"വൊ ഹെ മെ ചീസ് കിയാ ഹും" നബി(സ)തിരുമേനി ഇന്നുണ്ടെങ്കിൽ എനിക്കെന്ത് പ്രസക്തി. (ഖാദിയാൻ കെ ആര്യ ഔർ ഹം, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 456)

അവിടന്ന് ഒരിക്കലും വലിയവനായി തന്നെ സ്ഥാപിച്ചില്ല. എപ്പോഴും നബി(സ)തിരുമേനിയുടെ മാഹാത്മ്യമാണ് വിവരിച്ചത്. നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നില്ല എന്ന ആക്ഷേപത്തെ ഖണ്ഡിച്ചുകൊണ്ട് അവിടന്ന് ഒരു സ്ഥലത്ത് പറയുന്നു:'ഞാനും എന്റെ ജമാഅത്തും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നില്ലെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇത് ഞങ്ങളുടെമേൽ ഉന്നയിക്കപ്പെടുന്ന കഠിനമായ അപരാധമാണ്. ഞങ്ങൾ ഏതൊരു ശക്തിയോടും ദൃഢജ്ഞാനത്തോടും ഉൾക്കാഴ്ചയോടുംകൂടിയാണോ നബി(സ)തിരുമേനിയെ ഖാത്തമുൽ അമ്പിയാഅ് ആയി അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നത് അതിന്റെ ലക്ഷത്തിലൊന്നുപോലും മറ്റുള്ളവർ വിശ്വസിക്കുന്നില്ല. ഖാത്തമുൽ അമ്പിയായിലെ ഖത്തമുന്നുബുവ്വത്തിലുള്ള ഈ യാഥാർഥ്യവും രഹസ്യവും മനസ്സിലാക്കുന്നവരല്ല ഇക്കൂട്ടർ. അവർ വെറും പിതാക്കളിൽനിന്നും പ്രപിതാക്കളിൽനിന്നും ഒരു വാക്കുകേട്ടു. എന്നാൽ, അതിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. എന്താണ് ഖത്തമുന്നുബുവ്വത്തെന്നോ അദ്ദേഹത്തിൽ വിശ്വസിക്കുന്നതിന്റെ പൊരുളെന്താണെന്നോ അറിയുകയേ ഇല്ല. എന്നാൽ, നാം പൂർണമായ ഉൾക്കാഴ്ചയോടുകൂടി -അത് അല്ലാഹു നല്ലവണ്ണം അറിയുന്നു- നബി(സ)തിരുമേനിയെ ഖാത്തമുൽ അമ്പിയാ എന്ന് ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്നിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം എങ്ങനെ തുറന്നിരിക്കുന്നുവെന്നാൽ നമുക്ക് കുടിപ്പിക്കപ്പെട്ട ആ ജ്ഞാനത്തിന്റെ ശർബ്ബത്തുകൊണ്ട് ഒരു പ്രത്യേക നിർവൃതി ആസ്വദിക്കുന്നു. ഈ ഉറവിൽനിന്ന് വയറുനിറയെപാനം ചെയ്തിട്ടുള്ളവർക്കല്ലാതെ അതിനെ അളക്കാൻ ആർക്കും സാധ്യമല്ല."(മൽഫൂദാത്ത് വാല്യം 1 പേജ് 342 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഞങ്ങളെ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളെന്ന് കരുതുന്നവർ സ്വയം അന്ധരാണ്. അവരുടെ മനസ്സ് പൊള്ളയാണ്. മുദ്രാവാക്യങ്ങൾക്കും ഫിത്ന-ഫസാദുകൾക്കും തച്ചുതകർക്കുന്നതിനും പുറമെ എന്താണ് അവരുടെ കൈയിലുള്ളത്? അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ സന്ദേശം, ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദു റസൂലുല്ലാഹ്(സ) തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളിൽ മസീഹു മൗഊദിന്റെ ജമാഅത്ത് ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നുവെന്നതിന് മതിയായ തെളിവല്ലേ?

വീണ്ടും ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഖാത്തമുൽമുഅ്മിനീനും ഖാത്തമുന്നബിയ്യീനും ഖാത്തമുൽആരിഫീനുമായ നബി(സ)തിരുമേനിയെ അല്ലാഹു നമുക്കു നല്കി. അതുപോലെ ജാമിഉൽ കുതുബും ഖാത്തമുൽ കുതുബും ആ മഹാത്മാവിൽ ഇറക്കുകയും ചെയ്തു. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണ്. ആ മഹാത്മവിനുമേൽ നുബുവ്വത്ത് അവസാനിച്ചു. ഈ നുബുവ്വത്ത് അവസാനിച്ചത് കഴുത്ത് ഞെരിച്ച് അവസാനിപ്പിക്കുന്നതുപോലെ ആയിരുന്നില്ല. അത്തരത്തിലുള്ള 'അവസാനം' അഭിമാനാർഹമാകുകയില്ല. മറിച്ച് നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്ത് അവസാനിച്ചു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെല്ലാം അവസാനിച്ചുവെന്നാണ്. അതായത് ആദം മുതൽ മർയമിന്റെ മകൻ മസീഹുവരെയുള്ള നബിമാർക്ക് നല്കപ്പെട്ട വിവിധ തരത്തിലുള്ള എല്ലാ ശ്രേഷ്ഠതകളും നബി(സ)തിരുമേനിയിൽ നിക്ഷേപിക്കപ്പെട്ടു. ഇതിൽ സ്വാഭാവികമായും അവിടന്ന് ഖാത്തമുന്നബിയ്യീനായി. ഇപ്രകാരംതന്നെ വിവിധ ഗ്രന്ഥങ്ങളിലൂടെ നടന്നുവരുന്ന വസിയ്യത്തുകളുടെ എല്ലാ അധ്യാപനങ്ങളും ദൈവജ്ഞാനങ്ങളും വിശുദ്ധ ഖുർആനിൽ അവസാനിച്ചു. അങ്ങനെ വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബായി.'(മൽഫൂദാത്ത് വാല്യം 1 പേജ് 341-342 1985 ലണ്ടൻ പതിപ്പ്).

നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും വിവരിച്ചുകൊണ്ട്, അവസാനകാലംവരെ ജീവിക്കുന്ന നബി, മുഹമ്മദ് റസൂലുല്ലാഹ് തന്നെയാണെന്ന് അവിടന്ന് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ബനീഇസ്രായീലിലെ അവശേഷിച്ചിട്ടുള്ള യഹൂദികളിലോ ഹദ്റത്ത് ഈസാ മസീഹിനെ(അ)ദൈവം എന്നുപറഞ്ഞു വിളിക്കുന്ന ക്രിസ്ത്യാനികളിലോ ഈ അടയാളങ്ങളിൽ എന്നെ നേരിടാൻ ആരെങ്കിലുമുണ്ടോ? ആരും ഉണ്ടാവുകയില്ലെന്ന് ഞാൻ ഉച്ചൈസ്തരം പറയുന്നു. ഒരാളുമുണ്ടാകുകയില്ല. നമ്മുടെ നബി(സ) തിരുമേനിയുടെ ദിവ്യാത്ഭുതത്തിന്റെ ശക്തമായ തെളിവാണത്. കാരണം നബിയുടെ അനുയായിയുടെ കൈയാൽ നിലവിൽ വരുന്ന ദിവ്യാത്ഭുതങ്ങളും നബിയുടെ ദിവ്യദൃഷ്ടാന്തങ്ങളാണെന്നത് എല്ലാവരും അംഗീകരിക്കുന്നതാണ്. അതുകൊണ്ട് എനിക്ക് നൽകപ്പെട്ടിരിക്കുന്ന ദിവ്യാത്ഭുതങ്ങളും പ്രവചനങ്ങളുടെ മഹത്തായ ദൃഷ്ടാന്തങ്ങളും യഥാർഥത്തിൽ നബി(സ) തിരുമേനിയുടെ ജീവിക്കുന്ന ദിവ്യദൃഷ്ടാന്തങ്ങളാണ്. അവർ ഈ രീതിയിൽ ആളുകളെ ക്ഷണിച്ചുകൊണ്ട് തങ്ങൾ പിൻപറ്റുന്നയാളുടെ പരിശുദ്ധ ശക്തികാരണത്താൽ തങ്ങൾക്കും ദിവ്യദൃഷ്ടാന്തം കാണിക്കാൻ കഴിയുമെന്ന കാര്യം വെളിപ്പെടുത്താൻ ഒരു നബിയുടെ അനുയായിക്കും അഭിമാനം ഇന്നില്ല. ഈ അഭിമാനം ഇസ്‌ലാമിനു മാത്രമേയുള്ളൂ. ഇതിൽനിന്ന് മനസ്സിലാകുന്നത് അവസാനകാലം വരേക്കുമുള്ള ജീവനുള്ള നബി മുഹമ്മദ് റസൂലുല്ലാഹ് തന്നെയായിരിക്കുമെന്നാണ്. അദ്ദേഹത്തിന്റെ പരിശുദ്ധമായ ആത്മാവും പരിശുദ്ധമായ ശക്തിയും കൊണ്ട് എക്കാലത്തും ഒരു ദൈവപുരുഷൻ അതിന് തെളിവ് കൊടുത്തുകൊണ്ടു വന്നു.' (മൽഫൂദാത്ത്, വാല്യം 1, പേജ് 413-414, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് നബി(സ) തിരുമേനിയുടെ നിലയും പദവിയും അവിടത്തെ വിനയവും എളിമയും അല്ലാഹുവിനോളമെത്തുന്നതിന് അവിടത്തെ സ്നേഹത്തിൽ ലയിക്കേണ്ടതിനെയും കുറിച്ച് അല്ലാഹുവിന്റെ നിർദ്ദേശം സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ കൃപാകടാക്ഷമില്ലെങ്കിൽ മോക്ഷമുണ്ടാവുകയില്ലെന്ന് ഹദീഥിൽ വന്നിരിക്കുന്നു. (അല്ലാഹുവിന്റെ കൃപകൊണ്ടാണ് മോക്ഷം ലഭിക്കുന്നത്). ഇപ്രകാരംതന്നെ ഹദീഥിൽനിന്നു മനസ്സിലാകുന്നു, ഹദ്റത്ത് ആയിശ(റ) ആ മഹാത്മാവിനോട് ചോദിച്ചു: "അങ്ങയുടേയും അവസ്ഥ ഇതുതന്നെയാണോ? " (അതായത് അല്ലാഹുവിന്റെ കൃപയില്ലെങ്കിൽ മോക്ഷമില്ലെന്ന് പറഞ്ഞതിൽ അങ്ങയും പെടുമോ?) നബി(സ) തിരുമേനി തലയിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: 'തീർച്ചയായും.' "ഇത് ആ മഹാത്മാവിന്റെ(സ) ദാസത്വത്തിന്റെ സമ്പൂർണമായ പ്രകടനമായിരുന്നു. അത് ദൈവത്തിന്റെ ശിക്ഷാപരിപാലനത്തെ ആകർഷിച്ചു കൊണ്ടിരുന്നു.' വീണ്ടും അവിടന്ന് പറയുന്നു: "നാം സ്വയം പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. പലപ്രാവശ്യം പരീക്ഷിച്ചിട്ടുണ്ട്. എന്നല്ല എപ്പോഴും കണ്ടിട്ടുണ്ട്. എളിമയുടേയും വിനയത്തിന്റേയും അവസ്ഥ അതിന്റെ പാരമ്യതയിലെത്തുമ്പോൾ നമ്മുടെ ആത്മാവ് ആ ആരാധനയിലും വിനയത്തിലും ഒഴുകി പുറത്തുവരുന്നു. അങ്ങനെ ദൈവത്തിന്റെ തിരുസന്നിധിയിൽ എത്തിച്ചേരുന്നു. അപ്പോൾ ഒരു വെളിച്ചവും പ്രകാശവും മുകളിൽനിന്ന് താഴേക്ക് വരുന്നു. ഒരു തോട്ടിലൂടെ തെളിമയാർന്ന ജലം മറ്റൊരു തോട്ടിൽ എത്തുന്നതുപോലെ മനസ്സിലാകുന്നു. അതുകൊണ്ട് നബി(സ) തിരുമേനിയുടെ അവസ്ഥ ചില സ്ഥലങ്ങളിൽ വിനയത്തിന്റേയും എളിമയുടേയും സമ്പൂർണതയിൽ എത്തിനിൽക്കുന്നതായി കാണാം. പരിശുദ്ധാത്മാവിന്റെ സഹായത്താലും വെളിച്ചത്താലും അത്രത്തോളം സഹായിക്കപ്പെട്ടവനും പ്രകാശിപ്പിക്കപ്പെട്ടവനുമായിരുന്നു നബി(സ)തിരുമേനി എന്നാണ് അതിൽനിന്ന് മനസ്സിലാകുന്നത്; നമ്മുടെ നബി(സ) തന്റെ കർമപരവും പ്രവർത്തനപരവുമായ അവസ്ഥയിൽ കാണിച്ചതുപോലെ. ആ മഹാത്മാവിന്റെ(സ) ദിവ്യജ്യോതിസുകളുടെയും അനുഗ്രഹങ്ങളുടെയും വൃത്തം എത്രത്തോളം വിശാലമായിരുന്നുവെന്നാൽ ലോകം നിലനിൽക്കുന്നതുവരെ അതിന്റെ മാതൃകയും അതിന്റെ ഛായയും ദൃശ്യമായിക്കൊണ്ടിരിക്കും. അങ്ങനെ ഈ കാലഘട്ടത്തിലും ദൈവത്തിന്റെ കൃപാവരവും കൃപാകടാക്ഷവും എന്തൊന്ന് ഇറങ്ങിക്കൊണ്ടിരിക്കുന്നുവോ അത് നബി(സ) തിരുമേനിയെ അനുസരിച്ചതിലൂടേയും നബി(സ) തിരുമേനിയെ പിൻപറ്റിയതിലൂടെയും ലഭിച്ചിട്ടുള്ളതാണ്.' പറഞ്ഞു: 'ഞാൻ സത്യമായും പറയുന്നു, ഈ സമ്മാനങ്ങളുടേയും അനുഗ്രഹങ്ങളുടേയും ഈശ്വരീയജ്ഞാനങ്ങളുടേയും യാഥാർഥ്യങ്ങളുടേയും ജാഗ്രദർശനങ്ങളുടേയും അലങ്കാരമാകുകയും തന്നെ നബി(സ) തിരുമേനിയുടെ അനുസരണത്തിൽ കളയുകയും ചെയ്യാത്തിടത്തോളം ആരുംതന്നെ നന്മ ചെയ്യുന്നവനും ദൈവത്തിന്റെ പ്രീതി പ്രാപിക്കുന്നവനും ആവുകയില്ല. ഉന്നതനിലയിലുള്ള പരിശുദ്ധ മനസ്സിന് ലഭിക്കുന്നതാണത്. അതിന്റെ തെളിവ് ദൈവത്തിന്റെ ഗ്രന്ഥത്തിൽനിന്നുതന്നെ നമുക്ക് ലഭിക്കുന്നുണ്ട്. (അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് (മൽഫൂദാത്ത്, വാല്യം 1, പേജ് 23-24, 1985 ലണ്ടൻ പതിപ്പ്) അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നെങ്കിൽ ആ മഹാത്മാവിനെ പിൻപറ്റാൻ അല്ലാഹു പറയിപ്പിച്ചു . അപ്പോഴാണ് അല്ലാഹുവിന്റെ സ്നേഹം ലഭിക്കുന്നത്.

നബി(സ) തിരുമേനിയേയും വിശുദ്ധഖുർആനേയും ഇറക്കിയതിന്റെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ പല പ്രാവശ്യവും ഇതിനു മുമ്പേയും വിവരിച്ചിട്ടുള്ളതാണ്. ഇപ്പോഴും അത് വിവരിക്കുകയെന്നത് ഫലശൂന്യമാവുകയില്ല. അതുകൊണ്ട് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നു. പ്രവാചകന്മാരെ അയക്കുന്ന അല്ലാഹു, അവസാനം നബി(സ) തിരുമേനിയേയും ഈ ലോകത്തിന്റെ സന്മാർഗത്തിനായി അയക്കുകയും വിശുദ്ധഖുർആനെ ഇറക്കുകയും ചെയ്തു. അപ്പോൾ അതിന്റെ ഉദ്ദേശ്യമെന്തായിരുന്നു. ജോലി ചെയ്യുന്ന ഓരോ വ്യക്തിയ്ക്കും അതിന് എന്തെങ്കിലുമൊക്കെ ഉദ്ദേശ്യമുണ്ടാകും. വിശുദ്ധഖുർആൻ ഇറക്കിയതിനും നബി(സ) തിരുമേനിയെ അയച്ചതിനും അല്ലാഹുവിന് ഒരു ഉദ്ദേശ്യവും ഒരു ലക്ഷ്യവുമില്ലെന്ന് വിചാരിക്കുന്നത് അങ്ങേയറ്റത്തെ നിന്ദ്യതയും അപമര്യാദയുമാണ്. കാരണം അതിൽ (മആദല്ല) അല്ലാഹുവിന്റെ ഈ പ്രവൃത്തി പാഴ്‌വേലയാണെന്ന് മനസ്സിലാക്കപ്പെടുന്നതാണ്." (അത് അല്ലാഹു

പറഞ്ഞതാണെന്ന് പിന്നീട് പറയുന്നത് പാഴ്‌വാക്കായിരിക്കും). വാസ്തവത്തിൽ അവന്റെ സത്ത പരിശുദ്ധമാണ്. (സുബ്ഹാനല്ലാഹ്). അതുകൊണ്ട് ഓർമിക്കുക. വിശുദ്ധഖുർ അയച്ചതുകൊണ്ടും നബി(സ) തിരുമേനിയെ നിയോഗിച്ചതുകൊണ്ടും അല്ലാഹു ആഗ്രഹിച്ചിട്ടുള്ളത് ലോകത്ത് മഹത്തായ കാരുണ്യത്തിന്റെ മാതൃക കാണിക്കുക എന്നതാണ്. *വമാ അർസൽനാക്ക ഇല്ലാ റഹ്മത്തല്ലിൽ ആലമീൻ* (21:108) അതുപോലെ വിശുദ്ധഖുർആൻ അയച്ചതിന്റെ ഉദ്ദേശ്യം പറയുന്നു ഹുദല്ലിൽ മുത്തഖീൻ (2:3). ഇത് മഹത്തായ ഉദ്ദേശ്യങ്ങളാണ്. ഇതിന് തുല്യമൊന്ന് കാണുക അസാധ്യമാണ്." (മൽഫൂദാത്ത്, വാള്യം 1, പേജ് 340, 1985 ലണ്ടൻ പതിപ്പ്)

വിശുദ്ധഖുർആന്റെ ഉന്നതമായ പ്രൗഢിയും അതിൽ വിവിധ ഗ്രന്ഥങ്ങളുടെ എല്ലാ സമ്പൂർണതകളും സ്വരുകൂട്ടിയിരിക്കുന്നുവെന്നതും വെറും കഥയെന്ന നിലയിലല്ല. മറിച്ച്, ഒരു സത്യവിശ്വാസിക്ക് പ്രവൃത്തിക്കാനുള്ളതാണ്. അതിനെ സംബന്ധിച്ച് പറയുന്നു:

'പ്രവാചകന്മാരിൽ വിവിധതരത്തിലുള്ള സകല സമ്പൂർണതകളുമുണ്ടായിരുന്നതുപോലെ നബി(സ)തിരുമേനിയുടെ അസ്തിത്വത്തിലും അവയെല്ലാം ഉണ്ടാകണമെന്ന് അല്ലാഹു വിചാരിച്ചു. ഇപ്രകാരംതന്നെ വിവിധ ഗ്രന്ഥങ്ങളിലുള്ള സകല സവിശേഷഗുണങ്ങളും സമ്പൂർണതകളും വിശുദ്ധഖുർആനിലുമാക്കി. അതേപോലെതന്നെ എത്രത്തോളം സമ്പൂർണതകൾ എല്ലാ ജനതകളിലും ഉണ്ടായിരുന്നുവോ അവയെല്ലാം ഈ ജനതയിലും സ്വരുക്കൂട്ടി. അതുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് നമ്മൾ ആ എല്ലാ സവിശേഷഗുണങ്ങളും പ്രാപിക്കുക എന്നതാണ്. ഇക്കാര്യം വിസ്മരിക്കാൻ പാടില്ല. ആ മഹത്തായ സവിശേഷഗുണങ്ങൾ നമുക്ക് നൽകാൻ ആഗ്രഹിക്കുന്നതുപോലെ അതനുസരിച്ച് അവൻ നമുക്ക് ശക്തികളും പ്രദാനം ചെയ്തിരിക്കുന്നു. കാരണം അതനുസരിച്ച് ശക്തികൾ തന്നില്ലെങ്കിൽ നമ്മൾ ആ സമ്പൂർണസവിശേഷതകളെ ഒരു രീതിയിലും ഒരവസ്ഥയിലും പ്രാപിക്കുകയില്ല. ഇതിന് ഉദാഹരണം എങ്ങനെയെന്നാൽ ഒരാൾ ഒരു സംഘമാളുകളെ ക്ഷണിക്കുന്നു. അപ്പോൾ ആ സംഘത്തിലെ എണ്ണമനുസരിച്ച് ഭക്ഷണം തയ്യാറാക്കേണ്ടതും അതനുസരിച്ച് ഒരു വീട് അതായത് സൽക്കാരം നൽകാനുള്ള സ്ഥലം ഉണ്ടാക്കേണ്ടതും നിർബന്ധമാണ്. ആയിരം പേരെ ക്ഷണിക്കുകയും അവരെ ഇരുത്തുന്നതിനുവേണ്ടി ഒരു ചെറിയ കുടിൽ ഉണ്ടാക്കുകയും ചെയ്യുക എന്നത് ശരിയല്ല. (ആയിരം ആളുകളെ ക്ഷണിക്കുകയും അവരെ ഇരുത്താനുള്ള സ്ഥലം ചെറുതാക്കുകയും ചെയ്യുക എന്നത് ശരിയല്ല) അതുകൊണ്ട് അവൻ ആ എണ്ണത്തിനനുസരിച്ച് എല്ലാ ഒരുക്കങ്ങളും നടത്തേണ്ടിവരും. (അവരെ ഇരുത്തുന്നതിനുള്ള സ്ഥലവും അതനുസരിച്ച് വെക്കേണ്ടിവരും). ഇതേപോലെതന്നെ ദൈവത്തിന്റെ ഗ്രന്ഥവും ഒരു ക്ഷണവും സൽക്കാരവുമാണ്. (വിശുദ്ധഖുർആൻ ഒരു ക്ഷണവും സൽക്കാരവുമാണ്). ഇതിനുവേണ്ടി മുഴുവൻ ലോകവും വിളിക്കപ്പെട്ടിരിക്കുന്നു. (ഈ ക്ഷണം ഈ ശരീഅത്ത് മുഴുവൻ ലോകത്തിനുമുള്ളതാണ്). ഈ ക്ഷണത്തിനുവേണ്ടി ദൈവം ഉണ്ടാക്കിയിരിക്കുന്ന വീട് അത് മാനുഷികമായ ശക്തികളാണ്." (മനുഷ്യനിൽ ഉണ്ടായിരിക്കുന്ന ശക്തികൾ അവൻ ഇരിക്കാനുള്ള വീട് എന്ന നിലയിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു). അതുകൊണ്ട് മനുഷ്യർക്ക് വിശുദ്ധഖുർആന്റെ ഇന്ന കല്പനകളിൽ പ്രവർത്തിക്കാൻ കഴിയുകയില്ലെന്നും അത് വലിയ പ്രയാസമാണെന്നും പറയുന്നത് തെറ്റാണ്. അല്ലാഹു മനുഷ്യന് പ്രവർത്തിക്കാനുള്ള ശക്തികൾ നൽകിയിട്ടുണ്ട്. പിന്നീട് അവിടന്ന് പറയുന്നു): അത് ഈ സമുദായത്തിലുള്ളവർക്ക് നൽകപ്പെട്ടിരിക്കുന്നു." (മുസ്‌ലിംകളിൽ ഈ യഥാർഥ മുസ്‌ലിംകളിൽ അതായത് ആത്മാർഥരായിക്കൊണ്ട് തങ്ങളുടെ ഈമാനിൽ ഉറച്ചുനിൽക്കുന്നവർക്ക് ഈ ശക്തികൾ നൽകപ്പെട്ടിരിക്കുന്നു.) പിന്നീട് പറഞ്ഞു "ശക്തികൾ കൂടാതെ ഒരു ജോലിയും നടക്കുകയില്ല." അവിടന്ന് പറയുന്നു: "കാളയുടേയും നായയുടേയും അല്ലെങ്കിൽ മറ്റേതെങ്കിലും മൃഗങ്ങളുടേയും മുമ്പിൽ വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ വെക്കുകയാണെങ്കിൽ അവരത് മനസ്സിലാക്കുകയില്ല. കാരണം അവരിൽ വിശുദ്ധഖുർആന്റെ അധ്യാപനങ്ങളെ വഹിക്കാനുള്ള ശക്തികളില്ല. പക്ഷേ, അല്ലാഹു നമുക്ക് ആ ശക്തികൾ നൽകിയിരിക്കുന്നു. നമുക്കതിൽനിന്ന് ഫലമെടുക്കാൻ കഴിയും.' (മൽഫൂദാത്ത്, വാള്യം 1, പേജ് 340-341, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് തങ്ങൾക്ക് ശക്തികളില്ലെന്നും കഴിവുകളില്ലെന്നും പറഞ്ഞ് മനുഷ്യൻ സ്വയം മൃഗമെന്ന് മനസ്സിലാക്കാതിരിക്കുക. വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് കർമം ചെയ്യാൻ അല്ലാഹു ഒരു യഥാർഥ മുസൽമാന് ശക്തികൾ നൽകിയിട്ടുണ്ട്. വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ അതിനെ വർധിപ്പിക്കുക എന്നത് മനുഷ്യന്റെ ജോലിയാണ്.'

മുസ്‌ലിംകളുടെ നിലപാട് എന്താണ്? അവിടന്ന് എങ്ങനെയാണ് ഇസ്‌ലാമിന്റേയും നബി(സ) തിരുമേനിയുടേയും അഭിമാനം ഉൾക്കൊണ്ടുകൊണ്ട് ഉപദേശിക്കുന്നത്? ഈ കാലഘട്ടത്തിൽ ഏറ്റവും വലിയ ആരാധന എന്താണെന്ന് വിവരിച്ചുകൊണ്ട് പറയുന്നു:

'ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനുമേൽ ഉണ്ടായിരിക്കുന്ന ഫിത്ന ദൂരീകരിക്കുന്നതിനുവേണ്ടി കുറച്ചെങ്കിലും ഭാഗഭാക്കാകുക എന്നതാണ് ഒരു മുസൽമാന്റെ ഏറ്റവും വലിയ ആരാധന. ഈ ഫിത്നയെ അകറ്റുന്നതിൽ എല്ലാ മുസ്‌ലിംകളും ഏതെങ്കിലുമൊക്കെ രീതിയിൽ പങ്കെടുക്കുക; ഈ നേരത്തുണ്ടായിട്ടുള്ള തിന്മകളേയും പരന്നിട്ടുള്ള അപകീർത്തികളേയും തങ്ങൾക്കു നൽകപ്പെട്ട എല്ലാ ഓരോ ശക്തിയോടും ആത്മാർഥമായ പരിശ്രമത്തോടുംകൂടി പ്രസംഗങ്ങളും അറിവുകളും മുഖേന ലോകത്തുനിന്ന് നീക്കുക. ഈ ദുൻയാവിൽ ആർക്കെങ്കിലും സൗഖ്യവും ആനന്ദവും കിട്ടിയിട്ടുണ്ടെങ്കിൽ അതുകൊണ്ടെന്ത് ഫലമുണ്ടാകാനാണ്? ഈ ലോകത്ത് പദവി കരസ്ഥമാക്കിയെങ്കിൽ അതുകൊണ്ട് എന്ത് നേട്ടമുണ്ടാകാനാണ്? പരലോകത്തെ പ്രതിഫലമെടുക്കുക. അതിന് അതിരുകളില്ല. അല്ലാഹുവിന് തന്റെ തൗഹീദിനെക്കുറിച്ച് സ്വയം ആവേശമുള്ളതുപോലെ എല്ലാ ഓരോ മുസ്‌ലിമും അല്ലാഹുവിന്റെ ഏകത്വത്തിനുവേണ്ടി ആവേശം കാണിക്കേണ്ടതാണ്. ചിന്തിക്കുവിൻ! നമ്മുടെ നബി(സ)തിരുമേനിയെ പോലുള്ള മർദ്ദിതനെ ലോകത്ത് എവിടെ കിട്ടാനാണ്? ആ മഹാത്മാവിന്റെ നേരെ എറിയപ്പെടാത്തതായി ഒരു ദുർഗന്ധവും ഒരു ചീത്തവിളിയും ഒരു അസഭ്യവാക്കുമില്ല. മുസ്‌ലിംകൾ മൗനം പാലിക്കേണ്ട കാലമാണോ ഇത്? ഈ സമയത്ത് ആരും എഴുന്നേറ്റുനില്ക്കാതിരക്കുകയും സത്യത്തിന് സാക്ഷ്യം പറഞ്ഞ് കളവ് പറയുന്നവന്റെ വായ അടപ്പിക്കാതിരിക്കുകയും അവിശ്വാസികൾ നമ്മുടെ നബി(സ)തിരുമേനിയുടെ മേൽ നിർലജ്ജം അപരാധങ്ങൾ പറയുന്നതും ജനങ്ങളെ വഴി പിഴപ്പിക്കുന്നതും അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നെങ്കിൽ, ഓർമിക്കുക! നിസംശയം അവൻ വലിയ 'കാരണം കാണിക്ക്'ലിന് വിധേയനാണ്. നിങ്ങൾക്ക് എന്തെങ്കിലും അറിവോ പരിചയമോ ഉണ്ടെങ്കിൽ അത് ഈ വഴിയിൽ ചെലവഴിക്കുക. (നിങ്ങളുടെ സ്വന്തം ദീനിനെക്കുറിച്ച് എത്ര അറിവാണോ നിങ്ങൾക്കുള്ളത് അത് ഈ മാർഗ്ഗത്തിൽ ചെലവഴിക്കുക). "ജനങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിക്കുക. നിങ്ങൾ ദജ്ജാലിനെ കൊല്ലുന്നില്ലെങ്കിലും അവൻ മരിച്ചൊടുങ്ങുക തന്നെ ചെയ്യുമെന്ന് ഹദീഥ് ശരീഫിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. പ്രസിദ്ധമായ പഴഞ്ചൊല്ലുണ്ട്; 'ഹർ കമാനെ റാസ് വാലേ.' 13-ാം നൂറ്റാണ്ടുമുതലാണ് ഈ വിപത്തുകൾ ആരംഭിച്ചത്. അത് അവസാനിക്കേണ്ട സമയം ഇപ്പോൾ വളരെ അടുത്തിരിക്കുന്നു. അതുകൊണ്ട് കഴിയുന്നിടത്തോളം പരിശ്രമിക്കുക എന്നത് എല്ലാ ഓരോ മുസൽമാന്റേയും നിർബന്ധകടമയാണ്. പ്രകാശവും വെളിച്ചവും ജനങ്ങൾക്ക് കാണിച്ചുകൊടുക്കുക.' (മൽഫൂദാത്ത്, വാള്യം 1, പേജ് 394-305, 1985 ലണ്ടൻ പതിപ്പ്)

ഈ പ്രകാശവും വെളിച്ചവും കാണിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചു. അദ്ദേഹത്തിന് ബയ്അത്ത് ചെയ്ത നമ്മൾ ഭാഗ്യവാന്മാരാണ്. ഇപ്പോൾ ഈ മിഷനെ മുമ്പോട്ട് കൊണ്ടുപോകേണ്ടതും നമ്മുടെ ജോലിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ തന്റെ ഒരു ഇൽഹാമിനെ അനുസ്മരിച്ച് പറയുന്നു. ''*സല്ലിഅലാ മുഹമ്മദിൻ വആലി മുഹമ്മദിൻ സയ്യിദി ഉൽദി ആദമ വഖാത്തമന്നബിയീൻ* എന്നതാണ് ആ ഇൽഹാം. സ്വലാത്ത് ചൊല്ലുക. മുഹമ്മദിന്റേയും മുഹമ്മദിന്റെ കുടുംബാദികളുടേയും മേൽ. അദ്ദേഹം ആദം സന്തതികളുടെ നേതാവും ഖാത്തമുൽ അമ്പിയാഉമാണ്." അവിടന്ന് പറഞ്ഞു "ഇത് സൂചിപ്പിക്കുന്നത് എല്ലാ പദവികളും ശ്രേഷ്ഠതകളും സമ്മാനങ്ങളും ആ മഹാത്മാവ് മുഖേനയാണ് കിട്ടുന്നതെന്നാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നതിന്റെ ഫലമാണിത്. സുബ്ഹാനല്ലാഹ്. പ്രപഞ്ചത്തിന്റെ നേതാവിന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ എത്ര ഉന്നതമായ സ്ഥാനങ്ങളാണുള്ളത്. ഏതു തരത്തിലുള്ള സാമീപ്യമാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നവൻ ദൈവത്തിന്റെ സ്നേഹഭാജനമായിത്തീരുന്നു. അദ്ദേഹത്തെ സേവിക്കുന്നവൻ ഒരു ലോകത്തിന്റെ സേവ്യനായിത്തീരുന്നു.

ഹേച്ച് മഹ്ബൂബെ നുമാനന്ദ്
ഹംചൂ യാറെ ദിൽബറം
മെഹ്റോ മെഹ് റാ നീസ്ത്
ഖദ്റേ ദർ ദയാരെ ദിൽബറം
ആൻ കുജാ റൂയെ കെ ദാരിദ്
ഹംചൂ റൂവേശ് ആബ് വ താബ്
വാൻ കുജാ ബാഗെ കെ മേ
ദാരിദ് ബഹാറെ ദിൽ ബറം

(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസായിൻ വാള്യം 1 പേജ് 597-598 അടിക്കുറിപ്പ്)

എന്റെ സ്നേഹിതനെപോലെ ആരുമില്ല. ആ മഹാത്മാവിനെ കാണുമ്പോൾ ചന്ദ്രനും സൂര്യനും ഒരു വിലയുമില്ല. ഇതുപോലെ ശോഭയാർന്ന മുഖകമലവും എന്റെ പ്രിയപ്പെട്ടവനെപോലെ വസന്തം പെയ്യുന്ന പൂന്തോട്ടവും എവിടെയാണുള്ളത്?

സ്വലാത്ത് എങ്ങനെയാണ് ചൊല്ലേണ്ടതെന്നതിനെ സംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ഉദാരവാനായ അല്ലാഹു തന്റെ സമ്പൂർണമായ അനുഗ്രഹങ്ങൾ തന്റെ ഉദാരവാനായ നബി(സ)യിൽ ഇറക്കണം എന്നുദ്ദേശ്യത്തോടുകൂടി സ്വലാത്ത് ചൊല്ലേണ്ടതാണ്. ആ മഹാത്മാവിനെ മുഴുലോകത്തിനും അനുഗ്രഹങ്ങളുടെ അരുവിയാക്കണം. ആ മഹാത്മാവിന്റെ മഹത്ത്വവും ആ മഹാത്മാവിന്റെ പ്രൗഢിയും ഗാംഭീര്യവും ഈ ലോകത്തും പരലോകത്തും പ്രകടമാകണം. ഈ പ്രാർഥന ഹൃദയസാന്നിധ്യത്തോടുകൂടി ചെയ്യേണ്ടതാണ്;നാശത്തിന്റെ നേരത്ത് ഒരു വ്യക്തി പ്രാർഥിക്കുന്നതുപോലെ." (ഇപ്രകാരം സ്വലാത്ത് ചൊല്ലിക്കൊണ്ട് ദുആ ചെയ്യേണ്ടതാണ്. നബി(സ) തിരുമേനിയുടെ സ്ഥാനത്തിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്;ഏതെങ്കിലും ബുദ്ധിമുട്ടിൽ അകപ്പെട്ടുകഴിഞ്ഞാൽ മനുഷ്യൻ ദുആ ചെയ്യുന്നതപോലെ). "എന്നല്ല അതിനേക്കാൾ ഹൃദയസാന്നിധ്യത്തോടും വേവലാതിയോടുംകൂടി ദുആ ചെയ്യേണ്ടതാണ്." പറഞ്ഞു: 'ഇതിൽ എനിക്ക് ഇന്ന പുണ്യമുണ്ടാകണം അല്ലെങ്കിൽ ആ സ്ഥാനം കിട്ടണം എന്നുതുടങ്ങി തന്റേതായ ഒരു ഭാഗവും വെക്കാൻ പാടില്ല. മറിച്ച്, സമ്പൂർണമായ ദൈവീകാനുഗ്രഹങ്ങൾ നബി(സ) തിരുമേനിയുടെ മേൽ ഉണ്ടാകുകയും അതിന്റെ പ്രതാപം ദുൻയാവിലും ആഖിറത്തിലും വിളങ്ങുകയും ചെയ്യണമെന്ന ഒരേയൊരു ഉദ്ദേശ്യമായിരിക്കണം.'(മക്തൂബാത്തെ അഹ്മദിയ്യ, വാള്യം 1, പേജ് 523, 2008)

അതിനാൽ ശത്രു നമ്മെ എന്തുവേണമെങ്കിലും പറഞ്ഞുകൊണ്ടിരുന്നുകൊള്ളട്ടെ. നമ്മളുടെമേൽ എന്തു ആക്ഷേപങ്ങൾ വേണമെങ്കിലും ഉന്നയിച്ചുകൊണ്ടിരുന്നുകൊള്ളട്ടെ. നമ്മുടെ മനസ്സുകളിൽ നബി(സ)തിരുമേനിയോടു സ്നേഹമാണുള്ളത്. എല്ലാവരെക്കാളുമുപരി നമുക്ക് ഖാത്തമുന്നബിയ്യീനെ കുറിച്ചുള്ള ഗ്രാഹ്യമുണ്ട്. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്കു നല്കിയതാണ്. ശത്രുക്കളുടെ ഓരോ ആക്രമണത്തിനും ഓരോ അക്രമത്തിനും ശേഷം മുമ്പത്തെക്കാളുപരി നമ്മുടെ ഈമാനിൽ ദൃഢചിത്തരായിക്കൊണ്ട് മുന്നോട്ടുപോകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെമേൽ മുമ്പത്തെക്കാളേറെ സ്വലാത്തു ചൊല്ലുന്നവരാകട്ടെ. മുസ്‌ലീംകൾക്കും ആ മഹാത്മാവിന്റെ ഈ സ്ഥനം ശരിയായി ഗ്രഹിക്കുവാനും വഴിതെറ്റിക്കിടക്കുന്ന മുസ്‌ലീംകളെ ശരിയായ വഴിയിൽ കൊണ്ടുവരാനും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**പേജ് 2ൽ നിന്ന്**

തുജേ ഹംദ് വ ഥനാ സേബാ ഹേ പ്യാരേ
കെഃ തൂനെ കാം സബ് മേരെ സുൻവാരെ

എന്ന പദ്യം തൻവീർ അഹ്മദ് നാസിർ സാഹിബ് ആലപിച്ചു. ഈ യോഗത്തിന്റെ ആദ്യത്തെ പ്രഭാഷണം നാളിർ ഇസ്‌ലാഹോ ഇർശാദ് മർക്കസിയ മൗലാനാ മുസ്സഫർ അഹ്മദ് സാഹിബിന്റേതായിരുന്നു. 'ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം ദൈവ സഹായത്തിന്റെ വെളിച്ചത്തിൽ' എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. അദ്ദേഹം പ്രസംഗത്തിന്റെ ആരംഭത്തിൽ സൂറത്തുൽമുജാദലയുടെ ആയത്ത് കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ ഇന്ന ല്ലാഹ ഖവിയുൻ അസീസ് തിലാവത്ത് ചെയ്തു. പ റഞ്ഞു. ആരംഭം മുതലേയുള്ള അല്ലാഹുവിന്റെ നടപ ടിക്രമത്തിന്റേയും അവന്റെ നിയമത്തിന്റേയും വെളിച്ച ത്തിൽ നമ്മൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദ ത്തിൽ ചിന്തിക്കുമ്പോൾ അവിടത്തെ സത്യസാക്ഷ്യം പകൽവെളിച്ചം പോലെ കാണാൻ കഴിയുന്നു. അവി ടത്തെ വിജയങ്ങൾ കാണുമ്പോൾ അദ്ദേഹം അല്ലാഹു വിന്റെ ദൂതനാണെന്ന കാര്യത്തിൽ ഒരുതരത്തിലുള്ള സംശയമോ സന്ദേഹമോ ഉണ്ടാകുകയില്ല.. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പേര് ആർക്കും അറിയുമാ യിരുന്നില്ല. എന്നാൽ, അല്ലാഹു ദുൻയാവിന്റെ അറ്റങ്ങ ളോളം അദ്ദേഹത്തിന് പ്രശസ്തി നൽകി. ഒരു ലോകം അദ്ദേഹത്തിന്റെ ജീവന് ശത്രുക്കളായിരുന്നു. എന്നാൽ, അല്ലാഹു അദ്ദേഹത്തെ കാത്തുസംരക്ഷിച്ചു. അദ്ദേ ഹത്തിനെതിരിൽ കേസുകൾ കൊടുത്തു. എന്നാൽ, അല്ലാഹു അദ്ദേഹത്തിന് മാന്യത നൽകി. ശത്രു പരാ ജയപ്പെട്ടു. ഇസ്‌ലാമിന്റെ പ്രചാരണത്തിനും ദീനിന്റെ പ്രബോധനത്തിനും വേണ്ടി ആത്മാർത്ഥരായവരുടെ ജമാഅത്തും അദ്ദേഹത്തിന് നൽകി.

യോഗത്തിന്റെ രണ്ടാമത്തെ പ്രഭാഷണം അഡീഷ ണൽ നാളിർ ഇസ്‌ലാഹോ ഇർശാദ് ജുനൂബി ഹിന്ദ് മൗലാന മുനീർ അഹ്മദ് ഖാദിം സാഹിബിന്റേതായി രുന്നു. ഹദ്‌റത്ത് അബൂഹുറയ്‌റ(റ), ഹദ്‌റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) എന്നിവ രുടെ ജീവചരിതമായിരുന്നു അദ്ദേഹത്തിന്റെ വിഷയം. ഹദ്‌റത്ത് അബൂഹുറയ്‌റ(റ)ന്റെ ജീവചരിത്രം വിവരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: അബൂഹുറയ്‌റ(റ) വളരെ താമസിച്ച് ഇസ്‌ലാം മതം സ്വീകരിക്കുകയും എന്നാൽ, മുന്നേ വന്നവരെക്കാളൊക്കെ മുമ്പേ നടക്കുകയും ചെ യ്ത ധന്യാത്മാവായിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ പേര് അബ്ദുശംസ് എന്നായിരുന്നു. വിശ്വസിച്ചതിനു ശേഷം നബി(സ) അദ്ദേഹത്തിന്റെ പേര് അബ്ദുർറ ഹ്മാൻ എന്നു വെച്ചു. അദ്ദേഹത്തിന്റെ ബന്ധം യമനി ലെ ദൗസി ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹത്തിന് മൂന്ന് വർഷത്തോളം നബി(സ)യുടെ സൽസംഗത്തിൽ ഇരിക്കാൻ ഭാഗ്യം കിട്ടി. അദ്ദേഹം സദാസമയവും മസ്ജിദിൽ തന്നെ കഴിച്ചുകൂട്ടി. വെളിയിൽ പോകാൻ ഇഷ്ടപ്പെട്ടിരുന്നില്ല. നബി(സ) തിരുമേനി എന്തെങ്കിലും പറയുകയും തനിക്ക് അത് കേൾക്കാൻ സാധിക്കാതെ വരികയും ചെയ്യുമോ എന്ന ചിന്തയായിരുന്നു അതിനു കാരണം. ഇക്കാരണത്താലാണ് അദ്ദേഹത്തിന് നബി തിരുമേനിയോടൊത്ത് കൂടുതൽ കാലം കഴിഞ്ഞവരേ ക്കാൾ അധികം മൂന്നുവർഷക്കാലയളവിൽ ഹദീഥു കൾ രചിക്കാൻ കഴിഞ്ഞത്.

ഹദ്‌റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ)ന്റെ ചരിത്രം അദ്ദേഹം വിവരിക്കുകയു ണ്ടായി. 1872ൽ ജലന്തർ ജില്ലയിലാണ് ജനിച്ചത്. 1957 സെക്കന്ത്രാബാദിൽ വഫാത്തായി. 1889ൽ ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന് 19 വർഷംതന്റെ പ്രിയപ്പെട്ട ഇമാം സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത സൽസംഗത്തിൽ ഇരിക്കാനും ആ മഹാ ത്മാവിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാനും ആ മഹാത്മാവിന്റെ ശിഷ്യത്വത്തിൽ ധാരാളം വൈജ്ഞാ നികപരമായ സേവനങ്ങൾ ചെയ്യാനും ഭാഗ്യം കിട്ടി. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം 48 വർഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ തണലിൽ മഹ ത്തായ സേവനം ചെയ്യാനും അദ്ദേഹത്തിന് തൗഫീഖ് കിട്ടി. 1897ൽ ഐതിഹാസികമായ അൽഹക്കം പത്രം ഖാദിയാനിൽനിന്ന് പ്രസിദ്ധീകരിച്ചുതുടങ്ങി. അദ്ദേ ഹത്തിന് പത്രാധിപ ജോലിയോടൊപ്പം തഫ്സീറുൽ ഖുർആനും മറ്റു ഗ്രന്ഥരചനകൾക്കുമുള്ള ജോലിയോ ടും വളരെ താൽപര്യമായിരുന്നു. അദ്ദേഹം രാജ്യത്തെ പത്രങ്ങളിൽ എഴുത്തുമുഖേന സംവാദങ്ങളും നടത്തി യിരുന്നു.

യോഗത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ പ്രസംഗം നാളിം ദാറുൽഖളാ മൗലാനാ സയ്നുദ്ദീൻ സാഹിബ് ഹാമിദിന്റേതായിരുന്നു. 'വസിയ്യത്ത് വ്യവ സ്ഥിതിയുടെ പ്രാധാന്യം' എന്നതായിരുന്നു അദ്ദേ ഹത്തിന്റെ വിഷയം. ഇസ്‌ലാമിന്റെ കളഞ്ഞുപോയ മഹത്വത്തെ വീണ്ടും സ്ഥാപിക്കുന്നതിനും അതിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിനുംവേണ്ടി അല്ലാ ഹു ഇക്കാലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) നെ ഖാദിയാൻ എന്ന പരിശുദ്ധ സ്ഥലത്ത് നിയോഗിക്കു കയുണ്ടായി. ഈ മഹത്തായ ലക്ഷ്യത്തിന്റെ പൂർത്തീ കരണത്തിനായി അല്ലാഹു വാനവവും ഭൗമികവുമായ ധാരാളം മാർഗങ്ങളിലൂടെ ആ മഹാത്മാവിനെ സഹാ യിക്കുകയുണ്ടായി. അവയിൽ ഒരു മഹത്തായ മാർഗം ദിവ്യമായ വസിയ്യത്ത് വ്യവസ്ഥിതിയാണ്. സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കല്പ നയാൽ 1905 ൽ വസിയ്യത്തിന്റെ ദിവ്യവ്യവസ്ഥിതി തുട ങ്ങി. വസിയ്യത്ത് വ്യവസ്ഥിതി ഖിലാഫത്തിനുവിധേയ മായിട്ടുള്ള ഒരു വ്യവസ്ഥിതിയാണ്. അത് ദീനീപരവും ആത്മീയപരവുമായ പരിഷ്കരണത്തോടും വളർച്ച യോടുംകൂടി ലോകത്തിലെ സാമ്പത്തികവും സാമൂ ഹികവുമായ പ്രശ്നങ്ങൾക്കുള്ള ഉത്തമമായ പരിഹാ രവും സമർപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരു ടേയും ഉപദേശനിർദേശങ്ങളും അവതരിപ്പിക്കുകയു ണ്ടായി. അതിനുശേഷം താഴെ പറയുന്ന അതിഥികൾ തങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് സംസാരിക്കുകയു ണ്ടായി

**നേപ്പാൾ നാഇബ് നാഷണൽ സദ്ർ ഡോക്ടർ മുഹ മ്മദു ഇസ്മായീൽ:-** അദ്ദേഹം പറഞ്ഞു:'മുമ്പേ രാജാ ക്കന്മാരുടെ ഭരണമായിരുന്നു നേപ്പാളിൽ. തബ്‌ലീഗി നുള്ള അനുവാദമുണ്ടായിരുന്നില്ല. ഇപ്പോൾ ഇവിടെ ജനാധിപത്യ ഭരണമാണ്.' പറഞ്ഞു:'അല്ലാഹുവിന്റെ കൃപയാൽ ഇപ്പോൾ നേപ്പാളിൽ ഒരുപാട് പ്രവർത്തന ങ്ങൾ നടന്നുവരുന്നുണ്ട്. ജമാഅത്തിന്റെ സെന്ററുണ്ട്. മസ്ജിദ് നിർമിച്ചിട്ടുണ്ട്. ഹോമിയോപ്പതി ഡിസ്പൻസ റികൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു മിഡിൽ സ്കൂളും നടന്നു വരുന്നുണ്ട്. നേപ്പാളിൽ ജൽസ സാലാനയും നടത്താൻ തുടങ്ങിയിട്ടുണ്ട്. നേപ്പാളീ ഭാഷയിൽ വിശുദ്ധ ഖുർ ആൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജമാഅത്തിന്റെ സാഹിത്യ ങ്ങളും നേപ്പാളീ ഭാഷയിൽ പ്രസിദ്ധീകരിച്ചു വരുന്നു. ഈ വർഷം നേപ്പാളിൽനിന്ന് 56 ആളുകൾ ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നുണ്ട്.

സുയൂത്തി അസീസ് സാഹിബ് ഇന്തൊനേഷ്യ: സയ്യി ദുനാ ഹദ്‌റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2015 ഡിസംബർ 25 ന് ചെയ്ത ഖുത്‌ബ യിൽ പറഞ്ഞു:'ചാർട്ടർ ഫ്ളൈറ്റ്സുകളിൽ ഖാദിയാനി ലെ ജൽസയിൽ പങ്കെടുക്കാൻ ആളുകൾവരുന്ന കാ ലവും വിദൂരമല്ല.' അല്ലാഹു ഇന്തൊനേഷ്യയിലെ അ ഹ്മദികൾക്ക് ചാർട്ടർ വിമാനം മുഖേന ഖാദിയാനി ലെ ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് നല്കിയി രിക്കുന്നു. അദ്ദേഹം ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റേയും ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടേയും ഖുത്ബകൾ ഉദ്ധരിച്ചുകൊണ്ട് ഉപര്യുക്ത പ്രവചനം പുലർന്ന ഈമാൻ ദൃഢീകരിക്കു ന്ന സംഭവം വിവരിക്കുകയുണ്ടായി. (തുടരും)

# ഹദ്‌റത്ത് മയ്‌മൂന(റ)

**ഭാഗം 3**

ഈ ഹദീഥിൽനിന്ന് പരിശുദ്ധ പത്നിമാർക്ക് സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാനുള്ള അധികാരവും ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. പക്ഷേ, ഉടനെതന്നെ നബി(സ)തിരുമേനിയോടു പ റഞ്ഞുകൊണ്ട് അനുസരണത്തിന്റെ ഉദാത്ത മാതൃക കാണിക്കുകയും ചെയ്തു. ഹദ്‌റത്ത് മയ്‌മൂന(റ) അതു ചെയ്തത് അല്ലാഹുവിന്റെ പ്രതിഫലത്തിനു വേണ്ടിയായിരുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് കൂടു തൽ പ്രതിഫലം കിട്ടാവുന്ന മാർഗവും പറഞ്ഞുകൊ ടുത്തു. അതായത് അടുത്ത ബന്ധുക്കളിലാരെങ്കിലും അർഹരായിട്ടുണ്ടെങ്കിൽ സമ്മാനത്തിന്റെ അല്ലെങ്കിൽ സ്വദഖയുടെ വസ്തുക്കൾ അവർക്കു നല്കിയാൽ കൂടുതൽ പ്രതിഫലം കിട്ടുന്നതാണ്.

നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആ മഹാത്മാവിന്റെ സ്വഭാവം മനസ്സിലാക്കുന്നതിലുള്ള സാമർഥ്യവും മനസ്സിലാക്കിത്തരുന്ന ഒരു സംഭവമുണ്ട്.

ഒരിക്കൽ ഹദ്‌റത്ത് മയമൂന(റ)യുടെ ഗോത്രമായ ബനൂഹിലാലിന്റെ ഒരു സംഘം നബി(സ)യുമായി കൂടിക്കാഴ്ച നടത്താനും ഇസ്‌ലാം സ്വീകരിക്കാനു മായി വന്നു. ആ സംഘത്തിൽ സയ്യാദ് ബിൻ അബ് ദുല്ലാഹ് ബിൻ മാലിക് ആമിരിയുമുണ്ടായിരുന്നു. ഹദ്‌റത്ത് മയ്‌മൂന(റ)യുടെ സഹോദരി പുത്രനാ ണ് അദ്ദേഹം. അയാൾ വന്നപ്പോൾ നബി(സ)വീട്ടി ലുണ്ടായിരുന്നില്ല. നബി(സ)വീട്ടിൽ വന്നപ്പോൾ അപ രിചിതനായ ഒരാൾ വീട്ടിലിരിക്കുന്നത് കണ്ട് ആ തിരു മുഖത്ത് അനിഷ്ടകരമായ നേരിയൊരു ഭാവം നിഴ ലിക്കുന്നത് അവർ കണ്ടു. ഹദ്‌റത്ത് മയ്‌മൂനായ്ക്ക് കാര്യം മനസ്സിലായി. ഉടനെ പറഞ്ഞു, അല്ലാഹുവി ന്റെ റസൂലേ! ഇതെന്റെ സഹോദരിയുടെ മകനാ ണ്. ബനൂഹിലാലിന്റെ സംഘത്തിൽ വന്നതാണ്. എ ന്നെക്കാണാനാണ് ഇവിടെ വന്നത്. അപ്പോൾ നബി (സ)സന്തോഷിക്കുകയും അനുഗ്രഹവും കാരുണ്യ വും ഉണ്ടാകാൻ പ്രാർഥിക്കുകയും ചെയതു.

ഒരിക്കൽ ഹദ്‌റത്ത് മയ്‌മൂനാ(റ)യുടെ ഒരു ബന്ധു അവരെ കാണാൻ വന്നു. അയാൾ സംസാരിക്കാൻ തുടങ്ങിയപ്പോൾ വായിൽനിന്ന് മദ്യത്തിന്റെ നാറ്റം വന്നു. നബി(സ) അയാളോട് ഇനി ഇവിടെ വന്നുപോ കരുതെന്ന് പറഞ്ഞ് ദ്വേഷപ്പെട്ടു.


ഹദ്‌റത്ത് മയ്‌മൂന(റ)യ്ക്ക് അങ്ങേയറ്റം സ്നേഹി ക്കുന്ന തന്റെ ഭർത്താവുമൊത്ത് വെറും മൂന്നു വർ ഷം കഴിയാനെ സാധിച്ചുള്ളൂ. ഈ മൂന്നു വർഷ ത്തിനുള്ളിൽ അവർ സമ്പാദിച്ചത് വിലപിടിച്ച സ്വത്താ യിരുന്നു.

ഹിജറ വർഷം 51–ൽ ഹദ്‌റത്ത് മയ്‌മൂന(റ)ഹജ്ജി നു പോയി. അവിടെവച്ച് സുഖമില്ലാതെയായി. തന്റെ സമയം അടുത്തിരിക്കുന്നവെന്ന് അവർക്കു മനസ്സി ലായി. തന്നെ മക്കയിൽനിന്ന് 'സരിഫിൽ' കൊണ്ടു പോകാൻ അവർ ബന്ധുക്കളോടു പറഞ്ഞു. ഇവിടെ വെച്ചാണ് അവരുടെ വിവാഹം നടന്നത്. അവിടെവച്ച് അവർ മരിക്കുകയും ചെയ്തു. തമ്പിൽവച്ച് നബി(സ) തിരുമേനിയെ ആദ്യമായി കണ്ടുമുട്ടിയ അതേ സ്ഥല ത്ത് മറയടക്കപ്പെട്ടു. ഹദ്‌റത്ത് മയ്‌മൂനാ(റ)യുടെ സ ഹോദരി പുത്രനായ അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) ജനാസ നമസ്കരിപ്പിച്ചു. ഖബ്റിൽ മയ്യിത്തിറക്കാനു ള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചു. ജനാസ തോ ളിലേറ്റിയപ്പോൾ ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അ ബ്ബാസ്(റ)പറഞ്ഞു, 'ഇത് അല്ലാഹുവിന്റെ റസൂലിന്റെ ഭാര്യയാണ്. ജനാസയ്ക്ക് ഇളക്കം തട്ടാതെ സാവ കാശം ആദരവോടെ കൊണ്ടുപോകുക.'

നബി(സ)തിരുമേനിയുടെ ഭാര്യമാരുടെ മനസ്സുക ളിലുണ്ടായിരുന്ന നബിയോടുള്ള സ്നേഹം, ആ മഹാ ത്മാവിൽനിന്ന് അവർ ആർജിച്ചെടുത്ത നല്ലസ്വാധീനം അതെപ്പോഴും അവരുടെ ഹൃദയാന്തരംഗങ്ങളിൽ തുടിച്ചുകൊണ്ടിരുന്നു. ഹദ്‌റത്ത് മയമൂന(റ) തന്റെ അവസാന നിമിഷമെത്തിയപ്പോൾ താൻ നബി(സ) യെ ആദ്യം കണ്ടുമുട്ടിയ സ്ഥലത്തു, തന്നെ ഖബ് റടക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. (19)

ഹദ്‌റത്ത് മയമൂന(റ)യെയാണ് നബി(സ) അവസാ നമായി വിവാഹം ചെയ്തത്. അതിനു ശേഷം കൂടുതൽ വിവാഹം കഴിക്കുന്നത് അല്ലാഹു വിലക്കി. (സൂറഃ അഹ്സാബ് 53) നബിയുടെ ഭാര്യമാരെ വിവാ ഹം കഴിക്കാൻ അനുവദമില്ലെന്ന് മുസ്‌ലീംകളോടു പറയുകയും ചെയ്തു. കാരണം അവരുടെ പദവിയും സ്ഥാനവും ഉമ്മയുടേതാണ്.(സൂറഃ അഹ്സാബ് –7)

(ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീ കരിച്ച അമത്തുർറശീദ് അർസലയുടെ ഉമ്മുൽമുഅ് മിനീൻ ഹദ്‌റത്ത് മയ്‌മൂന(റ) എന്ന ലഘുകൃതിയോ ടു കടപ്പാട്)



# ഖുത്ബ ജുമുഅ

**അഹ്മദിയ്യാ ജമാഅത്തിനോടുള്ള ശത്രുതയും ജമാഅത്തിലെ അംഗങ്ങളുടെമേൽ എതിരാളികൾ ചെയ്യുന്ന അക്രമങ്ങളും പുതിയ കാര്യമൊന്നുമല്ല. പ്രവാചകന്മാരുടെ ജമാഅത്തുകളോടുള്ള എതിർപ്പും പുതിയ കാര്യമല്ല. എല്ലാ ശയ്ത്വാന്മാരും സംഘടിച്ചുകൊണ്ടാണ് എതിർക്കുന്നത്. ഉലമായും ലീഡർമാരും അത്ഭുതകരമായ തരത്തിലുള്ള കാര്യങ്ങൾ പ്രവാചകന്മാരേയും അവരെ വിശ്വസിക്കുന്നവരേയും കുറിച്ച് പൊതുജനങ്ങളുടെ മുമ്പിൽ വിവരിക്കുകയും അവരെ പ്രകോപിതരാക്കുകയും ചെയ്യുന്നു. വിദ്വേഷങ്ങളുടെ അഗ്നികൾ ആളിക്കത്തിക്കാൻ ശ്രമിക്കുന്നു.**

**അഹ്മദികളായ നമ്മുടെമേൽ ഇപ്പോൾ അക്രമം അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്നും അതുകൊണ്ട് നമ്മൾ അക്രമത്തിനുള്ള മറുപടി അക്രമംകൊണ്ട് നല്കേണ്ടതാണെന്നും പറയുന്ന ചിലയാളുകളുണ്ട്. എത്രനാൾ നമ്മളിങ്ങനെ ബുദ്ധിമുട്ടുകൾ സഹിക്കണം! ഇത്തരക്കാർ ഒന്നോ രണ്ടോ അല്പം ചിലരോ ആണെങ്കിൽത്തന്നെയും! അവർ ചില യുവാക്കളുടെ മനസ്സുകളിൽ വിഷം കലർത്താൻ ശ്രമിക്കുന്നു. നമുക്ക് നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാനും നമ്മുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി ഭൗതികമായ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും പറയുന്നു! ഇത് അജ്ഞതയുടെ വർത്തമാനങ്ങളാണ്. അങ്ങേയറ്റം തെറ്റായ ചിന്താഗതിയാണ്.**

**അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു വിജയത്തിന്റേയും സഹായത്തിന്റേയും അഭിവൃദ്ധിയുടേയും വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, അക്രമത്തിനുള്ള മറുപടി അക്രമംകൊണ്ട് നല്കലല്ല. മറിച്ച് മൈത്രിയോടും സ്നേഹത്തോടും ദുആയോടുംകൂടിയായിരിക്കണം ഇതു ചെയ്യേണ്ടതെന്ന് അവിടന്ന് (അ) നമുക്ക് ആവർത്തിച്ചാവർത്തിച്ച് മനസ്സിലാക്കിത്തന്നിരിക്കുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിയും ശത്രുവിന്റെ നാശവും ദുആ മുഖേനയാണ് ഉണ്ടാകേണ്ടത്. ഇൻശാഅല്ലാഹ്. അതുകൊണ്ട് തങ്ങളുടെ അവസ്ഥകളെ അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് വാർത്തെടുത്തും സ്വന്തം ഉള്ളിൽ തഖ്വാ ഉണ്ടാക്കിയുംക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക.**

**ഒന്നോ അരയോ വ്യക്തിപോലും ജമാഅത്തിന്റെ അധ്യാപനത്തിന്നെതിരെ കാര്യങ്ങൾ പറയുമ്പോൾ അത് ശത്രുക്കൾക്ക് നമുക്കെതിരെ കൂടുതൽ എതിർക്കാൻ അവസരം നല്കലായിരിക്കും. അത്തരം കാര്യങ്ങൾ വാട്ട്സ്ആപ്പിലോ ടിറ്ററിലോ ഫെയ്സ് ബുക്കിലോ മറ്റേതെങ്കിലും രീതിയിലോ വരുമ്പോൾ പ്രത്യേകിച്ചും!**

**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്കു നല്കിയിരിക്കുന്ന അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ആ നേർമാർഗത്തിൽ നടക്കുകയും വേണം. നമ്മൾ ചീത്തവിളികൾക്കുള്ള മറുപടി ചീത്തവിളിയിലൂടെ നല്കാൻ പാടില്ല. കുഴപ്പങ്ങൾക്കുള്ള മറുപടി കുഴപ്പങ്ങളുണ്ടാക്കി നല്കാനും പാടില്ല. നിയമങ്ങൾ കൈയിലെടുത്ത് നല്കാനും പാടില്ല. അതിനാൽ ഒരേയൊരു വഴിയെ ഉള്ളു, അല്ലാഹുവിന്റെ വാതിൽ പിടിക്കുകയും ദുആയെ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്യുക.**

**അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന ദുആയുടെ ആ നിലവാരം കരസ്ഥമാക്കിയോ എന്ന് നമ്മളിൽ എല്ലാ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ ഭൗതികമായ കാര്യഹേതുക്കളിലേക്ക് ദൃഷ്ടിപതിക്കുന്നതിന് പകരം ദുആ സ്വീകരിക്കപ്പെടുന്ന ഇടംവരെ നമ്മുടെ ആത്മാവിനെ വിനയത്തിന്റെ ഈ നിലവാരത്തിലേക്ക് കൊണ്ടുപോയോ? നമ്മുടെ ജോലി ക്ഷമയോടും ദുആയോടും കൂടി അല്ലാഹുവിന്റെ കോന്തല പിടിച്ചുകൊണ്ടേയിരിക്കുക എന്നതാണ്. നമ്മളിൽ ആരെങ്കിലും അക്ഷമ കാണിക്കുന്നുവെങ്കിൽ സ്വന്തം നഷ്ടമാണ് അവനുണ്ടാക്കുക.**

**മറ്റ് മുസ്ലിംകൾക്ക് നേതാവില്ലാത്തതുകൊണ്ട് അവരിൽ ഭിന്നിപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. തഖ്വാ അഥവാ ദൈവഭക്തിയിൽനിന്ന് അകൽച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ, അഹ്മദീമുസ്ലിംകളായ നമ്മൾക്ക് അല്ലാഹു ഒരു മാർഗദർശിയെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ പ്രദാനം ചെയ്തിരിക്കുകയാണ്. നമ്മുടെ എല്ലാ കർമങ്ങളും ഇസ്ലാമിക അധ്യാപനമനുസരിച്ച് ഉണ്ടാകേണ്ടതാണ്. നമ്മുടെ എല്ലാ കാര്യങ്ങളും തഖ്വയിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്. താൽക്കാലികമായ ആവേശങ്ങളിൽനിന്ന് നമ്മൾ രക്ഷപ്പെടേണ്ടതാണ്.**

**പ്രതികൂല അവസ്ഥകളിൽ കാലത്തിന്റെ ഇമാം പറഞ്ഞിട്ടുള്ള ഉപദേശങ്ങളും നിർദേശങ്ങളുമനുസരിച്ച് നമ്മൾ പ്രവർത്തിക്കുന്നില്ലെങ്കിൽ അനുസരണം കാരണത്താൽ അല്ലാഹുവിൽനിന്ന് നമുക്ക് കിട്ടേണ്ട പ്രകാശത്തിൽനിന്ന് നമ്മൾ അകന്നുപോകുന്നതാണ്. അതുകൊണ്ട് ആദ്യം നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമാണുള്ളത്. അല്ലാഹുവിന്റെ പ്രകാശം കാണുംവിധം നമ്മുടെ തഖ്വയുടെ നിലവാരം ഉയരുകയും നമ്മുടെ ദുആകൾ അല്ലാഹു ആഗ്രഹിക്കുന്ന, ഒരു ശരിയായ നിലയിലുള്ള ദുആ ചെയ്യുന്നവന്റെ പരിധിയെ സ്പർശിക്കുന്നതാകുകയും ചെയ്യുമ്പോൾ നമുക്ക് അല്ലാഹുവിന്റെ സഹായവും തുണയും സമീപസ്ഥമായിരിക്കുന്നുവെന്ന ദൃഢബോധ്യമുണ്ടാകേണ്ടതാണ്.**

**ഈ പരീക്ഷണത്തിന്റെ കാലം തീർച്ചയായും അവസാനിക്കാൻ പോകുകയാണ്. പക്ഷേ, അതിന് വേഗം കൂട്ടുന്നതിന് നമുക്ക് നമ്മുടെ തഖ്വയുടെ നിലവാരം ഉയർത്തുന്നതിനും ഉയർത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമുണ്ട്.**

**ചക്കുവാൽ ജില്ലയിലെ ദുൽമിയാലിലെ മലിക് അയ്യൂബ് അഹ്മദ് സാഹിബിന്റെ മകൻ മലിക് ഖാലിദ് ജാവേദ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 23-12-2016/1395 നുബുവ്വത്ത് 23**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

അഹ്മദിയ്യാ ജമാഅത്തിനോടുള്ള ശത്രുതയും ജമാഅത്തിലെ അംഗങ്ങളുടെമേൽ എതിരാളികൾ ചെയ്യുന്ന അക്രമങ്ങളും പുതിയ കാര്യമൊന്നുമല്ല. പ്രവാചകന്മാരുടെ ജമാഅത്തുകളോടുള്ള എതിർപ്പും പുതിയ കാര്യമല്ല. എല്ലാ ശയ്ത്വാന്മാരും സംഘടിച്ചുകൊണ്ടാണ് എതിർക്കുന്നത്. ഉലമായും ലീഡർമാരും അത്ഭുതകരമായ തരത്തിലുള്ള കാര്യങ്ങൾ പ്രവാചകന്മാരേയും അവരെ വിശ്വസിക്കുന്നവരേയും കുറിച്ച് പൊതുജനങ്ങളുടെ മുമ്പിൽ വിവരിക്കുകയും അവരെ പ്രകോപിതരാക്കുകയും ചെയ്യുന്നു. വിദ്വേഷങ്ങളുടെ അഗ്നികൾ ആളിക്കത്തിക്കാൻ ശ്രമിക്കുന്നു. അല്ലാഹു ഇക്കാര്യങ്ങൾ വിശുദ്ധ ഖുർആനിൽ വിശദീകരിച്ചുകൊണ്ട് എല്ലാ റസൂൽമാർക്കും എതിർപ്പുണ്ടാകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എതിർപ്പുണ്ടാകാത്തതായ ഒരു നബിയും ഉണ്ടായിട്ടില്ല. നബിമാരെ പരിഹസിക്കുകയും ചെയ്യുന്നു. അവരുടെ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കാൻ ശയ്ത്വാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അതിനാൽ അഹ്മദിയ്യാ ജമാഅത്ത് ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്നത് പുതിയ കാര്യമല്ല. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് അല്ലാഹു ഒരിടത്തു പറയുന്നു: *വ കദാലിക്ക ജഅൽനാ ലികുല്ലി നബിയ്യിൻ അദുവ്വൻ ശയാത്വീനൽ ഇൻസി വൽ ജിന്നി യൂഹീ ബഅ്ളുഹും ഇലാ ബഅ്ളിൻ സുഖ്റുഫൽഖൗലി ഗുറൂറാ* ഇതേ പ്രകാരം നാം ഓരോ പ്രവാചകനും 'ഇൻസിൽ'നിന്നും 'ജിന്നിൽ'നിന്നുമുള്ള ധിക്കാരികളെ ശത്രുക്കളാക്കിയിട്ടുണ്ട്. വഞ്ചിക്കുന്നതിന് അവർ പരസ്പരം മോഹനവാക്കുകൾ ബോധിപ്പിക്കുന്നു(6:113) അതായത് വഞ്ചനാപരമായ ചിന്താഗതികൾ ജനമനസ്സുകളിൽ ഇടുന്നു.

അല്ലാഹു പറഞ്ഞ ഇക്കാര്യം ഇന്നും സത്യമായി പുലർന്നുവരുന്നു. ഈ ധിക്കാരികളായ ഉലമാ ദീനിന്റെ പേരിൽ ജനങ്ങളെ വഞ്ചിക്കുന്നു. വഞ്ചിച്ചുകൊണ്ട് സാധാരണക്കാരെ പ്രകോപിതരാക്കുന്നു. ചില ലീഡർമാരും അവരോടൊപ്പം ചേർന്നിരിക്കുകയാണ്. അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദിനേയും(അ) ആ മഹാത്മാവിന്റെ ജമാഅത്തിനേയും കുറിച്ച് പറയുന്നു. അതിന് യാഥാർഥ്യവുമായി ഒരു ബന്ധവുമില്ല. ഇപ്രകാരംതന്നെ മറ്റു കാര്യങ്ങളും ഇക്കൂട്ടർ ജമാഅത്തിനെ കുറിച്ച് പറഞ്ഞു നടക്കുന്നുണ്ട്. അല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പരിഹസിക്കുന്നുണ്ട്. ഇതൊക്കെത്തന്നെയാണ് പ്രവാചകന്മാരോടുണ്ടാകുന്നതെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു. അവർക്കെതിരിൽ കളവും പറയുന്നു. അവരെ പരിഹസിക്കുകയും ചെയ്യുന്നു. അവരെക്കുറിച്ച് തമാശകളും പറയുന്നു. അതിനാൽ

സത്യസന്ധനും ഈമാനിൽ അടിയുറച്ചുനിൽക്കുന്നവനുമായ ഒരു അഹ്മദിക്ക് ഈ എതിർപ്പുകളും ബുദ്ധിമുട്ടിക്കുന്നതും ഈമാന്റെ വർധനവിന് നമിത്തമാകുകയാണ് ചെയ്യുന്നത്. പക്ഷേ, അഹ്മദികളായ നമ്മുടെമേൽ ഇപ്പോൾ അക്രമം അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്നും അതുകൊണ്ട് നമ്മൾ അക്രമത്തിനുള്ള മറുപടി അക്രമംകൊണ്ട് നല്കേണ്ടതാണെന്നും പറയുന്ന ചിലയാളുകളുണ്ട്. എത്രനാൾ നമ്മളിങ്ങനെ ബുദ്ധിമുട്ടുകൾ സഹിക്കണം! ഇത്തരക്കാർ ഒന്നോ രണ്ടോ അല്പം ചിലരോ ആണെങ്കിൽത്തന്നെയും! അവർ ചില യുവാക്കളുടെ മനസ്സുകളിൽ വിഷം കലർത്താൻ ശ്രമിക്കുന്നു. നമുക്ക് നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാനും നമ്മുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി ഭൗതികമായ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും പറയുന്നു! ഇത് അജ്ഞതയുടെ വർത്തമാനങ്ങളാണ്. അങ്ങേയറ്റം തെറ്റായ ചിന്താഗതിയാണ്. ഒന്നുകിൽ ഇക്കൂട്ടർ ആവേശത്തിമിർപ്പിൽ നമ്മുടെ അടിസ്ഥാനപരമായ അധ്യാപനങ്ങൾ എന്താണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെന്നും ബുദ്ധിമുട്ടുകൾ സഹിക്കുന്നതിന് എന്ത് ഉപദേശങ്ങളാണ് അവിടന്ന് നല്കിയിട്ടുള്ളതെന്നും മറന്നുപോയിരിക്കുന്നു. അല്ലെങ്കിൽ നമ്മളോടു സഹതാപം നടിച്ചുകൊണ്ട് അത്തരക്കാർ ജമാഅത്തിൽ ഭിന്നിപ്പുണ്ടാക്കാൻ ആഗ്രഹിക്കുന്നു. ജമാഅത്ത് വർധിക്കുന്തോറും എതിരാളികൾ വിവിധ മാർഗങ്ങളിലൂടെ ആക്രമണം നടത്തുന്നു. വിവിധ രീതിയിൽ പരീക്ഷിക്കുന്നു. ഇതും ഒരു മാർഗമാകാനും ഇടയുണ്ട്.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു വിജയത്തിന്റേയും സഹായത്തിന്റേയും അഭിവൃദ്ധിയുടേയും വാഗ്ദാനം ചെയ്തിരിക്കുന്നു. പക്ഷേ, അക്രമത്തിനുള്ള മറുപടി അക്രമംകൊണ്ട് നല്കലല്ല. മറിച്ച് മൈത്രിയോടും സ്നേഹത്തോടും ദുആയോടുംകൂടിയായിരിക്കണം ഇതു ചെയ്യേണ്ടതെന്ന് അവിടന്ന് (അ) നമുക്ക് ആവർത്തിച്ചാവർത്തിച്ച് മനസ്സിലാക്കിത്തന്നിരിക്കുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിയും ശത്രുവിന്റെ നാശവും ദുആ മുഖേനയാണ് ഉണ്ടാകേണ്ടത്. ഇൻശാ അല്ലാഹ്. അതുകൊണ്ട് തങ്ങളുടെ അവസ്ഥകളെ അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് വാർത്തെടുത്തും സ്വന്തം ഉള്ളിൽ തഖ്വാ ഉണ്ടാക്കിയുംകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. മസീഹ് മൗഊദ് വരേണ്ടിയിരുന്നതും സമാധാനത്തിന്റെ രാജകുമാരനായിക്കൊണ്ടാണ്. അദ്ദേഹം വന്നു. തന്നെ വിശ്വസിക്കുന്നവരോടു ആദ്യദിവസംമുതൽത്തന്നെ അവിടന്ന് പറഞ്ഞിട്ടുള്ളത് തന്റെ വഴികൾ എളുപ്പമുള്ള വഴികളല്ലെന്നാണ്. അവയിൽ വലിയ കടുപ്പമുള്ള വഴികളുണ്ട്. ഇവിടെ വികാരങ്ങളേയും കൊല്ലേണ്ടിവരും. ശാരീരികവും സാമ്പത്തികവുമായ നഷ്ടങ്ങളും സഹിക്കേണ്ടിവരും. അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തംഗങ്ങൾ ഈ വഴിയിൽ എല്ലാ തരത്തിലുള്ള ത്യാഗങ്ങളും ചെയ്തുവരുന്നു. ഞാൻ കഴിഞ്ഞ ഖുത്ബയിലും പറഞ്ഞിരുന്നതുപോലെ തങ്ങൾ ശത്രുക്കളുടെ ആക്രമണങ്ങളെ ഭയപ്പെടുന്നില്ലെന്നും തങ്ങളുടെ ഈമാൻ മുമ്പത്തെക്കാൾ ശക്തമായിക്കൊണ്ടിരിക്കുന്നുവെന്നും അവർ എനിക്കെഴുതുന്നു. പക്ഷേ, ഒന്നോ അരയോ വ്യക്തിപോലും ജമാഅത്തിന്റെ അധ്യാപനത്തിന്നെതിരെ കാര്യങ്ങൾ പറയുമ്പോൾ അത് ശത്രുക്കൾക്ക് നമുക്കെതിരെ കൂടുതൽ എതിർക്കാൻ അവസരം നല്കലായിരിക്കും. അത്തരം കാര്യങ്ങൾ വാട്ട്സ്ആപ്പിലോ ടിറ്റ്വറിലോ ഫെയ്സ് ബുക്കിലോ മറ്റേതെങ്കിലും രീതിയിലോ വരുമ്പോൾ പ്രത്യേകിച്ചും! എതിരാളികളുടെ അക്രമത്തിനും ബലാൽക്കാരത്തിനുമെതിരിൽ, അക്രമവും ബലാൽക്കാരവും കാണിക്കാൻ പാടില്ലെന്ന അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുവരുന്നവരാണ് നമ്മൾ. ഇത്തരം പ്രകടനങ്ങൾ നമ്മൾ നടത്താൻ പാടില്ല. ഭരണകൂടത്തോടു നമ്മൾ ആയുധങ്ങൾകൊണ്ട് പോരാടാനും പാടില്ല. നമ്മുടെ പോരാട്ടം ദുആകളുടെ ആയുധങ്ങൾ കൊണ്ടാണ്. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കിയ പാഠവും ഇതുതന്നെയാണ്; അല്ലാഹുവിന്റെ സഹായവും അവന്റെ സ്നേഹവും കരസ്ഥമാക്കണമെങ്കിൽ ശത്രുക്കളുടെ ആക്രമണങ്ങൾക്കും അതിക്രമങ്ങൾക്കുമുള്ള മറുപടി അതേ രീതിയിൽ കൊടുക്കാതിരിക്കുക. മറിച്ച് സഹനവും ദുആയുംകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. അപ്പോഴായിരിക്കും നമ്മൾ വിജയങ്ങൾ കാണുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: ആദ്യം അവിടന്ന് ഒരു ഫാർസി കവിതയുടെ രണ്ടുവരിയാണ് പറഞ്ഞത്,

അസീസാൻ ബേ ഖുലൂസ്
വ സിദ്ഖ് ന കുശായൻദ് റാ ഹെ റാ
മുസഫ്ഫാ ഖത്റയെ ബായദ്
കെ താ ഗോഹർ ശവദ് പയ്ദാ

സ്നേഹിതന്മാരെ! ആത്മാർഥതയും സത്യസന്ധതയും കൂടാതെ സ്ഥാനം ലഭിക്കുകയില്ല. നിർമലവും തെളിമയാർന്നതുമായ തുള്ളി ആകുക. നിർമലവും തെളിമയാർന്നതുമായ ആ തുള്ളിയിൽനിന്നു തന്നെയാണ് മുത്തും പവിഴവുമുണ്ടാകുന്നത്

അവിടന്ന് പറയുന്നു:'അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള സ്നേഹിതന്മാരേ! അല്ലാഹു അവനിഷ്ടപ്പെട്ട കാര്യങ്ങൾ ചെയ്യാൻ നമുക്കും നിങ്ങൾക്കും തൗഫീഖ് നല്കുമാറാകട്ടെ. ഇന്ന് നിങ്ങൾ കുറച്ചുപേരാണുള്ളത്. നിങ്ങൾ പരിഹാസ ദൃഷ്ടിയോടെ നോക്കപ്പെടുന്നു. ദീനിൽ നടന്നുവരുന്ന അല്ലാഹുവിന്റെ നടപടിക്രമമനുസരിച്ച് നിങ്ങളിലുണ്ടായിട്ടുള്ള ഒരു പരീക്ഷണ കാലമാണിത്. നിങ്ങൾ വഞ്ചിക്കപ്പെടുന്നതിന് എല്ലാ ഭാഗത്തുനിന്നും ശ്രമമുണ്ടാകുന്നതാണ്. നിങ്ങൾ നാനാഭാഗത്തുനിന്നും പീഡിപ്പിക്കപ്പെടുന്നതാണ്. പല രീതിയിലുള്ള സംസാരങ്ങളും നിങ്ങൾക്കു കേൾക്കേണ്ടിവരും. നിങ്ങളെ കൈകൊണ്ടും നാവുകൊണ്ടും വിഷമിപ്പിക്കുന്ന എല്ലാ ഓരോരുത്തരും കരുതുന്നത് ഇസ്ലാമിനെ തങ്ങൾ സഹായിക്കുന്നു എന്നായിരിക്കും.'

സാധാരണക്കാരിൽപ്പെട്ട ഭൂരിഭാഗം നമ്മുടെ എതിരാളികളും അറിവില്ലാത്ത കാരണത്താലാണ് എതിർക്കുന്നത്. അവരുടെ മനസ്സിൽ ഇട്ടിരിക്കുന്നത് അഹ്മദികളെ എതിർക്കുന്നത് ഇസ്ലാമിനു ചെയ്യുന്ന വലിയ സേവനമാണെന്നാണ്.

അവിടന്ന് പറഞ്ഞു:"ഇസ്ലാമിന് സേവനം ചെയ്യുകയാണെന്ന് ആളുകൾ കരുതുന്നു." അവിടന്ന് പറയുന്നു: 'കുറച്ചു ദിവ്യമായ പരീക്ഷണങ്ങളും നിങ്ങളിലുണ്ടാകും; നിങ്ങൾ എല്ലാവിധത്തിലും പരീക്ഷിക്കപ്പെടുന്നതിനുതന്നെ! അതുകൊണ്ടു നിങ്ങൾ വിജയം വരിക്കുന്നതിനും അതിജയിക്കുന്നതിനുമുള്ള വഴി നിങ്ങളുടെ ശുഷ്കമായ തർക്കശാസ്ത്രം പ്രയോഗിക്കുന്നതിലല്ലെന്നും പരിഹാസത്തിന്നെതിരിൽ പരിഹസിക്കുന്നതിലല്ലെന്നും ചീത്തവിളിക്കെതിരെ ചീത്തവിളിക്കുന്നതിലല്ലെന്നും ഇപ്പോൾ കേട്ടുകൊള്ളുക. എന്തുകൊണ്ടെന്നാൽ നിങ്ങൾ അതേവഴി സ്വീകരിക്കുകയാണെങ്കിൽ നിങ്ങളുടെ മനസ്സ് കഠിനമായിത്തീരും. നിങ്ങളിൽവെറും സംസാരം മാത്രമേ ഉണ്ടാകുകയുള്ളു. അതിനെ അല്ലാഹു അറപ്പോടെ കാണുകയും വെറുപ്പിന്റെ ദൃഷ്ടിയോടെ നോക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങളിൽ രണ്ടു ശാപങ്ങൾ ഒരുമിച്ചുകൂടുന്ന അത്തരം കാര്യങ്ങൾ ചെയ്യാതിരിക്കുക; ഒന്നു സൃഷ്ടികളുടേയും, രണ്ട് അല്ലാഹുവിന്റേയും.' (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ വാള്യം 3 പേജ് 546-547)

നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കിയിരിക്കുന്ന അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും ആ നേർമാർഗത്തിൽ നടക്കുകയും വേണം. നമ്മൾ ചീത്തവിളികൾക്കുള്ള മറുപടി ചീത്തവിളിയിലൂടെ നല്കാൻ പാടില്ല. കുഴപ്പങ്ങൾക്കുള്ള മറുപടി കുഴപ്പങ്ങളുണ്ടാക്കി നല്കാനും പാടില്ല. നിയമങ്ങൾ കൈയിലെടുത്ത് നല്കാനും പാടില്ല. പാക്കിസ്താനിലും മറ്റു മുസ്ലിം രാഷ്ട്രങ്ങളിലും അനുവദനീയമായ നിലയിൽ നമ്മൾ പ്രതിരോധിച്ചാൽത്തന്നെയും മിക്കപ്പോഴും നിയമം നമ്മളോടൊപ്പം നില്ക്കുന്നതിനു പകരം അക്രമികളോടൊപ്പം നിൽക്കുന്നതാണ് നമ്മൾകണ്ടുവന്നിട്ടുള്ളത്. മർദിതരായ അഹ്മദീ തടവുകാരുടെ ജാമ്യവും ഇക്കാരണത്താൽ നമുക്കെടുക്കാൻ കഴിയുന്നില്ല. കോടതികൾ മൗലവിയുടെ മുമ്പിൽ നിരാലംബരാണ്. കോടതിയുടെ വെളിയിൽ നില്ക്കുന്ന മൗലവി 'ജാമ്യം നല്കിയാൽ താങ്കൾ താങ്കളുടെ അവസ്ഥ ഓർത്തുകൊള്ളുക' എന്നു പറഞ്ഞ് സന്ദേശം അയക്കുന്നു. പിന്നീട് മിക്ക ജഡ്ജിമാരും ഭയംകൊണ്ട് വിധിപറയാതെ തിയതികൾ നീട്ടിവെക്കുന്നു. നിയമം നടപ്പിൽവരുത്തേണ്ട വകുപ്പ് നമ്മെ സഹായിക്കാൻ തയ്യാറല്ല. നിയമവും നീതിപുലർത്താൻ തയ്യാറല്ല. രാജ്യത്ത് കുഴപ്പങ്ങൾ ഉണ്ടാക്കുക എന്നത് നമ്മുടെ പാഠമല്ല. അതിനാൽ ഒരേയൊരു വഴിയെ ഉള്ളു, അല്ലാഹുവിന്റെ വാതിൽ പിടിക്കുകയും ദുആയെ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പ്രാർഥനയുടേയും അതിന്റെ സ്വീകാര്യതയുടേയും കാലത്തിന്നിടയിലുള്ള സമയത്ത് ചിലപ്പോൾ പരീക്ഷണത്തിനുമേൽ പരീക്ഷണം വരാറുണ്ട്. നടുവൊടിക്കുന്ന രീതിയിലുള്ള പരീക്ഷണങ്ങളുമുണ്ടാകുന്നതാണ്. എന്നാൽ, സ്ഥൈര്യത്തോടെ നില്ക്കുന്നവനും സൗഭാഗ്യവാനും ഈ പരീക്ഷണങ്ങളിലും ബുദ്ധിമുട്ടുകളിലും തന്റെ രക്ഷിതാവിന്റെ പാരിതോഷികങ്ങളുടെ സുഗന്ധം മണപ്പിക്കുന്നു. അതിനുശേഷം സഹായം വരുന്നത് വിവേകദൃഷ്ടിയോടെ അവൻ കാണുന്നു. ഈ പരീക്ഷണങ്ങൾ വരുന്നതിൽ ഒരു രഹസ്യം ഇങ്ങനെയുമുണ്ട്. അതായത് ദുആ ചെയ്യുന്നതിനുവേണ്ടി ആവേശം വർധിക്കുക. കാരണം എത്രത്തോളം വിഷമങ്ങളും വേദനകളും വർധിക്കുന്നുവോ അത്രത്തോളം ആത്മാവിൽ ജ്വലനം ഉണ്ടായിക്കൊണ്ടേപോകും. ഇത് ദുആസ്വീകരണത്തിന്റെ കാരണങ്ങളിൽപെട്ടതാണ്." എത്രമാത്രം മനുഷ്യന്റെ ഹൃദയം ഉരുകുന്നുവോ കരയുന്നുവോ നിലവിളിക്കുന്നുവോ ഈ അവസ്ഥയുണ്ടാകുമ്പോൾ അല്ലാഹു സ്വയം ദുആ സ്വീകരിക്കുന്നതിന് കാരണങ്ങൾ ഉണ്ടാക്കുന്നു. അതുകൊണ്ട് പറഞ്ഞു: "ഒരിക്കലും പരിശ്രമിക്കാതിരിക്കേണ്ടതാണ്. അക്ഷമയും അസ്വസ്ഥതയുംകൊണ്ട് അല്ലാഹുവിനെ തെറ്റിദ്ധരിക്കരുത്." (മൽഫൂദാത്ത്, വാള്യം 1, പേജ് 434-435, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ഇതാണ് നമ്മുടെ നിർബന്ധകടമ. തീർച്ചയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ സത്യമാണ്. തീർച്ചയായും അല്ലാഹു ദുആകളും കേൾക്കുന്നു. അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്ന ദുആയുടെ ആ നിലവാരം കരസ്ഥമാക്കിയോ എന്ന് നമ്മളിൽ എല്ലാ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ ഭൗതികമായ കാര്യഹേതുക്കളിലേക്ക് ദൃഷ്ടി പതിക്കുന്നതിന് പകരം ദുആ സ്വീകരിക്കപ്പെടുന്ന ഇടം വരെ നമ്മുടെ ആത്മാവിനെ വിനയത്തിന്റെ ഈ നിലവാരത്തിലേക്ക് കൊണ്ടുപോയോ? ആ നിലവാരങ്ങൾ അല്ലാഹു മാത്രമാണ് അറിയുന്നത്. നമ്മൾ പരിശ്രമിച്ചാലും അതറിയാൻ കഴിയില്ല. അതുകൊണ്ട് ആർക്കും പറയാൻ കഴിയില്ല ഈ നില കരസ്ഥമാക്കിയെന്ന്. എന്നിട്ടും ഒന്നും കരസ്ഥമായില്ല. ദുആ സ്വീകരിച്ചില്ല. കാരണം നിലവാരം അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

നമ്മുടെ ജോലി ക്ഷമയോടും ദുആയോടും കൂടി അല്ലാഹുവിന്റെ കോന്തല പിടിച്ചുകൊണ്ടേയിരിക്കുക എന്നതാണ്. നമ്മളിൽ ആരെങ്കിലും അക്ഷമ കാണിക്കുന്നുവെങ്കിൽ സ്വന്തം നഷ്ടമാണ് അവനുണ്ടാക്കുക. ഏത് രാജ്യങ്ങളിലാണോ ബുദ്ധിമുട്ടുകൾ ഉള്ളത് പ്രത്യേകിച്ചും പാക്കിസ്താനിൽ, അവരിൽ ഭൂരിഭാഗവും ക്ഷമിച്ചുകൊണ്ടിരിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈമാനും ശക്തമാണ്. ദൂരത്തിരിക്കുന്നവർ, ബാഹ്യമായ ബുദ്ധിമുട്ടിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നവരാണ് കൂടുതൽ സംസാരിക്കുന്നവർ. അവരും തങ്ങളുടെ സഹോദരന്മാരോട് സഹതാപമുണ്ടെങ്കിൽ അല്ലാഹുവിന്റെ കോന്തല പിടിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറഞ്ഞു, 'ആരെങ്കിലും ചീത്തവിളിച്ചാൽ നമുക്കുള്ള പരാതി അല്ലാഹുവിന്റെ തിരുസന്നിധിയിലാണ്. മറ്റൊരുടേയും കോടതിയിലല്ല. എന്നാൽ, മനുഷ്യകുലത്തിനോടുള്ള സഹതാപം നമ്മുടെ അവകാശമാണ്.'(സിറാജെ മുനീർ, റൂഹാനീ ഖസായിൻ വാള്യം 12 പേജ് 28)

ചീത്തവിളി കേട്ടുകൊണ്ടും നമ്മൾ സഹതാപം തന്നെ കാണിക്കേണ്ടതാണ്. അതിനാൽ നമ്മളിൽ ഓരോരുത്തരും അവർ നേരിട്ട് ബുദ്ധിമുട്ടുകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണെങ്കിലും അല്ലെങ്കിലും സഹനത്തിന്റേയും ദുആയുടേയും കോന്തല പിടിക്കേണ്ടതാണ്. ഇതാണ് ഈമാനിന്റെ അടയാളം.

തന്നോടൊപ്പം നടക്കുക എന്നത് എളുപ്പമുള്ള കാര്യമല്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നുണ്ട്. അവിടന്ന് പറയുന്നു: എന്റെ കാലടികളിലൂടെ നടക്കാൻ ആഗ്രഹിക്കാത്തവർ എന്നിൽനിന്ന് വേർപ്പെട്ടുകൊള്ളട്ടെ. ഏതെല്ലാം ഭയാനകമായ വനങ്ങളും മുള്ളുനിറഞ്ഞ ഇടവഴികളും ഇനി ഉണ്ടാകാൻ പോകുന്നുവെന്ന് എനിക്കെന്തറിയാം. അത് ഞാൻ മറികടക്കേണ്ടതാണ്. പക്ഷേ, കാലുകൾ ബലഹീനമായിട്ടുള്ളവർ എന്തിന് എന്നോടൊപ്പം നടന്ന് വിപത്തുകൾ വഹിക്കണം. എന്റേതായിട്ടുള്ളവർ മുസീബത്തുകൊണ്ടോ ചീത്തവിളികൾ കൊണ്ടോ ദൈവികമായ പരീക്ഷണങ്ങൾകൊണ്ടോ പരീക്ഷകൾകൊണ്ടോ എന്നിൽനിന്ന് വേർപെട്ടുപോവുകയില്ല. എന്നാൽ, എന്റേതല്ലാത്തവർ വ്യർഥമായ സുഹൃത്ത്ബന്ധം പുലർത്തുന്നവരാണ്. അവർ അടുത്തുതന്നെ വേർപെടുത്തപ്പെടുന്നതാണ്. അവരുടെ പിമ്പേയുള്ള അവസ്ഥ മുമ്പത്തെക്കാൾ മോശമായിരിക്കും. നമ്മൾ ഭൂകമ്പങ്ങളെ ഭയക്കുമോ? എന്ത്! ദൈവത്തിന്റെ വഴിയിൽ പരീക്ഷണങ്ങൾകൊണ്ട് പേടി

ക്കുന്നവരാകുമോ? എന്ത്! നമ്മൾ നമ്മുടെ പ്രിയപ്പെട്ട ദൈവത്തിന്റെ ഏതെങ്കിലും പരീക്ഷണങ്ങൾകൊണ്ട് അവനിൽനിന്ന് അകലുമോ? കേവലം അവന്റെ കൃപയും കാരുണ്യവുംകൊണ്ട് അതൊരിക്കലുമുണ്ടാവുകയില്ല. അതിനാൽ വേർപെടുന്നവർ വേർപ്പെട്ടുകൊള്ളുക. അവർക്ക് വേർപാടിന്റെ സലാം. പക്ഷേ, ഓർത്തുകൊള്ളുക! ദുർഭാവനയ്ക്കും ബന്ധവിച്ഛേദനത്തിനുശേഷം പിന്നീട് എപ്പോഴെങ്കിലും കുനിയുകയാണെങ്കിൽ അവന്റെ ആ കുനിയലിന് അല്ലാഹുവിന്റെ പക്കൽ ആത്മാർഥരായ ആളുകൾക്കുണ്ടാകുന്ന മാന്യത ഒരിക്കലും ഉണ്ടാവുകയില്ല. കാരണം ദുർഭാവനയുടേയും നന്ദികേടിന്റേയും കറുത്തകല വളരെ വലിയ കലയാണ്." (അൻവാറുൽ ഇസ്‌ലാം, റൂഹാനി ഖസായിൻ, വാള്യം 9, പേജ് 23-24).

പിന്നീട് ഒരു മുഅ്മിന്റെ തഖ്‌വയുടെ നിലവാരം ഉയർന്നതാണന്നും ശത്രുക്കളിൽനിന്ന് ബുദ്ധിമുട്ടുകളുണ്ടായിട്ടും അവർ എല്ലാതരത്തിലുള്ള ഉപദ്രവങ്ങളേയും നേരിടുന്നുവെന്നും ശത്രുക്കളുടെ ബുദ്ധിമുട്ടുകളെ വകവെക്കുന്നില്ലെന്നും മറ്റുള്ളവരിൽനിന്ന് ബുദ്ധിമുട്ടുകളുണ്ടായിട്ടും അവരുടെ തെറ്റുകൾ പൊറുത്തുകൊടുക്കാൻ തയ്യാറാകുന്നുവെന്നും കുഴപ്പങ്ങൾ വ്യാപിപ്പിക്കുകയില്ലെന്നും മറിച്ച് സമാധാനത്തിന്റെ അമ്പാസിഡർമാരായി നിലകൊള്ളുന്നുവെന്നുമുള്ള കാര്യവും വിവരിക്കുന്നുണ്ട്.

അവിടന്ന് പറയുന്നു:"തീർച്ചയായും ഓർത്തുകൊള്ളുക. മുത്തഖിയായ മുഅ്മിന്റെ മനസ്സിൽ ഉപദ്രവം ഉണ്ടാകുകയില്ല. മുഅ്മിൻ എത്രത്തോളം മുത്തഖിയാകുന്നുവോ അത്രത്തോളം ആരെയെങ്കിലും ശിക്ഷിക്കുന്നതും ബുദ്ധിമുട്ടിക്കുന്നതും ഇഷ്ടപ്പെടുകയില്ല." തഖ്‌വ വർധിക്കുമ്പോൾ സഹതാപവും വർധിച്ചുകൊണ്ടുപോകുന്നു. ശത്രുപോലും ശിക്ഷിക്കപ്പെടുന്നതും ബുദ്ധിമുട്ടുന്നതും ഇഷ്ടപ്പെടുകയില്ല. പറയുന്നു: "മുസ്‌ലിം ഒരിക്കലും പകയുള്ളവനാകുകയില്ല." അതേ! മറ്റു ജനതകൾ എങ്ങനെ പകയുള്ളവരാകുന്നുവെന്നാൽ അവരുടെ മനസ്സിൽനിന്ന് പകയോടെയുള്ള സംസാരം ഒരിക്കലും പോകുകയില്ല. പകരം വീട്ടാൻ എപ്പോഴും തക്കം പാർത്തിരിക്കുകയും ചെയ്യും. എന്നാൽ, നമ്മുടെ എതിരാളികൾ നമ്മളോടു എന്തെന്തെല്ലാമാണ് ചെയ്തതെന്ന് നാം കാണുന്നു. എന്തെന്തെല്ലാം ദുഃഖങ്ങളും ബുദ്ധിമുട്ടുകളും തരാൻ കഴിയുമോ അതെല്ലാം അവർ നമുക്ക് തന്നു. എങ്കിലും അവരുടെ ആയിരക്കണക്കിന് കുറ്റങ്ങൾ പൊറുത്തുകൊടുക്കാൻ നാം ഇപ്പോഴും തയ്യാറാണ്. അതുകൊണ്ട് ഞാനുമായി ബന്ധംപുലർത്തുന്ന നിങ്ങൾ ഓർമിച്ചുകൊള്ളുക, ഏതു മതക്കാരനായാലും എല്ലാവരോടും നിങ്ങൾ സഹതാപം കാണിക്കുകയും മതജാതി വ്യത്യാസംകൂടാതെ എല്ലാവർക്കും നന്മ ചെയ്യുകയും ചെയ്യുക."(മൽഫൂദാത്ത് വാള്യം 7 പേജ് 285).

മറ്റ് മുസ്‌ലിംകൾക്ക് നേതാവില്ലാത്തതുകൊണ്ട് അവരിൽ ഭിന്നിപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. തഖ്‌വ അഥവാ ദൈവഭക്തിയിൽനിന്ന് അകൽച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ, അഹ്മദീ മുസ്‌ലിംകളായ നമ്മൾക്ക് അല്ലാഹു ഒരു മാർഗദർശിയെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ പ്രദാനം ചെയ്തിരിക്കുകയാണ്. നമ്മുടെ എല്ലാ കർമങ്ങളും ഇസ്‌ലാമിക അധ്യാപനമനുസരിച്ച് ഉണ്ടാകേണ്ടതാണ്. നമ്മുടെ എല്ലാ കാര്യങ്ങളും തഖ്‌വയിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്. താൽക്കാലികമായ ആവേശങ്ങളിൽനിന്ന് നമ്മൾ രക്ഷപ്പെടേണ്ടതാണ്. നമ്മുടെ മനസ്സുകളിൽ എത്ര തഖ്‌വയുണ്ടെന്ന് പരിശോധിക്കേണ്ടതാണ്.

തഖ്‌വ എന്താണെന്നും യഥാർഥ തഖ്‌വയുടെ അടയാളമെന്താണെന്നും ഒരു സച്ചരിതനും മുത്തഖിയുമായവനിൽനിന്ന് എങ്ങനെയുള്ള പ്രകടനമാണുണ്ടാകേണ്ടതെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യഥാർഥമായ ദൈവഭക്തിയോടൊപ്പം അജ്ഞത കൂടിച്ചേരുകയില്ല. യഥാർഥമായ ദൈവഭക്തി തന്നോടൊപ്പം ഒരു പ്രകാശം ഉൾക്കൊള്ളുന്നു. യാ അയ്യുഹുല്ലദീന ആമനൂ ഇൻ തത്തഖുല്ലാഹ യജ്അല്ലക്കും ഫുർഖാനൻ വയുഖഫിർഅൻകും സയ്യ്ആത്തിക്കും(8:30) വയജ്അല ലക്കും നൂറൻ തംശൂനബിഹീ(57:29) അതായത് വിശ്വാസികളേ! നിങ്ങൾ മുത്തഖിയായിക്കൊണ്ട് ഉറച്ച പാദത്തിൽ നിലകൊള്ളുകയും അല്ലാഹുവിനുവേണ്ടി തഖ്‌വയുടെ സവിശേഷഗുണങ്ങളിൽ നിൽക്കുകയും സ്ഥിരചിത്തത പാലിക്കുകയും ചെയ്താൽ അല്ലാഹു നിങ്ങളും മറ്റുള്ളവരും തമ്മിൽ വ്യത്യാസം ഉണ്ടാക്കുന്നതാണ്. നിങ്ങൾക്കൊരു പ്രകാശം നൽകപ്പെടുമെന്നതാണ് ആ വ്യത്യാസം. ആ പ്രകാശത്തോടുകൂടി നിങ്ങൾ നിങ്ങളുടെ എല്ലാ വഴികളിലൂടെയും നടക്കും. അതായത് ആ പ്രകാശം നിങ്ങളുടെയെല്ലാ കർമ്മങ്ങളിലും എല്ലാ വാക്കുകളിലും ശക്തികളിലും ഇന്ദ്രിയങ്ങളിലും വന്നുചേരുന്നതാണ്." (എല്ലാ കർമങ്ങൾക്കും എല്ലാ വാക്കുകൾക്കും എല്ലാ പ്രവൃത്തികൾക്കും എല്ലാ കാര്യങ്ങൾക്കും പ്രകാശം നൽകുന്നതാണ്) "നിങ്ങളുടെ ബുദ്ധിയിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ഓരോ സംസാരത്തിലും പ്രകാശമുണ്ടാകും. നിങ്ങളുടെ കണ്ണുകളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ചെവികളിലും നാവുകളിലും വിവരണങ്ങളിലും നിങ്ങളുടെ എല്ലാ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങൾ ഏതു വഴികളിലൂടെയാണോ നടക്കുന്നത് ആ വഴിയും പ്രകാശമയമായിത്തീരുന്നതാണ്. ചുരുക്കത്തിൽ എത്രമാത്രം നിങ്ങളുടെ വഴികളുണ്ടോ നിങ്ങളുടെ കഴിവുകളുടെ വഴികൾ നിങ്ങളുടെ ഇന്ദ്രിയങ്ങളുടെ വഴികൾ അതെല്ലാം പ്രകാശംകൊണ്ട് നിറയുന്നതാണ്. (നിങ്ങളുടെ കൈയും കാലും ശരീരവും തുടങ്ങി നിങ്ങളെന്തെല്ലാം ചലിപ്പിക്കുമോ അത് പ്രകാശം കരസ്ഥമാക്കുന്നതിനോ പ്രകാശം പരത്തുന്നതിനോ ആയിരിക്കും. നിങ്ങളുടെ ചിന്താഗതികൾ വെറും പ്രകാശം പ്രചരിപ്പിക്കുന്നതായിരിക്കും. അത് പ്രകാശംകൊണ്ട് നിറയ്ക്കപ്പെടുന്നതാണ്. നിങ്ങൾ അടിമുടി പ്രകാശത്തിൽ നടക്കുന്നതാണ്." (ആയിനായെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസായിൻ, വാള്യം 5, പേജ് 177-178).

മറ്റുള്ളവരെപ്പോലെ ബുദ്ധിയിൽനിന്ന് അകന്നുള്ള ആവേശം മാത്രമാണ് നമ്മുടെ കാര്യങ്ങളിലുള്ളതെങ്കിൽ അത് തഖ്‌വയല്ല. നമ്മുടെ കർമങ്ങൾ ഇസ്‌ലാമികാധ്യാപനമനുസരിച്ചല്ലെങ്കിൽ അത് തഖ്‌വയല്ല. നമ്മുടെ വാക്കിലും പ്രവൃത്തിയിലും അല്ലാഹുവിന്റെ പ്രകാശത്തിന്റെ വെളിച്ചമില്ലെങ്കിൽ നമ്മുടെ തഖ്‌വയെ കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതാണ്. പ്രതികൂല അവസ്ഥകളിൽ കാലത്തിന്റെ ഇമാം പറഞ്ഞിട്ടുള്ള ഉപദേശങ്ങളും നിർദേശങ്ങളുമനുസരിച്ച് നമ്മൾ പ്രവർത്തിക്കുന്നില്ലെങ്കിൽ അനുസരണം കാരണത്താൽ അല്ലാഹുവിൽനിന്ന് നമുക്ക് കിട്ടേണ്ട പ്രകാശത്തിൽനിന്ന് നമ്മൾ അകന്നുപോകുന്നതാണ്. അതുകൊണ്ട് ആദ്യം നമ്മൾ ആത്മപരിശോധന നടത്തേണ്ട ആവശ്യമാണുള്ളത്. അല്ലാഹുവിന്റെ പ്രകാശം കാണും വിധം നമ്മുടെ തഖ്‌വയുടെ നിലവാരം ഉയരുകയും നമ്മുടെ ദുആകൾ അല്ലാഹു ആഗ്രഹിക്കുന്ന, ഒരു ശരിയായ നിലയിലുള്ള ദുആ ചെയ്യുന്നവന്റെ പരിധിയെ സ്പർശിക്കുന്നതാകുകയും ചെയ്യുമ്പോൾ നമുക്ക് അല്ലാഹുവിന്റെ സഹായവും തുണയും സമീപസ്ഥമായിരിക്കുന്നുവെന്ന ദൃഢബോധ്യമുണ്ടാകേണ്ടതാണ്. അല്ലാഹുതന്നെ നമുക്കുവേണ്ടി രാജ്യവും ഉണ്ടാക്കും നമുക്കുവേണ്ടി ഭൂമികൾ നിരപ്പാക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. ഇതിൽനിന്ന് വിട്ടുകൊണ്ട് നമ്മൾ എന്തെങ്കിലും കരസ്ഥമാക്കാനാഗ്രഹിക്കുന്നെങ്കിൽ അല്ലെങ്കിൽ ആഗ്രഹിക്കുകയാണെങ്കിൽ ഒന്നും ലഭിക്കുകയില്ല. ഇസ്‌ലാമിന്റെ പേരിൽ അസംഖ്യം പ്രവർത്തനമാർഗങ്ങളോടുകൂടി മില്യൺകണക്കിന്, ബില്ല്യൻ കണക്കിന് ഡോളറും പൗണ്ടുകളും ചെലവഴിച്ച് ഇസ്‌ലാമിക ഭരണകൂടങ്ങൾ സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സംഘടനകളുടെ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പക്ഷേ, കുഴപ്പങ്ങളും അക്രമങ്ങളും ബലാൽക്കാരവുമല്ലാതെ അവർക്ക് ഒന്നും കിട്ടിയില്ല. താൽക്കാലികമായ പിടിച്ചെടുക്കലും നടന്നു. അതും കൈയിൽനി ന്ന് വിട്ടുപോയി. ഇവർ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവരെന്ന് പറയപ്പെടുന്നു. ലോകത്ത് ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന് സേവനം ചെയ്യുന്നവരെന്ന് അവരെക്കുറിച്ച് ആരും പറയുന്നില്ല. ഇസ്‌ലാമിന്റെ സേവനവും ഇസ്‌ലാമിന്റെ പ്രചാരണവും ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയും അവിടത്തെ ജമാഅത്തു മുഖേനയുമാണ് വിധിക്കപ്പെട്ടിട്ടുള്ളത്. ഇതു സാധ്യമാകുന്നത് നമ്മൾ അല്ലാഹു അയച്ചിട്ടുള്ള ഈ ദൂതന്റെ ചുവടുകളിലൂടെ നടക്കുമ്പോഴാണ്. ഇല്ലെങ്കിൽ ഭൗതികമായ നിലയിൽ എത്ര പരിശ്രമിച്ചാലും നമുക്കെന്തെങ്കിലും കരസ്ഥമാക്കാൻ നമ്മുടെ കൈയിൽ ശക്തിയുമില്ല, പ്രവർത്തനമാധ്യമങ്ങളുമില്ല. പക്ഷേ, നമ്മൾ തഖ്‌വ ഉണ്ടാക്കുകയും നമ്മുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാക്കുകയും നമ്മുടെ ദുആ അതിന്റെ പാരമ്യതയിലെത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആൻ ഉദ്ധരിച്ചു പറഞ്ഞതുപോലെ എത്രവലിയ ശക്തികൾക്കും നമ്മെ നേരിടാൻ സാധിക്കാത്ത തരത്തിലുള്ള പ്രകാശവും ശക്തിയും അല്ലാഹു നമുക്ക് പ്രദാനം ചെയ്യുന്നതായിരിക്കും. അല്ലാഹു ഇങ്ങനേയും പറഞ്ഞിട്ടുണ്ട് ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും (15:14)അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും വലിയ ആദരണീയൻ ഏറ്റവും വലിയ മുത്തഖിയാണ്. അപ്പോൾ അല്ലാഹു പറയുന്നത് തെറ്റാണോ? തീർച്ചയായുമല്ല. ഒരു ഭാഗത്ത് അവൻ മുത്തഖിയെ ആദരണീയനെന്ന് പറയുമ്പോൾ മറുഭാഗത്ത് അവൻ ലൗകികരായ ആളുകളുടെ മുന്നിൽ അവരെ നിന്ദിച്ചു വിടുമോ? തീർച്ചയായുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ പ്രവാചകന്മാർക്കും അവരുടെ ജമാഅത്തുകൾക്കും എതിർപ്പിനെ നേരിടേണ്ടി വരുന്നുവെന്നത് ശരിതന്നെയാണ്. എന്നാൽ, ഓരോ ഘട്ടത്തിലും ശത്രുക്കൾ സ്വയം നിരാശപ്പെട്ടവരും പരാജയപ്പെട്ടവരുമായില്ലേ? ജമാഅത്തിന്റെ അഭിവൃദ്ധിയെ തടയുന്നതിനുവേണ്ടി എഴുന്നേറ്റുനിന്നവരെക്കൊണ്ട് അല്ലെങ്കിൽ ജമാഅത്തിന്റെ അഭിവൃദ്ധിയിലിട്ട ഓരോ തടസവുംകൊണ്ട് ജമാഅത്ത് കൂടുതൽ വ്യാപിക്കുകയും വളരുകയും ചെയ്തില്ലേ? ആഭ്യന്തരമായ ആയുധങ്ങളും എതിരാളികൾ പരീക്ഷിച്ചുനോക്കി. ബാഹ്യമായ ആക്രമണങ്ങളും നടത്തി. പക്ഷേ, ജമാഅത്ത് പുരോഗതിയുടെ രാജവീഥിയിലൂടെ ചുവടുവച്ച് ഇന്ന് 209 രാജ്യങ്ങളിൽ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. ഒരു സ്ഥലത്ത് അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ മറ്റു പത്തുസ്ഥലങ്ങളിൽ മുമ്പത്തെക്കാൾ കൂടുതൽ വ്യാപിക്കാനുള്ള സാഹചര്യങ്ങൾ അല്ലാഹു നല്കുന്നു. തഖ്‌വയിൽ വളർന്ന ഒരു സാധാരണ മനുഷ്യന് അന്തസു നല്കാതെ വിട്ടുകളയുകയില്ലെന്ന് അല്ലാഹു പറയുന്നു. അപ്പോൾ ഏതൊരു വ്യക്തിയെയാണോ അല്ലാഹു നേരിട്ടയച്ചത് അയാൾക്ക് അന്തസു നല്കാതെ വിട്ടു കളയുമോ? അതൊരിക്കലും നടക്കുകയില്ല. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഇതെല്ലാം കിട്ടുന്നത് ഉറച്ച ചുവടോടും സ്ഥൈര്യത്തോടും കൂടി നില്ക്കുമ്പോഴാണ്. ഇതുനിബന്ധനയാണ്. നമ്മൾ സ്ഥിരചിത്തതയോടെ അല്ലാഹുവിന്റെ കോന്തല പിടിച്ചുകൊണ്ടിരുന്നാൽ ശത്രുവിന്റെ മണ്ണ് പാറുന്നതും കാണുന്നതാണ്. ഇൻശാ അല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'നിങ്ങളുടെ ജീവിതവും നിങ്ങളുടെ മരണവും നിങ്ങളുടെ ഓരോ ചലനവും നിങ്ങളുടെ മൃദുലതയും ചൂടും അതായത് സൽപെരുമാറ്റവും ദ്വേഷവുമെല്ലാം അല്ലാഹുവിനുവേണ്ടി മാത്രമായാൽ, വ്യക്തിപരമായ നിലയിൽ ആരോടും കോപിക്കാതെയും ഏതെങ്കിലും ഭൗതിക വസ്തുകണ്ട് അതിൽ സന്തോഷിക്കാതെയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രമായാൽ അല്ലാഹു പറയുന്നു, എല്ലാ ഓരോ വിഷമത്തിന്റേയും മുസീബത്തിന്റേയും നേരത്ത് അല്ലാഹുവിനെ പരീക്ഷിക്കാതെയും അവനോടുള്ള ബന്ധം വിച്ഛേദിക്കാതെയും പ്രത്യുത മുന്നോട്ടു ചുവടുവച്ചുകൊണ്ടിരുന്നാൽ നിങ്ങൾ അല്ലാഹുവിന്റെ ഒരു പ്രത്യേക ജനതയായി തീരുമെന്ന് ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. ഞാൻ മനുഷ്യനാണെന്നതുപോലെ നിങ്ങളും മനുഷ്യരാണ്. എന്റെ അല്ലാഹുതന്നെയാണ് നിങ്ങളുടേയും അല്ലാഹു. അതുകൊണ്ട് നിങ്ങളുടെ പരിശുദ്ധ ശക്തിയെ പാഴാക്കിക്കളയാതിരിക്കുക. നിങ്ങൾ പൂർണമായ നിലയിൽ അല്ലാഹുവിന് കുമ്പിട്ടുകൊണ്ടിരുന്നാൽ നോക്കൂ! ഞാൻ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് നിങ്ങളോടു പറയുന്നു, നിങ്ങൾ അല്ലാഹുവിന്റെ ഒരു പരിശുദ്ധ ജനതയായിത്തീരുന്നതാണ്. അല്ലാഹുവിന്റെ മഹത്ത്വം നിങ്ങളുടെ ഉള്ളിൽ കുടിയിരുത്തുക. അല്ലാഹുവും കർമപരമായ നിലയിൽ തന്റെ ആനന്ദവും ഔദാര്യവും നിങ്ങളിൽ പ്രകടമാക്കാൻ അവന്റെ തൗഹീദിന്റെ സമ്മതം നാവിൽമാത്രം ഒതുക്കാതെ കർമപരമായ നിലയിലും കാണിക്കുക."(അൽവസിയ്യത്ത്, റൂഹാനീ ഖസായിൻ വാള്യം 20 പേജ് 308)

അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും അവരവരുടെ അവസ്ഥകളിൽ പരിവർത്തനങ്ങൾ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ബലഹീനരായവർ ആത്മപരിശോധന നടത്തുക. തങ്ങളെ ഏറ്റവും നല്ലവരെന്ന് കരുതുന്നവരും നന്മകളിൽ വളരാനുള്ള കൂടുതൽ വഴികൾ അന്വേഷിക്കുക. ഏറ്റവും നല്ലവർ ആരാണെന്നും നമ്മുടെ ഉദ്ദേശ്യങ്ങൾ നമ്മൾ എത്രത്തോളം കരസ്ഥമാക്കിയെന്നും അറിയുന്നവൻ അല്ലാഹുമാത്രമാണ്. നമ്മൾ ഒരുസ്ഥലത്തുതന്നെ നില്ക്കുന്നത് കാണാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. താനിപ്പോൾ നന്നായി കഴിഞ്ഞിരിക്കുന്നുവെന്നും നന്മകളിൽ വളർന്നുകൊണ്ടിരിക്കുന്നുവെന്നും നന്മകൾ കരസ്ഥമാക്കിയിരിക്കുന്നുവെന്നുമുള്ള ചിന്ത ആർക്കും ഉണ്ടാകാൻ പാടില്ല. തങ്ങളുടെ നിലവാരം ഉയർത്തുന്നതിൽ ശ്രദ്ധിക്കേണ്ട

ആവശ്യമാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു:

'ഞാൻ എന്റെ ജമാഅത്തിനെ അറിയിക്കാൻ അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്തതും കപടതയും ഭീരുത്വവുംകൊണ്ട് മലീമസമായിട്ടില്ലാത്തതും അനുസരണത്തിന്റെ ഒരു പടിയിൽനിന്നും പിന്തളളപ്പെട്ടിട്ടില്ലാത്തതുമായ വിശ്വാസം കൈക്കൊണ്ടവരാരാണോ അവരാണ് അല്ലാഹുവിനിഷ്ടപ്പെട്ട ആളുകൾ. അവരുടെ ചുവടാണ് സത്യസന്ധമായ ചുവടെന്ന് അല്ലാഹു പറയുന്നു.'(അൽവസിയ്യത്ത് റൂഹാനീ ഖസായിൻ വാല്യം 20 പേജ് 309)

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ബന്ധപ്പെട്ടതും അല്ലാഹു അദ്ദേഹത്തുനുവേണ്ടി വിധിച്ചിട്ടുള്ളതുമായ വിജയങ്ങളുടെ ദൃശ്യങ്ങൾ കാണുന്നതിനും ഈ സത്യസന്ധമായ ചുവടുകളിൽ നടക്കേണ്ടത് ആവശ്യമുണ്ട്. ഈ പരീക്ഷണത്തിന്റെ കാലം തീർച്ചയായും അവസാനിക്കാൻ പോകുകയാണ്. പക്ഷേ, അതിന് വേഗം കൂട്ടുന്നതിന് നമുക്ക് നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനും ഉയർത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമുണ്ട്. തീർച്ചയായും അല്ലാഹു ഇക്കാലത്ത് ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത് ഇസ്‌ലാം ലോകത്ത് ഉയർന്നുനില്ക്കുന്നതിനും ഇസ്‌ലാം ലോകത്ത് വ്യാപിക്കുന്നതിനും മുഴുലോകത്തും ഇസ്‌ലാം വിജയം കരസ്ഥമാക്കുന്നതിനും വേണ്ടിയാണ്. ഈ ജമാഅത്ത് വളരുമെന്നും പൂക്കുമെന്നും കായ്ക്കുമെന്നും ലോകത്തെ ഒരു ശക്തിക്കും അതിനെ നശിപ്പിക്കാൻ കഴിയുകയില്ലെന്നും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു വാഗ്ദാനം ചെയ്തു. അവിടന്ന് പറയുന്നു,'അല്ലാഹു നിങ്ങളെ പാഴാക്കിക്കളയുമെന്ന് ഒരിക്കലും കരുതരുത്. നിങ്ങൾ ഭൂമിയിൽ വിതക്കപ്പെട്ട അല്ലാഹുവിന്റെ കൈയിലെ വിത്താണ്. ഈ വിത്ത് വളരുമെന്നും പൂക്കുമെന്നും നാലുഭാഗത്തക്കും ഇതിന്റെ ശാഖകൾ വ്യാപിക്കുമെന്നും ഒരു വൻമരമായി തീരുമെന്നും അല്ലാഹു പറയുന്നു.' (അൽവസിയ്യത്ത്, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 309)

നമ്മളിലോരോരുത്തരും ഈ വൃക്ഷത്തിന്റെ വളരുന്നതും പൂക്കുന്നതുമായ ശാഖകളായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. തന്റെ ജമാഅത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രതീക്ഷിക്കുന്നതെന്താണോ അതു പൂർണമായും നിറവേറ്റുന്നവരായി നമ്മൾ മാറട്ടെ. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവരാകട്ടെ. സഹനത്തോടും ക്ഷമയോടുംകൂടി ശത്രുവിന്റെ എല്ലാ ആക്രമണങ്ങളേയും പരാജയപ്പെടുത്തുന്നവരും നിഷ്ഫലമാക്കുന്നവരുമായിത്തീരട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ചക്കുവാൽ ജില്ലയിലെ ദുൽമിയാലിലെ മലിക് അയ്യൂബ് അഹ്മദ് സാഹിബിന്റെ മകൻ മലിക് ഖാലിദ് ജാവേദ് സാഹിബിന്റെ ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. മലിക് ഖാലിദ് ജാവേദ് സാഹിബ് 69-ാം വയസ്സിൽ 2016 ഡിസംബർ 12ന് ചക്കുവാൽജില്ലയിലെ ദുൽമിയാലിലെ ദാറുസദ്കിറിൽ ഹൃദയസ്തംഭനംമൂലം വഫാത്തായി. ഇന്നാലില്ലാഹി വഇന്നാഇലയ്ഹി റാജിഊൻ. റിപ്പോർട്ടനുസരിച്ച് 2016 ഡിസംബർ 12ന് (റബിയുൽ അവ്വൽ 12) ശത്രുക്കൾ ദുൽമിയാലിൽ വലിയ ഒരു ജാഥ നടത്തി. തങ്ങളുടെ നിശ്ചിത വഴി മാറ്റിക്കൊണ്ട് ഗൂഢപദ്ധതിയനുസരിച്ചായിരുന്നു അഹ്മദിയ്യാ ദാറുദ്ദിക്റിൽ ആക്രമണം നടത്തിയത്. മസ്ജിദിന് വെളിയിൽവന്ന് പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും കല്ലെറിയുകയും ചെയ്തു. മസ്ജിദിന്റെ ഗെയ്റ്റ് തല്ലിത്തകർത്തു. മറുഭാഗത്ത് നമ്മുടെ ആളുകളും ഉണ്ടായിരുന്നു. അവരിൽ ഈ ഖാലിദ് സാഹിബും ഉണ്ടായിരുന്നു. കുടുംബക്കാർ പറയുന്നതനുസരിച്ച് പരേതന് മുമ്പൊരിക്കലും ഹൃദയസംബന്ധമായ ബുദ്ധിമുട്ടുണ്ടായിട്ടില്ല. അതിനുള്ള ഒരു മരുന്നും കഴിച്ചിട്ടുമില്ല. ഇതുവരെ അതുസംബന്ധമായി ചികിത്സയും നടത്തിയിട്ടില്ല. വഫാത്തിനു മുമ്പേ ഇദ്ദേഹം മസ്ജിദിന്റെ ഉള്ളിലായിരുന്നു. എതിരാളികൾ ആക്രമണം നടത്തുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ഇത്രമാത്രം വൃത്തികെട്ടതും അശുദ്ധവുമായ ഭാഷ തനിക്ക് സഹിക്കാൻ കഴിയുന്നില്ലെന്ന് തുടർച്ചയായി അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നന്നു. ഈ വാക്കുകളോടുകൂടിത്തന്നെ അദ്ദേഹം ബോധംകെട്ടുവീഴുകയും ചെയ്തു. വെളിയിൽ ആയിരക്കണക്കിന് ആളുകളും പ്രകോപിതരായ ജനക്കൂട്ടവും മോശമായ പരിതസ്ഥിതികളും കാരണത്താൽ ഖാലിദ് ജാവേദ് സാഹിബിനെ ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഈ അവസ്ഥയിൽ ഖാലിദ് ജാവേദ് സാഹിബ് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാമഹി മാനൂബി സാഹിബ മുഖേനയാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മൗലവി കറംദാദ് സാഹിബിന്റെ സഹോദരിപുത്രിയായിരുന്നു. പരേതൻ ദുൽമിയാ ജമാഅത്തിന്റെ സ്ഥാപക അഹ്മദികളിൽപ്പെട്ടയാളാണ്.

പാക്കിസ്താനിൽ നിയന്ത്രണങ്ങളുണ്ട്. എഴുതുന്നവർ ഈ രീതിയിലാണ് റിപ്പോർട്ട് ചെയ്യുന്നത്. സ്വഹാബി എന്നതിന് റഫീഖ് എന്നും മസ്ജിദിന് ദാറുദ്ദിക്ർ എന്നും എഴുതുന്നു. അവരുടെ ഈ റിപ്പോർട്ട് അത് ദഫ്തറിൽ എനിക്ക് ടൈപ്പ് ചെയ്താണ് തരുന്നത്. അവർ ഇത് ശരിയാക്കേണ്ടതാണ്. ശരിയായിട്ടുള്ള ഇസ്‌ലാമിക പദങ്ങൾ ഉപയോഗിക്കേണ്ടതാണ്.

പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജന്മനാ അഹ്മദിയായിരുന്നു. ഉന്നതമായ സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. അനുസരണത്തിനോടൊപ്പം ഖിലാഫത്തിനോടും അതിയായ സ്നേഹവും ആത്മാർഥതയും പുലർത്തിയിരുന്നു. അഞ്ചുനേര നമസ്കാരത്തിനു പുറമെ തഹജ്ജുദും ഉച്ചത്തിൽ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നയാളുമായിരുന്നു. ഒരു ദീർഘകാലം 20 വർഷം ഇദ്ദേഹം ജോലിസംബന്ധമായി ഷാർജയിൽ താമസിച്ചിട്ടുണ്ട്. കഴിഞ്ഞ 20 വർഷമായി ദുൽമിയാലിൽ തിരിച്ചുവന്നു. അദ്ദേഹത്തിന്റെ അധികസമയവും ഒരുപാട് വർഷമായി മസ്ജിദിൽതന്നെയായിരുന്നു ചെലവഴിച്ചിരുന്നത്. ഇതിനിടയിൽ ജമാഅത്തുപരമായ കാര്യങ്ങൾ നോക്കുകയും മസ്ജിദിന്റെ സെക്യൂരിറ്റിയിലും മറ്റ് ജമാഅത്തുപരമായ കാര്യങ്ങളിലും എപ്പോഴും മുൻപന്തിയിലുണ്ടാകുകയും ചെയ്തിരുന്നു. വിശുദ്ധഖുർആനോട് പ്രത്യേക പ്രേമമായിരുന്നു. തന്റെ ഒരു മകൻ സുബ്ഹാൻ അയ്യൂബ് സാഹിബിനെക്കൊണ്ടും വിശുദ്ധഖുർആൻ ഹൃദിസ്തമാക്കിച്ചു. പരേതൻ ഈ സമയത്ത് സെക്രട്ടറി തഅ്‌ലീമുൽ ഖുർആൻ എന്ന നിലയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ഇതിനു പുറമേയും വിവിധ നിലകളിൽ അദ്ദേഹത്തിന് ജമാഅത്തിനുവേണ്ടി സേവനം ചെയ്യാൻ തൗഫീഖ് കിട്ടിയിട്ടുണ്ട്. ബന്ധുക്കളിൽ ഭാര്യ, ഉദ്റ ബീഗം സാഹിബക്ക് പുറമെ രണ്ട് ആൺമക്കൾ, യു.കെയിൽ താമസിക്കുന്ന സൽമാൻ ഖാലിദ്, ഹാഫിള് സുബ്ഹാൻ അയ്യൂബും രണ്ട് പെൺമക്കളുമുണ്ട്; നിദാ മർയം, ഹിറാ മർയം. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കളിലും നന്മ തുടർന്നുകൊണ്ടുപോകുമാറാകട്ടെ.

# കാലത്തിന്റെ ഖലീഫയുടെ ജുമുഅ ഖുത്ബകൾ ചോദ്യോത്തര രൂപത്തിൽ

## ഖുത്ബ ജുമുഅ 2016 ഒക്ടോബർ 28

**(തുടർച്ച)** ഉപസംഘടനകളുടേയും ജമാഅത്തിന്റേയും പരിപാടികളിൽ മറ്റുള്ളവരെക്കാളുപരിയും കൃത്യമായും പങ്കെടുക്കുന്നവരാകുമ്പോൾ അവർ സ്പെഷ്യലാണ്. മാതാപിതാക്കളോട് നല്ല നിലയിൽ പെരുമാറുകയും തങ്ങളുടെ മറ്റു സഹോദരിസഹോദരന്മാരെക്കാളധികം അവർക്കുവേണ്ടി ദുആചെയ്യുകയും ചെയ്യുമ്പോൾ അതൊരു പ്രത്യേകതയാണ്. വിവാഹ ബന്ധങ്ങൾ ഉറപ്പിക്കുന്ന നേരത്ത് ആൺകുട്ടികളും പെൺകുട്ടികളും ഭൗതികം നോക്കുന്നതിനു പകരം ദീൻ നോക്കുന്നവരും പിന്നീട് ആ ബന്ധം പൂർത്തിയാക്കുന്നവരും ആകുമ്പോഴാണ് സ്പെഷ്യലെന്ന് പറയപ്പെടുന്നത്. അവരിൽ സഹനശക്തി മറ്റുള്ളവരെക്കാൾ അധികമായിരിക്കും. വഴക്ക്, കലഹം, ഫിത്ന, ഫസാദ് തുടങ്ങിയവ ഉണ്ടാകുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുന്നവരായിരിക്കും. എന്നല്ല അവിടെ രഞ്ജിപ്പുണ്ടാക്കുന്നവരാകുമ്പോഴാണ് സ്പെഷ്യലാകുന്നത്. പ്രബോധന രംഗത്ത് ഏറ്റവും മുന്നിൽ വന്ന് ആ നിർബന്ധ കടമ നിർവഹിക്കുന്നവരാകുമ്പോഴാണ് സ്പെഷ്യലാകുന്നത്. ഖിലാഫത്തിനോടുള്ള അനുസരണത്തിലും അതിന്റെ തീരുമാനം അനുസരിച്ച് പ്രവർത്തിക്കുന്നതിലും ഒന്നാം നിരയിലാണെങ്കിൽ സ്പെഷ്യലാണ്. മറ്റുള്ളവരെക്കാൾ കൂടുതൽ കഠിനാധ്വാനിയും ത്യാഗം ചെയ്യുന്നവരുമാണെങ്കിൽ തികച്ചും സ്പെഷ്യലാണ്. വിനയത്തിലും നിസ്വാർഥതയിലും എല്ലാവരെക്കാളും ഉയർന്നവരും അഹങ്കാരത്തോടു വെറുപ്പും അതിനെതിരിൽ പോരാടുന്നവരുമാണെങ്കിൽ വലിയ സ്പെഷ്യലാണ്. മാർഗദർശനം ലഭിക്കുന്നതിന് എം.ടി.എ യിൽ എന്റെ ഖുത്ബ കേൾക്കുന്നവരും എന്റെ പരിപാടികൾ കാണുന്നവരും വലിയ സ്പെഷ്യലുകളാണ്.ഇക്കാര്യങ്ങളും അല്ലാഹുവിനിഷ്ടപ്പെട്ട മറ്റു കാര്യങ്ങളുമെല്ലാം ചെയ്യുന്നവരും അല്ലാഹുവിന് ഇഷ്ടപ്പെടാത്തതും അവൻ തടഞ്ഞിട്ടുള്ളതുമായ കാര്യങ്ങൾ ചെയ്യാത്തവരും തീർച്ചയായും സ്പെഷ്യലാണ്.എന്നല്ല ഏറെ സ്പെഷ്യലാണ്. ഇല്ലെങ്കിൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വ്യത്യാസവുമില്ല.

**ചോദ്യം:** വാഖ്ഫീനെ നൗ ഏത് ലൈനാണ് സ്വീകരിക്കേണ്ടത്?

**ഉത്തരം:** ലൈൻ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച് ഞാൻ മുമ്പേയും പറഞ്ഞതുപോലെ ആൺകുട്ടികൾ ജാമിആകളിൽപ്പോയി മുബല്ലിഗും മുറബ്ബിയുമാകാൻ മുൻഗണന നല്കുക. ഇപ്പോൾ അവരുടെ ആവശ്യമാണുള്ളത്. പിന്നീട് നമ്മുടെ ആശുപത്രികളിൽ ഡോക്ടർമാരേയും വിദഗ്ദ്ധരായ ഡോക്ടർമാരേയും ആവശ്യമുണ്ട്. അതുകൊണ്ട് സ്പെഷ്യലൈസ് ചെയ്ത്, ഈ രാജ്യങ്ങളിൽനിന്ന് ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കി പരിചയസമ്പന്നരായി, ഡോക്ടറായികൊണ്ടിരിക്കുന്ന വാഖ്ഫീനെ നൗ കുട്ടികൾ മുന്നോട്ടു വരേണ്ടതാണ്. ഏതു രാജ്യങ്ങളിൽ പോകാനാണോ എളുപ്പമുള്ളത് അവിടെ പോകേണ്ടതാണ്. ഇപ്രകാരം തന്നെ സ്കൂളുകളിൽ ടീച്ചേഴ്സിനെ ആവശ്യമുണ്ട്. ഡോക്ടർമാർക്കും ടീച്ചേഴ്സിനുമായി പെൺകുട്ടികളേയും ആൺകുട്ടികളേയും പ്രയോജനപ്പെടുത്താവുന്നതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുക. മസ്ജിദുകളുടേയും മിഷൻഹൗസുകളുടേയും സ്കൂളുകളുടേയും ആശുപത്രി തുടങ്ങിയവയുടേയും നിർമാണ പ്രവർത്തനങ്ങളുടെ ശരിയായ മേൽനോട്ടം വഹിച്ചും പ്ലാനിംഗ് ചെയ്തും ജമാഅത്തിന്റെ ധനം രക്ഷിക്കുന്നതിനും കുറഞ്ഞ ചെലവിൽ കൂടുതൽ നല്ല സൗകര്യങ്ങൾ ചെയ്യാനും നിർമാണപ്രവൃത്തികളിൽ വിദഗ്ദ്ധരായ കുറച്ചു ആർക്കിടെക്റ്റുകളേയും എഞ്ചിനിയർമാരേയും വേണം. മെഡിക്കൽ സ്റ്റാഫും വേണം. അതിലും വരേണ്ടതുണ്ട്. ഇത് ചില പ്രധാന വകുപ്പുകളാണ്. ഇവരെ ജമാഅത്തിന് ഇപ്പോൾ ആവശ്യമുണ്ട്.

**ചോദ്യം:** തർബിയ്യത്തിന് മാതാപിതാക്കൾ എന്താണ് ചെയ്യേണ്ടത്?

**ഉത്തരം:** നിങ്ങൾ എത്രകണ്ട് ഉപദേശത്തിലൂടെ ശിക്ഷണം നല്കിയാലും നിങ്ങളുടെ വാക്കും പ്രവൃത്തിയും അതനുസരിച്ച് ആക്കാത്തിടത്തോളം അതിന് സ്വാധീനമുണ്ടാകുകയില്ലെന്ന് മാതാപിതാക്കളോടും ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. മാതാപിതാക്കൾ തങ്ങളുടെ നമസ്കാരങ്ങളുടെ അവസ്ഥകളെ മാതൃകായോഗ്യമാക്കേണ്ടിവരും. വിശുദ്ധഖുർആൻ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും തങ്ങളുടെ മാതൃക സ്ഥാപിക്കേണ്ടിവരും. ഉത്കൃഷ്ട സ്വഭാവങ്ങൾക്ക് മാതൃകയാകേണ്ടിവരും. മതപരമായ അറിവ് കരസ്ഥമാക്കുന്നതിന് സ്വയവും ശ്രദ്ധിക്കേണ്ടിവരും. കളവിനോടുള്ള വെറുപ്പിന്റെ ഉന്നത

ശേഷം പേജ് 12ൽ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 26 January 2017 Issue-4

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

## ഈ ദിനങ്ങളിൽ ഓർക്കുക, നമ്മുടെ ജോലി എപ്പോഴും ദുആകൾകൊണ്ടാണ് നടക്കുന്നത്. അതിനാൽ നിങ്ങൾ ഡ്യൂട്ടി നല്കുന്ന സ്ഥലങ്ങളിൽ ദുആകളിലും പ്രത്യേകം ശക്തി ചെലുത്തേണ്ടതാണ്. ഓരോ പ്രവർത്തകനും ജൽസയുടെ ജോലി ഇബാദത്തുകൾക്ക് പകരമല്ലെന്ന കാര്യവും ഓർക്കേണ്ടതാണ്. ഡ്യൂട്ടിക്കിടയിൽ മസ്ജിദിലോ ജൽസാഗാഹിലോ പോയി നമസ്കരിക്കാൻ കഴിയുന്നില്ലഎങ്കിൽ ഓരോ ഗ്രൂപ്പും തങ്ങളുടെ സ്ഥലങ്ങളിൽ പ്രത്യേകം ജമാഅത്തായി നമസ്കരിക്കേണ്ടതാണ്. ഇത് നിയന്ത്രിക്കേണ്ടതാണ്.

**2016 ഒക്ടോബർ 6 ന് കനഡയിലെ ജൽസസാലാന അവസരത്തിൽ അമീറുൽ മുഅമിനീൻ പ്രവർത്തരോടു ചെയ്ത പ്രഭാഷണം.**

### (അവസാന ഭാഗം)

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇ പ്രകാരം തന്നെ ഭക്ഷണം കഴിക്കുന്ന നേരത്ത് ഓരോരുത്തർക്കും അവരുടേതായ രീതികളുണ്ടായിരിക്കും. അവർ ഭക്ഷണം കഴിക്കുമ്പോൾ വലിയ ഹാവഭാവങ്ങളും കാണിക്കാറുണ്ട്. പക്ഷേ, ഭക്ഷണവിതരണ സ്ഥലത്ത് ഡ്യൂട്ടി നല്കുന്നവർ മാതാവ് തന്റെ മക്കൾക്ക് ഭക്ഷണം നല്കുമ്പോൾ ക്ഷമിക്കുന്നതുപോലെ അവരുടെ ഹാവഭാവങ്ങൾ സഹിക്കേണ്ടതാണ്. ഒരു തരത്തിലുള്ള മര്യാദകേടും കാണിക്കരുത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇ പ്രകാരംതന്നെയാണ് ശുചിത്വവും. ശുചിത്വം സുപ്രധാനമായ കാര്യമാണ്. ജൽസാ ഗാഹിലെ പ്രവർത്തകർക്ക് അവരുടേതായ ഒരു വ്യവസ്ഥിതിയുണ്ട്. ഹെൽത്ത് സെനിട്ടേഷൻ കാർക്ക് അവരുടേതായ ഒരു വ്യവസ്ഥിതിയുണ്ട്. ഓരോ വ്യവസ്ഥിതിക്കും അവരുടേതായ ഒരു വ്യവസ്ഥിതിയുണ്ട്. ഒരു ജോലിയും നിസാരമായി കാണരുത്. എന്നല്ല തങ്ങളുടെ ഉത്തരവാദിത്വം പൂർണമായും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. സന്തോഷത്തോടെ നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

മറ്റൊരു കാര്യം എല്ലാ പ്രവർത്തകരും ശ്രദ്ധിക്കാനുള്ളത് സെക്യൂരിട്ടിയുടെ ചുമതല വെറും സെക്യൂരിട്ടിയുടേതല്ലെന്നതാണ്. അങ്ങനെയാണ് അവസ്ഥ. അതുകൊണ്ട് എല്ലാ പ്രവർത്തകരും അവർ ഡ്യൂട്ടി നല്കുന്ന തങ്ങളുടെ സ്ഥലങ്ങളിൽ വളരെ ശ്രദ്ധയോടെ, വളരെ വിജിലന്റായിക്കൊണ്ട് തങ്ങളുടെ ഇടവും വലവും ദൃഷ്ടിപ്പതിപ്പിക്കേണ്ടതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: എല്ലാത്തിനെക്കാളുമുപരി നമ്മൾ ഓർക്കേണ്ടത് നമ്മുടെ ജോലി എപ്പോഴും ദുആകൾകൊണ്ടാണ് നടക്കുന്നത്. അതിനാൽ നിങ്ങൾ ഡ്യൂട്ടി നല്കുന്ന സ്ഥലങ്ങളിൽ ദുആകളിലും പ്രത്യേകം ശക്തി ചെലുത്തേണ്ടതാണ്. ഓരോ പ്രവർത്തകനും ജൽസയുടെ ജോലി ഇബാദത്തുകൾക്ക് പകരമല്ലെന്ന കാര്യവും ഓർക്കേണ്ടതാണ്. നമസ്കാരത്തിന്റെ കല്പന, നമസ്കാരം ജമാഅത്തോടുകൂടി നമസ്കരിക്കുക എന്ന കല്പന പാലിക്കേണ്ടത് നിർബന്ധമാണ്. ഡ്യൂട്ടിക്കിടയിൽ മസ്ജിദിലോ ജൽസാഗാഹിലോ പോയി നമസ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ ഓരോ ഗ്രൂപ്പും തങ്ങളുടെ സ്ഥലങ്ങളിൽ ജമാഅത്തായി നമസ്കരിക്കേണ്ടതാണ്. ഇത് നിയന്ത്രിക്കേണ്ടതാണ്. ഓഫീസർമാരും സെക്രട്ടറിമാരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.

ഈ ജൽസ എല്ലാവിധത്തിലും അനുഗൃഹീതമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്ക് നല്ല നിലയിൽ സേവനം ചെയ്യാൻ അല്ലാഹു തൗഫീഖും നല്കുമാറാകട്ടെ. ദുആ ചെയ്യുക. അതിനുശേഷം അമീറുൽമുഅ്മിനീൻ ദുആ ചെയ്യിച്ചു.

ദുആയ്ക്കുശേഷം ബാങ്കു കൊടുത്തു. നമസ്കാരത്തിന് അല്പ സമയം ബാക്കിയുണ്ടായിരുന്നു. അമീറുൽമുഅ്മിനീൻ അവിടെത്തന്നെ ഇരുന്നു. ആ നേരത്ത് വിവിധ സെക്രട്ടറിമാരോടു അവരുടെ വകുപ്പിന്റെ പ്രവർത്തനത്തെ കുറിച്ച് അന്വേഷിച്ചു.

താമസത്തിനുള്ള ഏർപാടു ചെയ്യുന്ന വകുപ്പ് സെക്രട്ടറിയോടു അമീറുൽമുഅ്മിനീൻ ചോദിച്ചു: 'അതിഥികൾക്കുവേണ്ടി എവിടെയൊക്കെയാണ് ഏർപാട് ചെയിതിട്ടുള്ളത്? സെക്രട്ടറി സാഹിബ് പറഞ്ഞു:മദ്രസത്തുൽ ഹിഫ്ളിലും, ആയിശ അക്കാഡമിയിലും ഗസ്റ്റു ഹൗസുകളിലും ജാമിആയിലെ ഹോസ്റ്റൽ ബിൽഡിംഗിലുമാണ്. ഇപ്രകാരംതന്നെ പീസ് വില്ലേജിലെ വിവിധ വീടുകളിലും ഏർപാട് ചെയ്തിട്ടുണ്ട്. ആളുകൾ തങ്ങളുടെ വീടിന്റെ ഭാഗങ്ങൾ അതിഥികൾക്കായി നല്കിയിരിക്കുന്നു. ഇപ്പോൾ അമേരിക്കയിൽനിന്നു മാത്രം ഏകദേശം 1500 അതിഥികൾ വന്നു കഴിഞ്ഞിട്ടുണ്ട്. അപ്പോൾ അമീറുൽമുഅ്മിനീൻ ചോദിച്ചു: എല്ലാ അതിഥികളും കൃത്യമായി രജിസ്റ്റർ ചെയ്യാറുണ്ടോ? സെക്രട്ടറി സാഹിബ് പറഞ്ഞു:'എല്ലാ അതിഥികളേയും രജിസ്റ്റർ ചെയ്യുന്നുണ്ട്. അമീറുൽമുഅ്മിനീൻ പറഞ്ഞു: അമേരിക്കയിൽനിന്ന് വരുന്നവരുടെ എയിംസ് കാർഡ്സ് അവർക്ക് ഉപയോഗിക്കാവുന്നതാണ്; ഇപ്രകാരംതന്നെ മറ്റു രാജ്യങ്ങളിൽനിന്നു വരുന്നവർക്കും.

അതിഥി സൽക്കാര വകുപ്പിന്റെ സെക്രട്ടറി അമീറുൽമുഅ്മിനീൻ ചോദിച്ചപ്പോൾ പറഞ്ഞു: അതിഥികൾ താമസിക്കുന്ന സ്ഥലത്തുതന്നെ അവരുടെ ഭക്ഷണത്തിനുള്ള ഏർപാടും ചെയ്തിട്ടുണ്ട്.

അമീറുൽമുഅ്മിനീൻ ജലസാഗാഹിലെ ഏർപാടാളുകളെക്കുറിച്ച് അഫ്സർ ജൽസ ഗാഹിനോടു പുരുഷന്മാരുടെ ജൽസാ ഗാഹിലും സ്ത്രീകളുടെ ജൽസാഗാഹിലും ശൗചാലയങ്ങൾക്കുള്ള എന്ത് ഏർപാടാണ് ചെയ്തിട്ടുള്ളതെന്ന് ചോദിക്കുകയുണ്ടായി.

അഫ്സർ ജൽസാഗാഹ് പറഞ്ഞു: രണ്ടു ഹാളിനോടും ചേർന്ന് വിവിധ സ്ഥലങ്ങളിൽ ശൗചാലയങ്ങളുണ്ട്. എൺപതോളം ശൗചാലയങ്ങൾ പുരുഷന്മാരുടെ ഭാഗത്തും അത്രയുംതന്നെ സ്ത്രീകളുടെ ഭാഗത്തുമുണ്ട്. ശുചിത്വത്തിനുവേണ്ടി കൃത്യമായി ടീമുകൾ പ്രവർത്തിച്ചുവരുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ശുചിത്വത്തിന്റെ നല്ല സംവിധാനമുണ്ടായിരിക്കേണ്ടതാണ്. ഇത് ഒപ്പത്തിനൊപ്പം നടക്കേണ്ടതാണ്. അതിനുശേഷം അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇവിടെയുള്ള ജാമിഅ വിദ്യാർഥികൾ എഴുന്നേറ്റു നില്ക്കുക. അമീറുൽമുഅ്മിനീൻ പറഞ്ഞു: നിങ്ങൾക്ക് രണ്ടു മൂന്നു രാത്രികൾ ഉറക്കമിളച്ച് പരിചയമുണ്ടോ? ഇത് നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. രാപകൽ ജോലി ചെയ്യേണ്ടി വന്നാൽ അതിന് പരിചയമുണ്ടാകണം.

അമീറുൽമുഅ്മിനീൻ എല്ലാ വിദ്യാർഥികളോടും ഓരോരുത്തരോടായി അവരുടെ ക്ലാസുകളും ജൽസയുടെ അവസരത്തിലുള്ള അവരുടെ ഡ്യൂട്ടികളേയും സംബന്ധിച്ച് ചോദിക്കുകയുണ്ടായി.

തങ്ങളുടെ ഡ്യൂട്ടി അഫ്സർ ജൽസസാലാനയുടെ ഓഫീസിലാണെന്ന് പറഞ്ഞപ്പോൾ അമീറുൽമുഅ്മിനീൻ പറഞ്ഞു, ഇത്രയധികം കുട്ടികളുടെ ഡ്യൂട്ടികൾ അവിടെ നല്കിയിട്ടുണ്ടോ? ജാമിഅയിലുള്ള കുട്ടികൾക്ക് കഠിന ജോലികൾ ആവശ്യമുള്ള സ്ഥലങ്ങളിലാണ് ഡ്യൂട്ടി നല്കേണ്ടത്. അപ്പോൾ അഫ്സർ ജൽസസാലാന പറഞ്ഞു: 'ഇനി അവരെ വിവിധ സ്ഥലങ്ങളിൽ പ്രയോജനപ്പെടുത്തുന്നതാണ്. ചിലർ ലങ്കർ ഖാനയിലും ജോലി ചെയ്യുന്നതായിരിക്കും.

അതിനുശേഷം 8 മണിക്ക് അമീറുൽ മുഅ്മിനീൻ മഗ്രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിച്ചു. നമസ്കാരത്തിനുശേഷം അമീറുൽമുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

---

### പേജ് 11ൽ നിന്ന്

മായ മാതൃക സ്ഥാപിക്കേണ്ടിവരും. ചില ഭാരവാഹികളിൽനിന്ന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ വീടുകളിലും മറ്റും ഖിലാഫത്ത് വ്യവസ്ഥിതിക്കെതിരേയോ ഭാരവാഹികൾക്കെതിരേയോ സംസാരിക്കുന്നതിൽനിന്ന് മാറിനില്ക്കേണ്ടിവരും. എം.ടി.എയിൽ കുറഞ്ഞ പക്ഷം എന്റെ ഖുത്ബകൾ മുടങ്ങാതെ കേൾക്കേണ്ടതാണ്. ഇത് വെറും വാഖ്ഫീനെ നൗ കുട്ടികളുടെ മാതാപിതാക്കൾക്കു മാത്രമല്ല നിർബന്ധം. മറിച്ച് തങ്ങളുടെ മക്കൾ ജമാഅത്തു വ്യവസ്ഥിതിയുമായ ബന്ധപ്പെട്ടിരിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ തങ്ങളുടെ വീടിനെ അഹ്മദീ വീടാക്കേണ്ടതാണ്. ലൗകികരുടെ വീടാക്കരുത്.

**ചോദ്യം:** വാഖ്ഫീനെ നൗഇനുവേണ്ടി അമീറുൽ മുഅ്മിനീൻ ഏതെല്ലാം ദുആകളാണ് ചെയ്തത്?

**ഉത്തരം:** വഖ്ഫെ നൗ കുട്ടികൾ മാത്രം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരും തഖ്വയിലൂടെ നടക്കുന്നവരുമാകാതെ അവരുടെ സ്നേഹിതരുടെ കർമവും അവരെ എല്ലാതരം ദുഷ്പേരിൽനിന്ന് രക്ഷിക്കുന്നതാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് പറയുകയും നമ്മെ ഉപദേശിക്കുകയും ചെയ്ത ആ യാഥാർഥ അഹ്മദിയാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

**ചോദ്യം**: അനുസരണത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണ് പറഞ്ഞത്?

**ഉത്തരം:** "മനുഷ്യൻ ഒന്നുരണ്ട് ജോലി ചെയ്തിട്ട് താൻ അല്ലാഹുവിനെ തൃപ്തനാക്കി എന്നു കരുതുന്നു. വാസ്തവത്തിൽ അതു നടക്കുകയില്ല. അനുസരണം ഒരു വലിയ പ്രയാസമുള്ള കാര്യമാണ്. പൂർണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പേരുണ്ടാക്കുന്നവനാണ്. സ്വർഗത്തിന് ധാരാളം കവാടങ്ങളുള്ളതുപോലെ കല്പന ഒന്നു മാത്രമല്ല മറിച്ച് ധാരാളം കല്പനകളുണ്ട്. ചിലർ ചിലതിലൂടെ കടക്കും ചിലർ വേറെ ചിലതിലൂടെ കടക്കും. നരകത്തിനും ധാരാളം കവാടങ്ങളുണ്ട്. നിങ്ങൾ നരകത്തിന്റെ ഒരു കവാടം അടച്ചുവെക്കുമ്പോൾ മറ്റൊന്ന് തുറന്നു വെക്കുന്നവരാകരുത്.' (മൽഫൂദാത്ത് വാള്യം 4 പേജ് 73–74 1985 ലണ്ടൻ പതിപ്പ്)

---

## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബ്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

മാനേജർ ബദ്ർ വീക്കിലി

ഫോൺ: 094170 - 20616

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin